



# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 | 2023 JUNE-JULY | Issue 6-7

മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് – 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com

**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ

**മുഖപ്രസംഗം** ആളെക്കൊല്ലികളാകുന്ന സഹകരണബാങ്കുകൾ 4

തുടർഭരണം ജീവനക്കാരെ ദ്രോഹിക്കാനുള്ള ലൈസൻസോ? ........6
എ.പ്രകാശ്

സാമ്പത്തികവളർച്ചയും തൊഴിലാളി ക്ഷേമവും ........11
പി.ആർ.ശിവശങ്കരൻ

തൊഴിലാളിക്ഷേമം ജീവിതവ്രതമാക്കിയ പ്രചാരകൻ........15
ഇ.ദിവാകരൻ

എൽ 20 പ്രാരംഭ യോഗം........21
പ്രത്യേകലേഖകൻ

തീവണ്ടി അപകടം ഉയർത്തുന്ന ചോദ്യങ്ങൾ........23
ടി.എം.നാരായണൻ

ആഗസ്റ്റ് 28 അമൃതാ ദേവി ബലിദാനം........28
സിബിവർഗ്ഗീസ്

വനമില്ലെങ്കിൽ നാമില്ല........29
ബിജു ബി.നായർ

ഭീകരതയുടെ മൂടുപടം മാറ്റിയ കാശ്മീർ........31
കെ.വി.രാജേന്ദ്രൻ

സ്ഥാപനദിനാഘോഷം രാഷ്ട്ര നന്മയ്ക്ക് ........38

വാർത്തകൾ........35

നിരീക്ഷണങ്ങൾ വിശകലനങ്ങൾ കല്ലറ അജയൻ — മഹാത്മാഗാന്ധി എന്ന പ്രഹേളിക 18

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 ജൂൺ - ജൂലായ് ലക്കം 6-7

# ആളെക്കൊല്ലികളാകുന്ന സഹകരണബാങ്കുകൾ

**കേ**രളത്തിലെ ജനങ്ങളെയാകെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു തൃശ്ശൂർ ജില്ലയിലെ കരുവന്നൂർ സഹകരണബാങ്കിലെ തട്ടിപ്പ്. പ്രധാനമായും വായ്പാ തട്ടിപ്പാണ് അവിടെ നടന്നത്. കൂടാതെ ചിട്ടിനടത്തിപ്പിൽ കൃത്രിമം, സൂപ്പർ മാർക്കറ്റിലെ പർച്ചേഴ്സിൽ നടത്തിയ അഴിമതി എന്നിവയടക്കം 400 കോടിരൂപയാണ് ബാങ്കിന് നഷ്ടപ്പെട്ടത്. 2014 മുതൽ 2020 വരെയുള്ള തട്ടിപ്പുകളാണ് പുറത്തുവന്നത്. നിക്ഷേപകരുടെ 450 കോടിരൂപ തിരിച്ചുനല്കാൻ ബാങ്കിന് കഴിയാതെയുമായി. സ്ഥിരമായി സി.പി.എം. ഭരിക്കുന്ന ബാങ്കിലെ തട്ടിപ്പുകളെക്കുറിച്ച് അന്നത്തെ ബാങ്ക് സെക്രട്ടറിതന്നെ പാർട്ടിനേതൃത്വത്തെ അറിയിച്ചിരുന്നുവെങ്കിലും നടപടികളുണ്ടായില്ല. സഹകരണവകുപ്പിലെ ആഡിറ്റർമാർ ചൂണ്ടിക്കാണിച്ച വീഴ്ചകളിൽ മേലുദ്യോഗസ്ഥന്മാരോ സർക്കാരോ ഒന്നുംതന്നെ ചെയ്തില്ല. ചെറിയ ഒരു വായ്പയ്ക്കായി ഭൂമിയുടെയും മറ്റും രേഖകൾ ബാങ്കിൽ സമർപ്പിക്കുന്നവരുടെ പേരിൽ അവരറിയാതെ പലതവണ ലക്ഷക്കണക്കിനുരൂപ വായ്പ അനുവദിച്ചതായി റിക്കാർഡാക്കുകയും അത് വ്യാജ എക്കൗണ്ടുകളിലേക്ക് മാറ്റുകയും ചെയ്തുകൊണ്ടാണ് പ്രധാനമായി തട്ടിപ്പുകൾ നടത്തിയത്. വീടുവിറ്റുകിട്ടിയ സമ്പാദ്യം മുഴുവൻ ബാങ്കിൽ നിക്ഷേപിച്ച ഫിലോമിനയ്ക്ക് ചികിത്സയ്ക്കാവശ്യമായ പണം ബാങ്കിൽനിന്നു തിരിച്ചുകിട്ടാത്തതിന്റെ ഫലമായാണ് മരണപ്പെട്ടത്. ഇതിനു പിന്നാലെ തൃശൂർ ജില്ലയിലെ മൂസ്പെറ്റ് സഹകരണബാങ്കിൽ 35 കോടിരൂപയുടെ തട്ടിപ്പാണ് പുറത്തുവന്നത്. ഭരണസമിതിയിൽ ഭൂരിപക്ഷവും സി.പി.എം. കാരായിരുന്നു. പത്തനംതിട്ട മൈലപ്ര ബാങ്കിൽ 33 കോടിരൂപയുടെ ക്രമക്കേടും കണ്ടെത്തി ചെറുതും വലുതുമായ പല ബാങ്കുകളിലും മറ്റു സഹകരണസംഘങ്ങളിലും തട്ടിപ്പുകളും ക്രമക്കേടുകളും നടക്കുന്നതായി റിപ്പോർട്ട് പുറത്തുവന്നു.

ഇപ്പോൾ വയനാട് ജില്ലയിലെ പുല്പള്ളി സഹകരണബാങ്കിലെ തട്ടിപ്പിനിരയായ രാജേന്ദ്രൻനായരുടെ ആത്മഹത്യ ഈ വിഷയം വീണ്ടും ചർച്ചയാകുന്നതിന് ഇടയാക്കി. 70,000 രൂപ വായ്പയെടുത്ത രാജേന്ദ്രൻനായരുടെ പേരിൽ 25 ലക്ഷം രൂപകൂടി വായ്പ എടുത്ത് പണം തട്ടിയെടുക്കപ്പെട്ടു. പലിശയടക്കം 46 ലക്ഷം രൂപ തിരിച്ചടക്കാനാവശ്യപ്പെട്ട് നോട്ടീസ് ലഭിച്ചതിനെത്തുടർന്നാണ് അദ്ദേഹം ആത്മഹത്യ ചെയ്തത്. വായ്പാ തട്ടിപ്പ് നടത്തിയവരിൽ ബാങ്ക് പ്രസിഡന്റായിരുന്ന കെ.പി.സി.സി. ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ളവരാണ് പ്രതികൾ. 2016-ൽ നടന്ന വായ്പാ തട്ടിപ്പുകളിൽ 2019-ൽ വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചെങ്കിലും 2023-ൽ മാത്രമാണ് കുറ്റപത്രം തയ്യാറാക്കുന്നത്. പ്രതിപക്ഷം പ്രതികളായിട്ടുള്ള കേസായിട്ടും എൽ.ഡി.എഫ്. സർക്കാർ സമയത്ത് കേസ്സെടുത്തിട്ടില്ല എന്നത് വിഷയത്തിൽ സർക്കാരിനുള്ള താല്പര്യക്കുറവാണ് കാണിക്കുന്നത്. ഏറ്റവും അവസാനമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ സഹകരണ ബാങ്കിലെ ത

ട്ടിപ്പും പുറത്തുവന്നിരിക്കുന്നു.

പ്രവാസ ജീവിതത്തിൽനിന്ന് മിച്ചം പിടിച്ച പണം, റിട്ടയർ ചെയ്ത സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, വീടു വെയ്ക്കാനോ മക്കളുടെ വിവാഹാവശ്യത്തിനോ വേണ്ടി ഭൂമി വിറ്റുകിട്ടിയ പണം എന്നിവയൊക്കെയാണ് ഉയർന്ന പലിശ ലഭിക്കുമെന്നതിനാൽ ആളുകൾ സഹകരണബാങ്കുകളിൽ നിക്ഷേപിക്കുന്നത്. ഇവരുടെയെല്ലാം സ്വപ്നങ്ങൾ തകർത്തെറിയപ്പെടുകയാണ് ബാങ്കുതകർച്ചകളുടെ ഫലമായി ഉണ്ടാകുന്നത്. മിക്കവാറും ബാങ്കുകളിലും പാർട്ടിയിൽ സീനിയറായ ഏതെങ്കിലും ജീവനക്കാരനോ ഡയറക്റ്ററോ ആണ് ആ ബാങ്കിന്റെ കാര്യങ്ങൾ തീരുമാനിക്കുന്നത്. അദ്ദേഹത്തിന്റെ തീരുമാനങ്ങൾക്ക് സമ്മതം മൂളുകയോ അവ നടപ്പാക്കി കൊടുക്കുകയോ ചെയ്യേണ്ടുന്ന ചുമതല മാത്രമേ മറ്റുള്ളവർക്ക് പാർട്ടി നല്കിയിട്ടുണ്ടാകു. ഈ സാഹചര്യം ഉപയോഗിച്ചാണ് തട്ടിപ്പുകൾ കൂടുതലും നടത്തുന്നത്. കൂടെനിന്നാൽ സാമ്പത്തിക നേട്ടം ലഭിക്കും. എതിർത്താൽ ബാങ്കിൽനിന്നും പാർട്ടിയിൽനിന്നും പുറത്താക്കപ്പെടുകയും ചെയ്യും എന്നതാണ് അവസ്ഥ.

കേരളത്തിലെ സഹകരണ ബാങ്കുകളെക്കുറിച്ച് ജനങ്ങൾക്ക് വലിയ വിശ്വാസമാണ് ഉണ്ടായിരുന്നത്. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥ സംവിധാനം, ആഡിറ്റിംഗ് എന്നിവയുണ്ട്. കാർഷിക വായ്പാ സംഘങ്ങളായി തുടങ്ങിയ സഹകരണസംഘങ്ങളാണ് അടുത്തകാലത്തായി പല ബ്രാഞ്ചുകളും എ.ടി.എമ്മുകളും മറ്റുമുള്ള വൻ ബാങ്കുകളായി മാറിയത്. ബാങ്കുകളുടെ കീഴിൽ സൂപ്പർ മാർക്കറ്റ്, മെഡിക്കൽ ഷോപ്പ്, ക്ലിനിക്കൽ ലാബ് തുടങ്ങിയ സ്ഥാപനങ്ങളും ആരംഭിക്കപ്പെട്ടു. ഇതെല്ലാം നിയന്ത്രിക്കാൻ തക്ക കഴിവോ,പരിശീലനമോ ഉള്ളവരല്ല അതിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർ. ഭരിക്കുന്ന പാർട്ടിയുമായുള്ള ബന്ധംകൊണ്ടാണ് കൂടുതൽപേരും ജോലിക്കാരായിത്തീരുന്നത്. അടുത്തകാലത്തായി സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയതിലൂടെയാണ് പുതുതായി ചിലരെങ്കിലും പുറത്തുനിന്ന് തിരഞ്ഞെടുക്കപ്പെടുന്നത്. സഹകരണനിയമം അനുസരിച്ച് സഹകരണ ബാങ്കുകളിൽ അംഗങ്ങൾക്ക് മാത്രമാണ് പണം നിക്ഷേപിക്കാൻ അവകാശമുള്ളത്. എന്നാൽ, ബാങ്കിന്റെ പരിധിക്ക് പുറത്തുനിന്നുള്ളവരിൽ നിന്നുപോലും ഇപ്പോൾ നിക്ഷേപങ്ങൾ വാങ്ങുന്നുണ്ട്. അവർക്ക് വായ്പകളും അനുവദിക്കുന്നുണ്ട്. ബാങ്കുകളിലെ നീക്കിയിരിപ്പ് സംഖ്യ ജില്ലാ ബാങ്കിൽ (ഇപ്പോൾ കേരളബാങ്കിൽ) മാത്രമേ നിക്ഷേപിക്കാൻ അധികാരമുള്ളൂ. എന്നാൽ ഇന്ന് എല്ലാ സഹകരണബാങ്കിനും കമേഴ്സ്യൽ ബാങ്കിൽ എക്കൗണ്ട് ഉണ്ട്. അതുപയോഗിച്ച് നിക്ഷേപകർക്ക് മറ്റേതു ബാങ്കിലേക്കും പണം അയക്കാനും സൗകര്യമുണ്ട്. കേരളത്തിൽ ചിട്ടികൾ നടത്താൻ ഫിനാൻഷ്യൽ എന്റർപ്രൈസസ്സിന് മാത്രമാണ് നിയമപരമായി അവകാശമുള്ളത്. എന്നാൽ എല്ലാ സഹകരണബാങ്കുകളും പലതരം ചിട്ടികൾ നടത്തിവരുന്നുണ്ട്. റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലല്ലാതെ ധനകാര്യ സ്ഥാപനങ്ങൾ ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ പാടില്ലെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം കേരളം അംഗീകരിച്ചിട്ടില്ല. സഹകരണനിയമത്തിലും സഹകരണസംഘം (സൊസൈറ്റികൾ) എന്ന പദമാണ് ഉപയോഗിക്കുന്നത്.

സഹകരണബാങ്കുകൾ ആദായനികുതി നല്കുകയും നിക്ഷേപകരുടെ പലിശയ്ക്ക് ആദായനികുതി പിടിച്ചു നല്കുകയും ചെയ്യണമെന്ന ആദായനികുതി വകുപ്പിന്റെ നിർദ്ദേശവും കേരളത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കള്ളപ്പണം നിക്ഷേപിക്കാനുള്ള സ്ഥലംകൂടിയായിട്ടാണ് പലരും സഹകരണബാങ്കുകളെ ഉപയോഗിക്കുന്നത്. കരുവന്നൂരിലും തുടർന്ന് കേരളത്തിൽ പലയിടത്തുമായി കണ്ട തട്ടിപ്പുകൾ തടയാൻ ഫലപ്രദമായി സർക്കാർ ഒന്നും ചെയ്തിട്ടില്ല എന്നാണ് പുല്പള്ളിയും മുട്ടത്തറയും നമുക്ക് നല്കുന്ന പാഠം. ഈ സാഹചര്യങ്ങളിലും കേന്ദ്രം സഹകരണരംഗത്ത് നിയന്ത്രണം കൊണ്ടുവരുന്നതിനെ എതിർക്കുകയാണ് ഇടത് സർക്കാർ ചെയ്യുന്നത്. ഈ മനോഭാവത്തിൽ മാറ്റം വരേണ്ടിയിരിക്കുന്നു. സഹകരണ ബാങ്കുകളുടെ പേരിൽ ജനങ്ങളെ വഞ്ചിക്കുകയോ കൊള്ളയടിക്കുകയോ ചെയ്യുന്ന സാഹചര്യം അവസാനിപ്പിക്കാൻ ഇനിയെങ്കിലും സർക്കാർ തയ്യാറായേ മതിയാകൂ. ■

# തുടർഭരണം ജീവനക്കാരെ ദ്രോഹിക്കാനുള്ള ലൈസൻസോ?



**ജീവനക്കാരുടെ ശമ്പളം പിടിച്ചെടുക്കുന്നതിന് മാത്രമായി പ്രത്യേക ഓർഡിനൻസ് ഇറക്കിയ, രാജ്യത്തെ ആദ്യ സർക്കാർ എന്ന ദുഷ്പേരും തൊഴിലാളി വർഗ്ഗ പാർട്ടി ഭരിക്കുന്ന കേരളത്തിലാണെന്നുള്ളതാണ് വിചിത്രം.**

**എ. പ്രകാശ്**
**(ജനറൽ സെക്രട്ടറി കേരള എൻ.ജി.ഒ. സംഘ്)**

**ക**ഴിഞ്ഞ ഏഴ് വർഷങ്ങൾക്കു മുൻപ് എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന പിണറായി സർക്കാരിന് ലഭിച്ച തുടർഭരണം, സംസ്ഥാനത്തെ ജീവനക്കാരെ ദ്രോഹിക്കുന്നതിനുള്ള ലൈസൻ സായി മാറിയിരിക്കുകയാണ്. ദശാബ്ദങ്ങളായി ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും ഒന്നൊന്നായി ഇല്ലാതാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ജീവനക്കാരുടെ ശമ്പളംപോലും സർക്കാരിന്റെ ഔദാര്യം എന്ന അവസ്ഥയിലെത്തിച്ചുകൊണ്ട് മറ്റൊരു കെ.എസ്.ആർ.ടി.സി. ആയി സംസ്ഥാന ജീവനക്കാരെ കൊണ്ടുചെന്നെത്തിക്കുന്ന അവസ്ഥയിൽ പോലും, അതിനെതിരെ ഒരു ചെറുവിരൽ അനക്കാതെ സർക്കാരിന്റെ എല്ലാ ദ്രോഹ നടപടികൾക്കും കൂട്ടുനിൽക്കുന്ന ഭരണാനുകൂല സംഘടനകൾ, അവർ ജീവനക്കാരോട് കാണിക്കുന്നത് കടുത്ത വഞ്ചനയാണ്. ഇക്കാര്യത്തിൽ ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്. രണ്ടാം പിണറായി സർക്കാർ രണ്ട് വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ ജീവനക്കാർക്ക് നേരിടേണ്ടി വന്ന ദുരിതങ്ങൾ അനവധിയാണ്.

**ദുരന്തങ്ങളുടെ മറവിൽ സാലറി കൊള്ള**

സംസ്ഥാനത്ത് ഏത് ദുരന്തം ഉണ്ടായാലും അതിന്റെ പാപഭാരം പേറേണ്ടി വരുന്നത് സംസ്ഥാനത്തെ ജീവനക്കാരാണ്. 2018-ൽ പ്രളയത്തിന്റെ മറവിൽ സാലറി ചലഞ്ച് എന്ന ഉടായിപ്പിലൂടെ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം പിടിച്ചെടുത്തു. അതിനെതിരെ സുപ്രീം കോടതിവരെ നിയമ പോരാട്ടം നടത്തി, ശമ്പളം ജീവനക്കാരുടെ അവകാശമാണെന്നും സമ്മതമില്ലാതെ അത് പിടിച്ചെടുക്കുവാൻ ആർക്കും അധികാരമില്ല. എന്നുമുള്ള ചരിത്രവിധി നേടിയെടുത്തത് കേരള എൻ. ജി. ഒ. സംഘാണെന്നുള്ള കാര്യം സ്മരണീയമാണ്.

ജീവനക്കാരുടെ ശമ്പളം പിടിച്ചെടുക്കുന്നതിന് മാത്രമായി പ്രത്യേക ഓർഡിനൻസ് ഇറക്കിയ, രാജ്യത്തെ ആദ്യ സർക്കാർ എന്ന ദുഷ്പേരും തൊഴിലാളി വർഗ്ഗ പാർട്ടി ഭരിക്കുന്ന കേരളത്തിലാണെന്നുള്ളതാണ് വിചിത്രം. എൻ.ജി.ഒ. സംഘ് സുപ്രീം കോടതിയിൽനിന്നും നേടിയ വിധിയുടെ അടിസ്ഥാനത്തിൽ ശമ്പളം പിടിച്ചെടുക്കുവാൻ കഴിയില്ലായെന്ന് വന്നതോടെ, കോവിഡിന്റെ മറവിൽ സാലറി ഡെഫർമെന്റ് വഴി ഒരു മാസത്തെ ശമ്പളം തടഞ്ഞുവെയ്ക്കുന്നതിനുള്ള ഉത്തരവാണ് അടുത്തതായി കൊണ്ടുവന്നത്. പിടിച്ചെടുക്കുന്ന ശമ്പളം എന്ന് തിരികെ നൽകുമെന്ന് പോലും വ്യക്തമാക്കാതെ ഇറക്കിയ ഈ ഉത്തരവിനെതിരെ കേരള എൻ.ജി.ഒ. സംഘ് ഹൈക്കോടതിയിൽ നൽകിയ കേസിന്റെ ഭാഗമാ




യാണ് പ്രസ്തുത ശമ്പളം തിരികെ നൽകുമെന്ന് പറഞ്ഞ് സർക്കാരിന് രണ്ടാമത് ഉത്തരവിറക്കേണ്ടി വന്നത്. ഇത്തരത്തിൽ സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങളെയൊക്കെ ജീവനക്കാരെ കൊള്ളയടിക്കാനുള്ള അവസരങ്ങളായാണ് ഇടതു സർക്കാർ ഉപയോഗിച്ചത്.

**പങ്കാളിത്ത പെൻഷൻകാരെയും വഞ്ചിച്ചു**

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഇടതു സർക്കാർ ഭരണ കാലാവധി അവസാനിച്ച് തുടർ ഭരണം ലഭിച്ചിട്ടും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാതെ ഒളിച്ചു കളി തുടരുകയാണ്. 2013-ൽ പങ്കാളിത്ത പെൻഷൻ പിൻവലിക്കണമെന്ന് പറഞ്ഞ് എൻജിഒ സംഘിനോടൊപ്പം ഉമ്മൻചാണ്ടി സർക്കാരിനെതിരെ സമരം നടത്തിയ എൻജിഒ യൂണിയൻ, ഭരണം മാറി പിണറായി വിജയൻ അധികാരത്തിൽ വന്നപ്പോൾ, കേന്ദ്രസർക്കാരാണ് എൻ.പി.എസ്. പിൻവലിക്കേണ്ടത്

**സംസ്ഥാനത്ത് ഏത് ദുരന്തം ഉണ്ടായാലും അതിന്റെ പാപ ഭാരം പേറേണ്ടി വരുന്നത് സംസ്ഥാനത്തെ ജീവനക്കാരാണ്. 2018 – ൽ പ്രളയത്തിന്റെ മറവിൽ സാലറി ചലഞ്ച് എന്ന ഉടായിപ്പിലൂടെ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം പിടിച്ചെടുത്തു.**

എന്നുള്ള വിചിത്രമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

2004 ജനുവരി മാസം മുതൽ കേന്ദ്ര സർക്കാർ ജീവനക്കാർക്ക്, കേവലം ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി മുന്നോട്ടുകൊണ്ടുപോകുവാൻ, അന്നത്തെ യു.പി.എ. സർക്കാരിനെ സഹായിച്ചത് ഇടതുപക്ഷ പാർട്ടികളാണ്. ഇടതുപക്ഷത്തെ 62 എം.പി. മാരുടെ നിർണ്ണായക പിന്തുണയിൽ ഭരണം നടത്തിയ മൻമോഹൻ സിങ് സർക്കാരിനെക്കൊണ്ട് വേണമെങ്കിൽ ആ ഉത്തരവ് പിൻവലിപ്പിക്കാമായിരുന്നു. എന്നാൽ അതിന് ശ്രമിക്കാതെ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഒന്നാം യു.പി.എ. സർക്കാരിനെ പിന്തുണച്ച ഇടതുപക്ഷക്കാരാണ് ഇപ്പോൾ നരേന്ദ്രമോദി എൻ.പി.എസ്. പിൻവലിക്കണമെന്ന് പറഞ്ഞ് മുതലക്കണ്ണീർ ഒഴുക്കുന്നത്.

**തൊഴിലാളി വഞ്ചനയുടെ തുടർച്ച**

പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന് എതിരെ ഘോരഘോരം പ്രസംഗിക്കുന്ന ഇടതുപക്ഷം നേതൃത്വം കൊടുക്കുന്ന കേരളത്തിലെ സർക്കാരാണ് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിന്നിരുന്ന കണ്ണൂർ സർവകലാശാല, ഗുരുവായൂർ ദേവസ്വം ബോർഡ്, കള്ള് - ചെത്ത്

തൊഴിലാളി ക്ഷേമനിധി ബോർഡ്, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, മലിനീകരണ നിയന്ത്രണബോർഡ്, തിരുവിതാം കൂർ ദേവസ്വം ബോർഡ് തുടങ്ങി ഏഴ് സ്ഥാപനങ്ങളിൽ പുതുതായി പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി ജീവനക്കാരെ വഞ്ചിച്ചത്. എന്നു മാത്രമല്ല 2013-ൽ ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷന് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി 2020 മേയ് 13-ന് ഗസറ്റ് വിജ്ഞാപനം ഇറക്കുകയും ചെയ്തു.

പങ്കാളിത്ത പെൻഷനെതിരെ എൻ.ജി.ഒ. സംഘ് നടത്തിയ നിരന്തരമായ സമരത്തെ തുടർന്ന് 2018 നവംബർ മാസത്തിൽ ഒരു പുനഃപരിശോധന കമ്മിറ്റിയെ നിയമിച്ചുവെങ്കിലും കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി പൊതു ഖജനാവിൽ നിന്നും 96 ലക്ഷം രൂപയാണ് ചെലവഴിച്ചത്. പങ്കാളിത്ത പെൻഷൻ ബാധകമായ കേന്ദ്ര ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം 10 ശതമാനത്തിൽ നിന്നും 14 ശതമാനമായി വർധിപ്പിക്കുകയും അവർക്ക് 20 ലക്ഷം രൂപവരെ ഗ്രാറ്റുവിറ്റി അനുവദിക്കുകയും ചെയ്ത നരേന്ദ്രമോദി സർക്കാരിന്റെ തീരുമാനം പോലും നടപ്പിലാക്കുവാൻ സംസ്ഥാനം തയ്യാറായിട്ടില്ല.

**ശമ്പള പരിഷ്കരണം: മറ്റൊരു വഞ്ചന**

ജീവനക്കാർ വലിയ പ്രതീക്ഷയോടുകൂടി കാത്തിരുന്ന 11-ാം ശമ്പള പരിഷ്കരണത്തിലൂടെ കാലങ്ങളായി ലഭിച്ചുകൊണ്ടിരുന്ന സർവീസ് വെയിറ്റേജ് പൂർണ്ണമായും ഒഴിവാക്കുകയും ഫിറ്റ്മെന്റ് ബെനിഫിറ്റ് 12 ശതമാനത്തിൽനിന്നും 10 ശതമാനമായി വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഇതിലൂടെ മാത്രം ജീവനക്കാർക്ക് ശമ്പളത്തിൽ 17 ശതമാനത്തിന്റെ നഷ്ടമാണ് സംഭവിച്ചത്. വാർഷിക ഇൻക്രിമെന്റ് പല സ്റ്റേജുകളിലും മുൻവർഷത്തെ അപേക്ഷിച്ച് താഴ്ന്ന നിരക്കാണ് നിശ്ചയിച്ചത്. കാലങ്ങളായുള്ള 5 വർഷ തത്ത്വം അട്ടിമറിക്കുന്നതുൾപ്പെടെയുള്ള തികച്ചും പ്രതിലോമകരമായ തീരുമാനങ്ങളാണ് ജീവനക്കാരുടെ മേൽ സർക്കാർ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ജീവനക്കാർക്ക് അർഹമായ രണ്ട് വർഷത്തെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ച് അത് ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായുള്ള വർധനവായി തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലാണ് 11-ാം ശമ്പളപരിഷ്കരണം സർക്കാർ നടപ്പിലാക്കിയത്. കാലങ്ങളായി നിലവിലുണ്ടായിരുന്ന നിരവധി ആനുകൂല്യങ്ങൾ ഇല്ലാതാക്കി കേവലം 10 ശതമാനം വർദ്ധനവ് മാത്രമാണ് ശമ്പളപരിഷ്കരണത്തിലൂടെ അനുവദിച്ചത്.

**ജീവനക്കാർ വലിയ പ്രതീക്ഷയോടുകൂടി കാത്തിരുന്ന 11 – ാം ശമ്പള പരിഷ്കരണത്തിലൂടെ കാലങ്ങളായി ലഭിച്ചുകൊണ്ടിരുന്ന സർവീസ് വെയിറ്റേജ് പൂർണ്ണമായും ഒഴിവാക്കുകയും ഫിറ്റ്മെന്റ് ബെനിഫിറ്റ് 12 ശതമാനത്തിൽനിന്നും 10 ശതമാനമായി വെട്ടിക്കുറയ്ക്കുകയും ചെയ്തു. ഇതിലൂടെ മാത്രം ജീവനക്കാർക്ക് ശമ്പളത്തിൽ 17 ശതമാനത്തിന്റെ നഷ്ടമാണ് സംഭവിച്ചത്. വാർഷിക ഇൻക്രിമെന്റ് പല സ്റ്റേജുകളിലും മുൻവർഷത്തെ അപേക്ഷിച്ച് താഴ്ന്ന നിരക്കാണ് നിശ്ചയിച്ചത്.**

**ക്ഷാമബത്ത 15 ശതമാനം കുടിശ്ശിക**

വിലക്കയറ്റത്തിന് ആനുപാതികമായി ജീവനക്കാർക്ക് ലഭിക്കേണ്ട ക്ഷാമബത്ത 2021 ജനുവരി മുതലുള്ള 5 ഗഡു 15% കുടിശ്ശികയാണ്. സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ 23,000 രൂപ അടിസ്ഥാന ശമ്പളം വാങ്ങുന്ന ജീവനക്കാരന് പോലും പ്രതിമാസം 3450 രൂപയുടെ നഷ്ടമാണ് ഉണ്ടാ

യിരിക്കുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന് രണ്ട് വർഷം തികയുമ്പോഴും ഒരു രൂപയുടെ പോലും സാമ്പത്തിക ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിനിടെ ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള സകല സാധനങ്ങൾക്കും വലിയ തോതിലുള്ള വിലക്കയറ്റമാണ് ഉണ്ടായിരിക്കുന്നത്. ഇത് കൂടാതെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ബസ് ചാർജ്ജ്, കെട്ടിട നികുതി, ഭൂനികുതി, മിൽമാ പാൽ വില തുടങ്ങി സർക്കാർ നേരിട്ട് കൈകാര്യം ചെയ്യുന്ന സകല മേഖലകളിലും ചാർജ്ജുകൾ വൻതോതിൽ വർധിപ്പിച്ചുകഴിഞ്ഞു. ഇതുകൂടാതെ പെട്രോളിനും ഡീസലിനും വിലക്കയറ്റം സൃഷ്ടിക്കുന്ന തരത്തിലുള്ള പകൽക്കൊള്ളയാണ് ഇടതു സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സാധാരണക്കാരായ ജീവനക്കാർക്ക് ആനുകൂല്യം നൽകുന്നതിൽ മാത്രമേ സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളു. ഉയർന്ന ശമ്പളം വാങ്ങുന്ന ഐ.എ.എസ്/ഐ.പി. എസ്സുകാർക്കും ജുഡീഷ്യൽ ഓഫീസർമാർക്കും കൃത്യമായി ക്ഷാമബത്ത റൊക്കം പണമായിതന്നെ നൽകി തൊഴിലാളി വർഗ്ഗ സർക്കാർ മാതൃക കാണിക്കുന്നുണ്ട്.

**ലീവ് സറണ്ടറിന് മരണമണി**

സംസ്ഥാന ജീവനക്കാർക്ക് കാലങ്ങളായി ലഭിച്ചുകൊണ്ടിരുന്ന ലീവ് സറണ്ടർ കിട്ടാക്കനിയായി മാറിക്കഴിഞ്ഞു. ക്ലാസ്സ് 4 ജീവനക്കാരായ കേവലം 10 ശതമാനത്തിൽ താഴെ വരുന്ന ജീവനക്കാർക്ക് മാത്രമായി അത് പരിമിതപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നു വർഷമായി തടഞ്ഞു വെച്ചിരിക്കുന്ന

**കേരളത്തിലെ ഇടതു സർക്കാരിന്റെ വാക്കിലുള്ള വിശ്വാസം ജീവനക്കാർക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. കഴിഞ്ഞ ഏഴുവർഷത്തെ അനുഭവം അതാണ് പഠിപ്പിക്കുന്നത്. ആദ്യം പങ്കാളിത്ത പെൻഷന്റെ കാര്യം, പിന്നീട് ലീവ് സറണ്ടർ ആനുകൂല്യം, ഇപ്പോൾ ശമ്പളപരിഷ്ക്കരണ കുടിശ്ശിക നൽകുന്ന കാര്യത്തിലും ജീവനക്കാരെ പറഞ്ഞു പറ്റിച്ചിരിക്കുകയാണ്.**

പ്രസ്തുത ആനുകൂല്യം 2022-23 വർഷത്തിൽ പി.എഫ്-ൽ ലയിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയെങ്കിലും അത് 2027-ൽ മാത്രമേ പിൻവലിക്കുവാൻ കഴിയുകയുള്ളൂ എന്നുള്ള വിചിത്രമായ ഉത്തരവാണ് ഇറക്കിയത്. അതായത് 2026-ൽ കാലാവധി കഴിയുന്ന ഈ സർക്കാരിന്റെ കാലത്ത് സറണ്ടർ തുക ലഭിക്കുകയില്ല. അടുത്ത സർക്കാരിന്റെ കാലത്ത് നൽകുമെന്ന് പറഞ്ഞ് നാലുവർഷത്തിനു മുമ്പ് ഉത്തരവിറക്കിയതിലൂടെ ജീവനക്കാരെ മുഴുവൻ അപമാനിക്കുവാനും അവഹേളിക്കുവാനുമാണ് ഇടതു സർക്കാർ തയ്യാറായിട്ടുള്ളത് എന്ന് പകൽപോലെ വ്യക്തമാണ്.

**ശമ്പള പരിഷ്കരണ കുടിശ്ശിക; പറഞ്ഞ് പറ്റിച്ചു**

കേരളത്തിലെ ഇടതു സർക്കാരിന്റെ വാക്കിലുള്ള വിശ്വാസം ജീവനക്കാർക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. കഴിഞ്ഞ ഏഴുവർഷത്തെ അനുഭവം അതാണ് പഠിപ്പിക്കുന്നത്. ആദ്യം പങ്കാളിത്ത പെൻഷന്റെ കാര്യം, പിന്നീട് ലീവ് സറണ്ടർ ആനുകൂല്യം, ഇപ്പോൾ ശമ്പളപരിഷ്ക്കരണ കുടിശ്ശിക നൽകുന്ന കാര്യത്തിലും ജീവനക്കാരെ പറഞ്ഞു പറ്റിച്ചിരിക്കുകയാണ്. 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് 2021-ൽ പുറപ്പെടുവിച്ച ഉത്തരവിൽ 2019 മുതലുള്ള കുടിശ്ശിക 2023 ഏപ്രിൽ മുതൽ ഗഡുക്കളായി നൽകുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ആദ്യ ഗഡു നൽകേണ്ട സമയമായപ്പോൾ പറഞ്ഞ വാക്ക് മാറ്റിക്കൊണ്ട് പുതിയ ഉത്തരവിറക്കി അത് തടഞ്ഞിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ നൽകുമെന്നാണ്. ഭരണ പരാജയത്തിനിടയിലും ധൂർത്തിനും അഴിമതിക്കും വാഴ്ത്തു പാട്ടുകൾക്കും

**സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും, പെൻഷൻകാർക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ 2015 – ലെ ശുപാർശ 11 – ാം ശമ്പള പരിഷ്കരണവും കഴിഞ്ഞ് 2022 ജൂലൈ മുതൽ തികച്ചും വികലമായാണ് നടപ്പിലാക്കിയത്. തൊഴിൽ ഉടമയായ സർക്കാർ ഒരു രൂപ പോലും വിഹിതം നൽകാതെ ജീവനക്കാരുടെ കയ്യിൽനിന്നും മാത്രം പണം പിടിച്ചെടുത്ത് സർക്കാർ പദ്ധതിയെന്ന് കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ ഈ തട്ടിക്കൂട്ട് പദ്ധതിയിലെ പോരായ്മകൾ മറച്ചുവെച്ച് ചെണ്ടകൊട്ടിയും ഓഫീസുകളിൽ പായസ വിതരണം നടത്തിയും ജീവനക്കാരെ വഞ്ചിക്കാൻ കൂട്ടുനിൽക്കുകയായിരുന്നു ഭരണാനുകൂല സംഘടനകൾ.**

കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് നിത്യനിദാന ചെലവുകൾക്ക് പോലും കടം വാങ്ങുന്ന ഈ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ഇനി എന്നാണ് മെച്ചപ്പെടുക എന്ന് ചിന്തിച്ചാൽ ഇക്കാര്യത്തിനുള്ള മറുപടി ലഭിക്കും.

**മെഡിസെപ്പ്:**
**തട്ടിക്കൂട്ട് പദ്ധതി**

സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും, പെൻഷൻകാർക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ 2015-ലെ ശുപാർശ 11-ാം ശമ്പള പരിഷ്കരണവും കഴിഞ്ഞ് 2022 ജൂലൈ മുതൽ തികച്ചും വികലമായാണ് നടപ്പിലാക്കിയത്. തൊഴിൽ ഉടമയായ സർക്കാർ ഒരു രൂപ പോലും വിഹിതം നൽകാതെ ജീവനക്കാരുടെ കയ്യിൽനിന്നും മാത്രം പണം പിടിച്ചെടുത്ത് സർക്കാർ പദ്ധതിയെന്ന് കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ ഈ തട്ടിക്കൂട്ട് പദ്ധതിയിലെ പോരായ്മകൾ മറച്ചുവെച്ച് ചെണ്ടകൊട്ടിയും ഓഫീസുകളിൽ പായസ വിതരണം നടത്തിയും ജീവനക്കാരെ വഞ്ചിക്കാൻ കൂട്ടുനിൽക്കുകയായിരുന്നു ഭരണാനുകൂല സംഘടനകൾ. എന്നാൽ എം. പാനൽ ലിസ്റ്റിലുള്ള പല സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്കെത്തിയ ജീവനക്കാരോട് മുൻകൂർ പണം ആവശ്യപ്പെടുകയും മറ്റ് അസൗകര്യങ്ങൾ പറഞ്ഞ് ചികിത്സ നിഷേധിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. സംസ്ഥാന മുഖ്യമന്ത്രിക്കും, മന്ത്രിമാരുൾപ്പെടെയുള്ളവർക്കും വിദേശത്തുപോലും പോയി സർക്കാർ ചെലവിൽ പരിധികളില്ലാതെ ചികിത്സിക്കാൻ കഴിയുമെന്നിരിക്കെ സ്വന്തം പണം നൽകി മെഡിസെപ്പിന്റെ ഭാഗമായ ജീവനക്കാർക്ക് നാട്ടിലെ ആശുപത്രികളിൽപോലും മികച്ച ചികിത്സ ലഭിക്കുന്നില്ല. ഇത് കടുത്ത അവഗണനയും നീതിനിഷേധവുമാണ്.

ജീവനക്കാർക്കെതിരെ ഇത്രയും പ്രതികാര ബുദ്ധിയോടുകൂടി പെരുമാറുന്ന ഒരു സർക്കാർ കേരള ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. സ്വന്തം സംസ്ഥാനത്തെ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുകയും, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി റിപ്പോർട്ട് പുറത്തുവിടാതെ അലമാരയിൽ പൂട്ടിവെച്ച് വാഗ്ദാനം നടത്തിയവർ തന്നെയാണ് അധികാരത്തിൽ വന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുമെന്ന് ത്രിപുരയിൽ വാഗ്ദാനം ചെയ്തത്. പല സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ തയ്യാറായിട്ടുണ്ടെങ്കിലും അതിൽ പ്രതികരിക്കാൻ പോലും സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. തടഞ്ഞു വച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുവാനും അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുവാനും ജീവനക്കാരുടെ ശക്തമായ പ്രക്ഷോഭം ആവശ്യമാണ്.




# സാമ്പത്തിക വളർച്ചയും തൊഴിലാളി ക്ഷേമവും



**പി. ആർ. ശിവശങ്കരൻ**
**81118 88888**

**ഏ**തൊരു രാജ്യത്തിലെ തൊഴിലാളിയുടെ സാമ്പത്തിലെയും എണ്ണത്തിലെയും വളർച്ച ആ രാജ്യത്തിന്റെ സാമ്പത്തിക- വ്യാവസായിക വികസനത്തെയും, രാഷ്ട്രീയ നയത്തെയും ആശ്രയിച്ചിരിക്കും. വ്യവസായികമായും സാമ്പത്തികമായും തളർന്ന ഒരു രാജ്യത്ത് സമ്പന്നമായ തൊഴിലാളിവർഗ്ഗം ഉണ്ടാകുവാൻ സാധ്യതയില്ലല്ലോ. അതുകൊണ്ടുതന്നെ തൊഴിലാളികളുടെ ക്ഷേമം പ്രഥമവും, ആത്യന്തികവുമായി രാജ്യത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. എന്നാൽ ആധുനിക കാലത്ത് സാമ്പത്തിക മേൽക്കോയ്മ പല രാജ്യങ്ങളും, അവിടുത്തെ വ്യവസായ സാമ്രാജ്യങ്ങളും നേടുന്നത് വ്യവസായവൽക്കരണത്തിലെ പ്രകൃതിക്കും, രാജ്യങ്ങൾക്കും മനുഷ്യകുലത്തിനുപോലും അനുകൂലമല്ലാത്ത രീതിയിലുള്ള ഭരണകൂടത്തിന്റെ അയഞ്ഞസമീപനവും, പിന്തുണയും, കടിഞ്ഞാണില്ലാത്ത യന്ത്രവൽക്കരണവും, പുതിയതായി വന്ന നിർമ്മിതബുദ്ധിയുടെ അതിരുകടന്നപ്രയോഗവും അടക്കം പല കാര്യങ്ങൾ കൊണ്ടുമാണ്. ഭരണകൂടം നാടിന്റെ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥക്കും ജനസംഖ്യാ കണക്കിനും അനുപാതത്തിനും അനുകൂലമല്ലാത്ത വ്യവസായ സമീപനങ്ങൾ, തൊഴിൽ നയങ്ങൾ, സാമൂഹ്യനീതി നടപ്പാക്കാത്ത നിയമങ്ങൾ എന്നിവ നടപ്പിലാക്കുമ്പോൾ ആ രാജ്യത്തെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട് അവർ പൊതുസമൂഹത്തിൽനിന്ന് അന്യവൽക്കരിക്കപ്പെടുകയോ, പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഇത് ഇത്തരം രാജ്യങ്ങളുടെ ദീർഘമായ കാലത്തേക്കുള്ള പുരോഗതിക്കും ഭാവിക്കും ഗുണകരമാകില്ല.

അതേസമയം മറ്റു ചില രാജ്യങ്ങൾക്കും , ചില വ്യവസായങ്ങൾക്കും വാണിജ്യ പ്രവർത്തനങ്ങൾക്കും അമിത യന്ത്രവൽക്കരണവും, നിർമ്മിത ബുദ്ധിയുടെ ഉപയോഗവും പ്രയോജനപ്രദവുമാണ്. പലപ്പോ



ഴും, പലസാഹചര്യങ്ങളിലും അത് അത്യന്താപേക്ഷിതവുമാണ്. ഉദാഹരണത്തിന് ബഹിരാകാശ മേഖലയ്ക്കും, സൈന്യത്തിന്റെ ഉപയോഗത്തിനും, മറ്റു ചില ഗവേഷണങ്ങൾക്കും നിർമ്മിത ബുദ്ധിയുടെ ഉപയോഗം ഇന്ന് അത്യന്താപേക്ഷിതമാണ്. അതെ പോലെ ചില രാജ്യങ്ങളിലെ യുവതലമുറയുടെ എണ്ണത്തിലുള്ള കുറവ് അവിടെ സ്വാഭാവികമായും സൃഷ്ടിക്കുന്ന 'ബ്ലൂ കോളർ' ( ദേഹാധ്വാനം ഏറെ വേണ്ട) തൊഴിലാളികളുടെ കുറവും പല യൂറോപ്യൻ രാജ്യങ്ങളിലും വ്യവസായത്തെ സമ്പൂർണ്ണമായി യന്ത്രവൽക്കരണത്തിനു പ്രേരിപ്പിക്കുന്നുണ്ട്. സ്വാഭാവികമായും മൂലധനശേഷി വേണ്ടുവോളമുള്ള രാജ്യങ്ങളിൽ നിന്നുള്ള ഇത്തരം ഉല്പന്നങ്ങൾക്ക് അന്തരാഷ്ട്ര മാർക്കറ്റിൽ അതിന്റെ വിലകുറവുകൊണ്ടും , ഗുണനിലവാരത്തിന്റെ ഉയർച്ചകൊണ്ടും കൂടുതൽ നേട്ടവും, കൂടുതൽ വിപണിയും നേടുവാൻ സാധ്യമാകും. ഇത്തരം ഉല്പന്നങ്ങളോട് പൊരുതി അന്തരാഷ്ട്ര - ആഭ്യന്തര വിപണികളിൽ പിടിച്ച് നിൽക്കുവാൻ മൂലധന കുറവുള്ള, ബാങ്കിങ് പലിശ നിരക്ക് കൂടിയ രാജ്യങ്ങൾക്ക് ഇന്നത്തെ വിപണി സാഹചര്യത്തിൽ സാധ്യമല്ല.

**ജനസംഖ്യയിലും, അതുകൊണ്ടുതന്നെ യുവജനസംഖ്യയിലും ലോകത്തെത്തന്നെ മികച്ച ശതമാനമുള്ള ഭാരതം, അതുകൊണ്ടുതന്നെ തൊഴിലാളി സമൂഹത്തിന്റെ കാര്യത്തിലും അത്യധികം സമ്പന്നമാണ്. ഈ സാദ്ധ്യതകൾ മനസ്സിലാക്കിയാണ് കേന്ദ്ര സർക്കാർ പുതിയ വ്യാവസായിക നയങ്ങൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെകൂടി ഫലമായി ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥ ഇന്ന് ഭാരതമാണ്.**

ഓരോ രാജ്യവും അവരവരുടെ ശക്തി, ബലഹീനത, അവസരങ്ങൾ, ഭീഷണികൾ (SWOT Analysis Method) എന്നിവ മനസ്സിലാക്കി മാത്രമായിരിക്കും അവരുടെ വ്യവസായ നയപരിപാടികൾക്ക് രൂപകൽപന ചെയ്യുക. (ഇത് ശാസ്ത്രീയമായി ശരിയാണെന്നു അന്തരാഷ്ട്ര തലത്തിൽ വളരെ കാലമായി തെളിയിക്കപ്പെട്ട ഒരു മാനേജ്മെന്റ് പഠന - സൂക്ഷ്മ പരിശോധന രീതിയാണ്. വ്യക്തിപരമായും സംഘടനാപരമായും ഇത് നമുക്കോരോരുത്തർക്കും പ്രയോജനപ്പെടുത്താവുന്നതുമാണ്.) ഭാരതത്തിന്റെ കഴിഞ്ഞ കുറച്ചുവർഷത്തെ നയങ്ങൾ രാജ്യത്തിന്റെ ഇത്തരം അടിസ്ഥാന കാര്യങ്ങളെ അപഗ്രഥനം ചെയ്തും ദീർഘകാലത്തെ നേട്ടങ്ങളും വളർച്ചയും മുന്നിൽ കണ്ടുകൊണ്ടുമാണ് എന്നത് തൊഴിലാളികളുടെ പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരത്തിന് അനുയോജ്യമാണ്.

ജനസംഖ്യയിലും, അതുകൊണ്ടുതന്നെ യുവജനസം

ഖ്യയിലും ലോകത്തെത്തന്നെ മികച്ച ശതമാനമുള്ള ഭാരതം, അതുകൊണ്ടുതന്നെ തൊഴിലാളി സമൂഹത്തിന്റെ കാര്യത്തിലും അത്യധികം സമ്പന്നമാണ്. ഈ സാദ്ധ്യതകൾ മനസ്സിലാക്കിയാണ് കേന്ദ്ര സർക്കാർ പുതിയ വ്യാവസായിക നയങ്ങൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെകൂടി ഫലമായി ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥ ഇന്ന് ഭാരതമാണ്. കഴിഞ്ഞ വർഷം 6.1 % വളർച്ച എന്ന ഏറ്റവും വലിയ വളർച്ച കൈവരിച്ച ഭാരതം 2022 – 2023 ൽ വളരുമെന്ന് കണക്കാക്കുന്നത് 7 ശതമാനത്തിനുമേലെയാണ്. ഈ വളർച്ചാനിരക്കുകൾ കേവലം ചില സമ്പന്നരെ മാത്രം ഉന്നതിയിലേക്ക് എത്തിക്കുന്നു എന്ന മലയാളികളുടെ പതിവ് വിമർശനം രാജ്യത്തിന്റെ നേട്ടങ്ങളെ, സമൂഹത്തിൽ ഉണ്ടാകുന്നമാറ്റങ്ങളെ പഠിക്കാതെയും മനസ്സിലാക്കാതെയുമാണ്. കേന്ദ്ര സ്ഥിതിവിവരണ മന്ത്രാലയത്തിന്റെ കീഴിലുള്ള പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS) പ്രകാരം 2023 ആദ്യപാദത്തിൽ നഗരത്തിലെ തൊഴിലില്ലായ്മ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ ശതമാനത്തിൽ എത്തി 6.8 % എന്ന നിലയിൽ ആണ്. ഇത് കഴിഞ്ഞ വർഷം അവസാനപാദം ഇത് 7.2 % ആയിരുന്നു . ഇതുപോലെത്തന്നെ EPFO (emplyoment Provident Fund Organisation) കണക്കുപ്രകാരം തൊഴിലാളികളുടെ ആകെയുള്ള വർദ്ധനവ് 13.4 % എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുപോലെ തന്നെ EPFO കണക്കുപ്രകാരം യുവ സ്ത്രീ തൊഴിലാളികളുടെ എണ്ണത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നത് സമൂഹത്തിലെ സ്ത്രീപുരുഷ സംതുലനാവസ്ഥ പരിഗണിക്കുന്ന തൊഴിൽനയമാണ് ദേശീയ ഭരണകൂടം നടപ്പിലാക്കുന്നത് എന്നതിന്റെ തെളിവാണ്. കഴിഞ്ഞ വർഷം യുവ സ്ത്രീതൊഴിലാളികളുടെ എണ്ണത്തിൽ കാര്യമായ വളർച്ച ഉണ്ടായിട്ടുണ്ട്. 2018 – 19 ലെ EPFO കണക്കുപ്രകാരം 19% വളർച്ച ഉണ്ടായെങ്കിൽ ഇത് 2022 –2023 വർഷത്തിൽ 24.5 % എന്ന നിലയിൽ വളർച്ച നേടിയിരിക്കുന്നു. മറ്റൊരു സർവ്വേ ഗ്രൂപ്പായ ബെറ്റർ പ്ലെയ്സ് ഫ്രന്റ് ലയിൻ ഇൻഡക്സ് കണക്കാക്കിയിരിക്കുന്നത് രാജ്യത്ത് 2020 –2022 ലെ കാലഘട്ടത്തിൽ ഉപഭോക്തൃസേവന മേഖലയിൽ (frontline workers) മാത്രം 80 ലക്ഷം പുതിയ തൊഴിലാളികളെ നിയമിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. ഇതെല്ലം സൂചിപ്പിക്കുന്നത് ഭാരതത്തിലെ വ്യാവസായിക പുരോഗതിയുടെ നേട്ടം ഭാരതത്തിലെ തൊഴിലാളിവർഗ്ഗത്തിനും അടിസ്ഥാനവർഗ്ഗത്തിനും ലഭിക്കുന്നുണ്ടെന്നുതന്നെയാണ്.

**2018 –19ലെ ഇ.പി.എഫ്.ഒ കണക്കുപ്രകാരം 19% വളർച്ച ഉണ്ടായെങ്കിൽ ഇത് 2022 – 2023 വർഷത്തിൽ 24.5 % എന്ന നിലയിൽ വളർച്ച നേടിയിരിക്കുന്നു.**

ഭാരതത്തിൽ 2030 ഓടുകൂടി അതിദാരിദ്രം അവസാനിപ്പിക്കുക എന്ന ചരിത്രപരമായ ലക്ഷ്യത്തോടെ മിനിമം വേതനം എന്ന ഭരണനയത്തിനു പകരം ജീവിക്കാനുള്ള വേതനം എന്ന വേതനനിയമപദ്ധതിക്കായി ചർച്ചകൾ തൊഴിലാളി സംഘടനകളുമായി തുടങ്ങി കഴിഞ്ഞു. ഈ നിയമം നടപ്പിലാക്കുവാൻ ILO പോലുള്ള അന്തർദേശീയ സംഘടനകളുമായും ചർച്ചകളും ആശയ വിനിമയങ്ങളും ഭാരത സർക്കാർ അതി വേഗത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ചരിത്രപരമായ മാറ്റം അടിസ്ഥാന വർഗ്ഗത്തിന്റെ ജീവിതനിലവാരത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുകതന്നെചെയ്യും. ഭാരതീയ മസ്ദൂർ സംഘം വർഷങ്ങളായി ആവശ്യപ്പെടുന്നതും, ഇരുപതാമത് ത്രൈ വാർഷിക സമ്മേളനം ശക്തമായി ആവശ്യപ്പെട്ടതിൻ പ്രകാരംകൂടിയാണ് മോദി സർക്കാർ തൊഴിലാളികളുടെ വേതനവ്യവസ്ഥയിലെ ഈ സ്വർണ്ണ ലിപികളിൽ എഴുതേണ്ട നിയമപരിഷ്കരണത്തിന് തുടക്കം കുറിക്കുന്നത്. രാജ്യത്തെ വ്യവസായ ഭീമന്മാരുടെ ശക്തമായ എതിർപ്പുണ്ടായിട്ടും തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് ഈ കേന്ദ്ര സർക്കാർ മുൻതൂക്കം നൽകുന്നു എന്നത് ശുഭവാർത്തയാണ്.

ഇത്തരം ശുഭവാർത്തകൾക്കിടയിലും മറ്റു ചില കണക്കുകൾ തൊഴിലാളികളുടെ സജീവശ്രദ്ധ പിടിച്ചുപറ്റേണ്ടവയാണ്. ഇന്ന് ഭാരതത്തിലെ ജനസംഖ്യ 140 കോടിയിലധികമാണ്. ഈ ജനസംഖ്യയുടെ 27.3 ശതമാനവും 15 മുതൽ 29 വയസ്സുള്ള ചെറുപ്പകാരന്മാരും ചെറുപ്പകാരികളുമാണ്. മുന്നിലെ തലമുറയുടെ തൊഴിൽ നഷ്ടപ്പെടാതെ പുതിയ തൊഴിൽ യുവതലമുറക്ക് വേണ്ടി സൃഷ്ടിച്ചുകൊണ്ടേയിരിക്കുക എന്നത് ഏതൊരു സർക്കാരിനുമുന്നിലും വെല്ലുവിളിയുയർത്തുന്ന സാമൂഹ്യയാഥാർഥ്യമാണ്. ഇന്ന് ലോകത്തെ മൂലധനനിക്ഷേപവും വിപണി നിക്ഷേപവും

ഏറ്റവും കൂടുതൽ ആകർഷിക്കുന്ന രാജ്യമാണ് ഇന്ത്യ. മൂലധനവും, തൊഴിൽ ചെയ്യുവാൻ കെൽപ്പുള്ള യുവാക്കളായ തൊഴിലാളികളും ഉണ്ടെങ്കിലും അവർമൂലം ഉല്പാദിപ്പിക്കുന്ന, അല്ലെങ്കിൽ അവർക്ക് ജീവിക്കാനുള്ള വേതനം ലഭ്യമാക്കി ഉത്പാദനം ലാഭകരമാകണമെങ്കിൽ വലിയ തോതിലുള്ള ഉത്പാദനം വ്യവസായശാലകൾ നടത്തേണ്ടിവരും. ഇത് എത്ര വലിയ രാജ്യമാണെങ്കിലും ഇത്തരം വൻകിട വ്യവസായശാലകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മുഴുവൻ നമുക്ക് ആഭ്യന്തര വിപണിയിൽ ഉപയോഗിച്ചുതീർക്കാൻ ആവില്ല. അതുകൊണ്ടു നമ്മുടെ വ്യവസായശാലകൾക്ക് മറ്റു രാജ്യങ്ങളുടെ വിപണി കീഴടക്കുവാൻ തക്ക ഗുണനിലവാരത്തിലും, വിലനിലവാരത്തിലും കാര്യമായ മത്സരം നടത്തേണ്ടിവരും. ഇത്തരം മത്സരങ്ങളിൽ മൂലധനത്തെക്കാളും, സാങ്കേതിക വിദ്യയെക്കാളും പ്രഥമ പരിഗണന തൊഴിലാളികൾക്കാണ്. ഈ അവസരത്തിൽ തൊഴിലാളികൾ അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം നിരന്തരം അന്താരാഷ്ട്രവിപണിക്കും, അന്യ രാജ്യങ്ങളിലെ തൊഴിലാളികൾക്കുമൊപ്പം കിടപിടിച്ചുനിൽക്കുന്ന തരത്തിലോ, അല്ലെങ്കിൽ അവർക്കുമുകളിലോ നിലനിർത്തേണ്ടതാണ്. നിർഭാഗ്യവശാൽ ഭാരതത്തിനുപോലും വേണ്ട വൈദഗ്ദ്ധ്യം വേണ്ട തൊഴിലാളികളുടെ എണ്ണത്തിൽ 64 % കുറവാണുള്ളത്. ഇതു ഭാരതത്തിന്റെ മാത്രം പ്രശ്നമല്ല മറിച്ച് ലോകത്തെ മിക്കവാറും എല്ലാ വികസിത രാജ്യങ്ങളിലെയും സ്ഥിതി ഇതുതന്നെയാണ്. അതുകൊണ്ടു മികച്ച യുവജനസംഖ്യയും, മികച്ച വേതനവ്യവസ്ഥയുടെ പരിമിതിയും, തൊഴിലില്ലായ്മയുടെ ഭീഷണിയും കൂടുതൽ യുവാക്കളെ അന്യ രാജ്യങ്ങളിലേക്ക് കുടിയേറുവാൻ അനിയന്ത്രിതമായി പ്രേരിപ്പിക്കുന്നുണ്ട്. ഇത്തരം കുടിയേറ്റക്കാരായ തൊഴിലാളികളെ ചോഷണം ചെയ്യുന്ന സമ്പത്വ്യവസ്ഥകളും ലോകത്ത് ധാരാളം ഉണ്ട്. വിദേശ വരുമാനം രാജ്യത്തേക്ക് വരുമെങ്കിൽ കൂടി ആത്യന്തികമായി ഈ തൊഴിലാളികളുടെ പലായനം ഭാരതത്തിനു ദീർഘകാലത്തിലേക്ക് ഭൂഷണമല്ല. ഈ കുറവ് നികത്തുവാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ മാത്രം ചുമതലയല്ല, മറിച്ച് അത് എല്ലാ തൊഴിലാളി സംഘടനകളുടെയും , ഓരോ തൊഴിലാളികളുടെയും കൂടി ചുമതലയാണ്.


**ഇന്ന് ഭാരതത്തിലെ ജനസംഖ്യ 140 കോടിയിലധികമാണ്. ഈ ജനസംഖ്യയുടെ 27.3 ശതമാനവും 15 മുതൽ 29 വയസ്സുള്ള ചെറുപ്പകാരും ചെറുപ്പകാരികളുമാണ്. മുന്നിലെ തലമുറയുടെ തൊഴിൽ നഷ്ടപ്പെടാതെ പുതിയ തൊഴിൽ യുവതലമുറക്ക് വേണ്ടി സൃഷ്ടിച്ചുകൊണ്ടേയിരിക്കുക എന്നത് ഏതൊരു സർക്കാരിനു മുന്നിലും വെല്ലുവിളിയുയർത്തുന്ന സാമൂഹ്യയാഥാർഥ്യമാണ്. ഇന്ന് ലോകത്തെ മൂലധന നിക്ഷേപവും വിപണി നിക്ഷേപവും ഏറ്റവും കൂടുതൽ ആകർഷിക്കുന്ന രാജ്യമാണ് ഇന്ത്യ.**

ഇതുപോലെത്തന്നെ NSSO വിന്റെ മറ്റൊരുകണക്ക് സൂചിപ്പിക്കുന്നത് നിത്യ വരുമാനത്തിന്റെ കണക്കിൽ സ്ത്രീയും പുരുഷനും തമ്മിലും, നഗരങ്ങളും ഗ്രാമങ്ങളും തമ്മിലും വലിയ അന്തരമുണ്ടെന്നുള്ളത് ആരെയും വേദനിപ്പിക്കുന്ന ഒന്നാണ്. തൊഴിലാളിവർഗ്ഗത്തിന്റെ മാത്രം ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പാർട്ടികൾ പലകുറി ഭരണത്തിൽ വന്നിട്ടും, മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയെന്നെല്ലാം പുകഴ്ത്തിപാടിയിട്ടും കേരളത്തിലെ നഗരങ്ങളിലെ സ്ത്രീ - പുരുഷ വേതനവ്യത്യാസം 50 ശതമാനത്തിലേറെയാണ്. നഗരത്തിൽ പുരുഷന് 846 രൂപ കിട്ടുമ്പോൾ സ്ത്രീകൾക്ക് 404 രൂപമാത്രമാണ് ഇന്നും ലഭിക്കുന്നത് എന്നത് പരിതാപകരമാണ്. ഗ്രാമങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല ഗ്രാമങ്ങളിൽ പുരുഷന് 842 രൂപ കിട്ടുമ്പോൾ സ്ത്രീകൾക്ക് വെറും 434 രൂപ മാത്രമേ കിട്ടുന്നുള്ളൂ എന്നത് വേദനാജനകമാണ്. തെലുങ്കാനയിലും, ഉത്തരാഖണ്ഡിലും, ആന്ധ്രാപ്രദേശിലും, ഹിമാചൽപ്രദേശിലും, എന്തിനു ജമ്മു കാശ്മീരിലും വരെ സ്ത്രീ തൊഴിലാളികൾക്ക് കേരളത്തിലെ സ്ത്രീ തൊഴിലാളികളേക്കാൾ മികച്ച വേതനം ലഭിക്കുന്നുവെന്നത് കേരളത്തിന്റെ യശസ്സിന് നാണക്കേടാണ്.

അതുകൊണ്ടുതന്നെ യുവാക്കൾക്ക് പറ്റുമെങ്കിൽ സംസ്ഥാനത്തുതന്നെ തൊഴിൽ ലഭിക്കുവാനും, തൊഴിൽ ലഭിച്ച തൊഴിലാളികൾക്ക് മികച്ച വേതനം, അല്ലെങ്കിൽ ജീവിക്കാനുള്ള വേതനം ലഭ്യമാക്കുവാനും, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് പുരുഷതൊഴിലാളികൾക്ക് തത്തുല്യമായ വേതനം ലഭ്യമാക്കുവാനുമുള്ള നിയമ - രാഷ്ട്രീയ പോരാട്ടങ്ങൾ സമാനമനസ്കരായ പ്രസ്ഥാനങ്ങളുമായി സഹകരിച്ചു നേടിയെടുക്കേണ്ട സമയമാണിത്. ●

# രാ. വേണുഗോപാൽ
# തൊഴിലാളിക്ഷേമം ജീവിതവ്രതമാക്കിയ പ്രചാരകൻ





**ഇ. ദിവാകരൻ**
8547422245

**ചെ**ങ്കൊടിപ്രസ്ഥാനങ്ങൾ വേരുറപ്പിച്ച കേരളത്തിന്റെ മണ്ണിൽ ഭാരതീയ മസ്ദൂർസംഘമെന്ന ദേശീയ തൊഴിലാളിപ്രസ്ഥാനത്തിന്റെ വിത്ത് പാകുകയും അതിനെ ശക്തിപ്പെടുത്തുന്നതിന് അശ്രാന്തപരിശ്രമം നടത്തുകയും ചെയ്ത സ്വർഗ്ഗീയ രാ. വേണുഗോപാൽ എന്ന വേണുഏട്ടൻ ഭൗതികദേഹം വെടിഞ്ഞിട്ട് 2023 ജൂൺ 11ന് മൂന്നുവർഷം പിന്നിട്ടിരിക്കുന്നു. 1925-ൽ രാവുണ്ണിയാരത്ത് (കൊല്ലങ്കോട്) നാണുക്കുട്ടി അമ്മയുടെയും നിലമ്പൂർ കോവിലകത്ത് കൊച്ചുണ്ണി തിരുമുൽപ്പാടിന്റേയും മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തുടർ പഠനം കോഴിക്കോട്ടാണ് നടത്തിയിരുന്നത്. ഈ കാലയളവിലാണ് ആർ.എസ്.എസ്സുമായി അദ്ദേഹം ബന്ധപ്പെടുന്നത്. ഉന്നത പഠനത്തിനായി പാലക്കാട് വിക്ടോറിയ കോളേജിൽ ചേരുകയും അവിടെനിന്ന് രസതന്ത്രത്തിൽ ബി.എസ്.സി ബിരുദം നേടുകയും ചെയ്തു.(ഈ കാലയളവിൽ മൂത്താന്തറയിൽ സംഘശാഖാ ആരംഭിക്കുകയും മുഖ്യശിക്ഷക് ആയി ചുമതല ഏറ്റെടുത്ത് പ്രവർത്തിക്കുകയും ചെയ്തിരുന്നു.)

ഉന്നത വിദ്യാഭ്യാസം നേടിയ അദ്ദേഹത്തിന് അക്കാലത്ത് ഉയർന്ന ജോലി ലഭിക്കാനും സമ്പന്നമായ കോവിലകത്തെ സുഖസൗകര്യങ്ങൾക്കനുസൃതമായ ജീവിതം നയിക്കാനും കഴിയുമായിരുന്നു. എന്നാൽ അദ്ദേഹം സംഘ പ്രവർത്തനത്തിലൂടെ സമാജ സേവനം ചെയ്യാൻ തയ്യാറാവുകയും 1946 മുതൽ സംഘത്തിന്റെ പ്രചാരകനാവുകയും ചെയ്തു. പിന്നീട് കേസരി വാരികയുടെ പത്രാധിപർ എന്ന ചുമതലയും അദ്ദേഹം വഹിച്ചു. ലളിതമായ ജീവിതത്തിന്റെ ഉടമയായിരുന്ന വേണുഏട്ടൻ അവശതയനുഭവിക്കുന്നവരുടെ വേദനകൾ മനസ്സിലാക്കാനും അവർക്ക് ആശ്വാസം പകരാനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. സ്വർഗ്ഗീയ ദത്തോപന്ത് ഠേംഗ്ഡിജിയുമായുള്ള അടുപ്പമാണ് തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്നതിന് വേണുഏട്ടന് പ്രേരണയായത്.

1967-ൽ ഭാരതീയ മസ്ദൂർ സംഘത്തിന്റെ പ്രഥമ ദേശീയ സമ്മേളനം ദൽഹിയിൽ നടക്കുന്നതിന്റെ മുന്നോടിയായി സ്വ. ദത്തോപന്ത് ഠേംഗിഡിജിയുടെ ശ്രമഫലമായി ഭാരതത്തിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും, പ്രമുഖ വ്യവസായ സ്ഥാപനങ്ങളിലും മസ്ദൂർ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരുന്നു. അതേ കാലയളവിൽത

ന്നെ കേരളത്തിൽ ബി. എം.എസ്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണുഏട്ടനെ ആയിരുന്നു ഠേംഗ്ഡിജി നിയോഗിച്ചിരുന്നത്. അതനുസരിച്ച് കോഴിക്കോട് പുതിയറ ഓട്ടുകമ്പനിയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടാണ് തൊഴിലാളി പ്രവർത്തനം ആരംഭിച്ചത്. ആരംഭത്തിൽ സ്വാഭാവികമായ അവഗണനയും ഭീഷണിയുമൊക്കെ നേരിടേണ്ടിവന്നിരുന്നെങ്കിലും വേണുഏട്ടന്റെ യുക്തിസഹമായ പ്രവർത്തനത്തിലൂടെ അവഗണിച്ചവരുടെയെല്ലാം അംഗീകാരവും ആദരവും നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു.



വളരെ കുറഞ്ഞ കാലയളവിൽതന്നെ തൊഴിലാളികളുടെ വിശ്വാസമാർജിക്കത്തക്കതരത്തിൽ സംഘടനാ പ്രവർത്തനം നടത്താനും ഇതര ട്രേഡ് യൂണിയൻ നേതൃത്വത്തിലുള്ളവരുമായും തൊഴിലുടമകളുമായും സൗഹൃദം പുലർത്താനും അദ്ദേഹത്തിനു കഴിഞ്ഞു. സാധാരണ തൊഴിൽതർക്കമുണ്ടായാൽ ഉടനെ പ്രത്യക്ഷ സമരത്തിന് ആഹ്വനം ചെയ്യുന്ന ആ കാലഘട്ടത്തിൽ വേണുവേട്ടൻ സ്വീകരിച്ച നിലപാട് വ്യത്യസ്തമായിരുന്നു. തർക്കം ഉന്നയിക്കുന്നതിനു മുമ്പ് തൊഴിലാളിയെ പൂർണ്ണമായും കേൾക്കുകയും കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കി തൊഴിലാളിയുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ അത് തൊഴിലാളിയെ ബോധ്യപ്പെടുത്തുകയും അങ്ങനെയുള്ള വീഴ്ചകൾ/തെറ്റുകൾ ആവർത്തിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്യും. ശേഷം തൊഴിലുടമയുമായി നേരിട്ട് സംസാരിച്ച് പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനായിരുന്നു മുൻഗണന നൽകിയിരുന്നത്.

തൊഴിലുടമയുടെ ഭാഗത്തുനിന്ന് അന്യായമായ നടപടിയാണ് ഉണ്ടായിട്ടുള്ളതെങ്കിൽ അക്കാര്യം വ്യക്തമാക്കിക്കൊണ്ട് സ്ഥാപനത്തിന് നോട്ടീസ് നൽകും. തൊഴിൽ നിയമത്തിലെ കൃത്യമായ വകുപ്പുകൾ ചൂണ്ടിക്കാട്ടി താങ്കളുടെ നടപടി നിയമവിരുദ്ധമാണെന്ന് വ്യക്തമാക്കുന്നതോടൊപ്പം തന്നെ തൊഴിലുടമയ്ക്ക് എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ അതിനുള്ള സാവകാശവും നൽകും. എന്നിട്ടും തർക്കം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിലാണ് തൊഴിൽവകുപ്പ് അധികൃതർക്ക് പരാതി നൽകിയിരുന്നതും മറ്റു പ്രത്യക്ഷ നടപടികൾ സ്വീകരിച്ചിരുന്നതും.

തൊഴിൽ നിയമങ്ങളെ കുറിച്ചുള്ള വേണുഏട്ടന്റെ ആഴത്തിലുള്ള അറിവ് ലേബർ ഡിപ്പാർട്ട്മെന്റിന്റെ ഉദ്യോഗസ്ഥരുമായുള്ള ബന്ധത്തിന് ആക്കം കൂട്ടി. ഒരിക്കൽ ഒരു സ്ഥാപനത്തിലെ തൊഴിൽതർക്കവുമായി ബന്ധപ്പെട്ട് ജില്ലാ ലേബർ ഓഫീസർ വിളിച്ചു ചേർത്ത അനുരഞ്ജന സംഭാഷണത്തിൽ ബി.എം.എസ്സിന്റെ പ്രതിനിധിയായി പങ്കെടുക്കാനെത്തിയ വേണുഏട്ടനും യൂണിറ്റ് ചുമതലക്കാർക്കും അവിടെ നിന്ന് തിരിച്ചുപോരേണ്ടി വന്നു. ബി.എം.എസ്. എന്ന ഒരു സംഘടന അവിടെ ഇല്ലെന്നും അവരുടെ കൂടെ ചർച്ചയ്ക്ക് തയ്യാറല്ലെന്നും യോഗത്തിനെത്തിയ ചില നേതാക്കൾ പറഞ്ഞപ്പോൾ അനുരഞ്ജന ഉദ്യോഗസ്ഥന്റെ നിസ്സഹായത മനസ്സിലാക്കിയ വേണുഏട്ടൻ ഉടനെ എഴുന്നേറ്റു. ശരി ചർച്ച നടക്കട്ടെ, ഞങ്ങൾ പിന്നീട് വരാം എന്ന് പറഞ്ഞ് മടങ്ങുകയാണുണ്ടായത്. ഈ സംഭവം തൊഴിലാളികൾക്കിടയിൽ വലിയ ചർച്ചയാവുകയും നിരവധി തൊഴിലാളികൾ ബി.എം.എസ്. യൂണിയനിൽ അംഗത്വമെടുത്തുകൊണ്ട് ആ സ്ഥാപനത്തിൽ യൂണിയന്റെ പ്രവർത്തനം ശക്തിപ്പെടുകയും ചെയ്തു.

പിന്നീട് അതേ സ്ഥാപനത്തിലെ ഒരു ചർച്ചയിൽ പങ്കെടുക്കുന്നതിന് ബി.എം.എസ്സിന് അറിയിപ്പ് ലഭിച്ചെങ്കിലും അൽപം താമസിച്ചേ എത്താൻ കഴിയുകയുള്ളു എന്ന് വേണുഏട്ടൻ മനഃപൂർവ്വം കൺസിലേഷൻ അധികാരിയെ അറിയിക്കുകയുണ്ടായി. കാലത്തിന്റെ കാവ്യനീതിയിൽ ബി.എം.എസ്. പ്രതിനിധികളോടൊപ്പം ചർച്ചയ്ക്ക് തയ്യാറല്ലെന്ന് പറഞ്ഞ അതേ നേതാക്കൾ ബി.എം.എസ്. പ്രതിനിധി എത്തുന്നതുവരെ കാത്തിരിക്കാൻ നിർബന്ധിതരായി. ബി.എം.എസ്. പ്രതിനിധി വന്നിട്ടുമതി ചർച്ച എന്ന് അവർ തന്നെ നിർദ്ദേശിക്കുന്ന സാഹചര്യമു

ണ്ടായി.

മറ്റൊരു സംഭവം കോഴിക്കോട് പാളയം പച്ചക്കറി മാർക്കറ്റിലെ ചുമട്ടുതൊഴിലാളികളുടെ പേരിൽ പോലീസ് കേസ്സെടുക്കുകയും അവരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തതാണ്. അവിടെയെത്തിയ യൂണിയൻ നേതാക്കളോട് അന്നത്തെ സിറ്റി പോലീസ് കമ്മീഷണർ ഇംഗ്ലീഷിൽ ഘോരഘോരം സംസാരിച്ചുകൊണ്ടിരിക്കെയാണ് വേണുഏട്ടൻ അവിടെയെത്തുന്നത്.

കമ്മീഷണർ പറഞ്ഞതിന് അതേ രീതിയിൽ കൃത്യമായ മറുപടി ഇംഗ്ലീഷിൽ വേണുഏട്ടൻ പറയുകയും കസ്റ്റഡിയിലെടുത്ത തൊഴിലാളികളെ വിട്ടയക്കാൻ കമ്മീഷണർ തയ്യാറാവുകയും ചെയ്തു. ഇത് കോഴിക്കോട്ടെ തൊഴിലാളികൾക്കിടയിൽ ഭാരതീയ മസ്ദൂർ സംഘം നേതൃത്വത്തെക്കുറിച്ച് വലിയ മതിപ്പുണ്ടാക്കുന്നതായിരുന്നു.

**ചെങ്കൊടിയേന്തിയ കൈകളിൽ കാവികൊടി....!**

കോഴിക്കോട്ടെ ട്രേഡ് യൂണിയനുകൾ സംയുക്തമായി ആഹ്വാനം ചെയ്ത പ്രക്ഷോഭത്തിന്റെ ഭാഗമായി നഗരത്തിൽ ഒരു പ്രകടനം നടക്കുകയുണ്ടായി. പ്രകടനം തുടങ്ങുന്ന സ്ഥലത്ത് (മുതലക്കുളം മൈതാനി) എല്ലാ സംഘടനകളുടെയും കൊടി മുമ്പേ കെട്ടിവെച്ചിരുന്നു. ബി.എം. എസ്സിന്റെ കൊടികളും വേണുഏട്ടൻ അവിടെ എത്തിച്ചു. പ്രകടനം ആരംഭിക്കുകയും അതാത് സംഘടനകൾ അവരവരുടെ കൊടികൾ പിടിക്കുകയും ചെയ്തു. ബി.എം.എസ്സിന്റെ കുറച്ച് കൊടികൾ ബാക്കിവന്നു. അത് എന്തുചെയ്യണമെന്ന് നിശ്ചയമില്ലാതെ നിൽക്കുമ്പോൾ പ്രകടനത്തിന്റെ പിൻനിരയിലുണ്ടായിരുന്ന മുനിസിപ്പൽ തൊഴിലാളികൾ ഓടിവന്ന് ബാക്കിയുള്ള കൊടികൾ എടുത്ത് എല്ലാവരുടെയും കൈയ്യിൽ കൊടുത്തു. വേണുഏട്ടന് ആശ്വാസമായി. ആരുടേയും സമ്മർദ്ദമോ നിർബന്ധമോ ഇല്ലാതെ തന്നെ ബി.എം. എസ്സിന്റെ കാവികൊടികൾ മറ്റു സംഘാനക്കാർ കയ്യിലേന്തി. ഇത്തരത്തിൽ വ്യത്യസ്തമായ ഒരു പ്രകടനം ആദ്യമായി നഗരവീഥിയിലൂടെ ഒഴുകി.

**1967–ൽ ഭാരതീയ മസ്ദൂർ സംഘത്തിന്റെ പ്രഥമ ദേശീയ സമ്മേളനം ദൽഹിയിൽ നടക്കുന്നതിന്റെ മുന്നോടിയായി സ്വ. ദത്തോപന്ത് ഠേംഗിഡിജിയുടെ ശ്രമഫലമായി ഭാരതത്തിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും, പ്രമുഖ വ്യവസായ സ്ഥാപനങ്ങളിലും മസ്ദൂർ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരുന്നു. അതേ കാലയളവിൽതന്നെ കേരളത്തിൽ ബി.എം.എസ്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണു ഏട്ടനെ ആയിരുന്നു ഠേംഗ്ഡിജി നിയോഗിച്ചിരുന്നത്.**

**നർമ്മം കലർന്ന പ്രേരണ, മാർഗ്ഗദർശനം**

ദൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്നതിനിടെ ഒരിക്കൽ കോഴിക്കോട് ബി.എം.എസ്. ഓഫീസിലെത്തിയ വേണുഏട്ടൻ ഒരു പത്രക്കുറിപ്പ് തയ്യാറാക്കി. “നിങ്ങൾക്ക് എഴുതാൻ വലിയ താല്പര്യമാണെന്നാണല്ലോ ഇവരൊക്കെ പറയുന്നത് എന്നുപറഞ്ഞുകൊണ്ട് ആ കുറിപ്പ് എന്നെ ഏൽപിച്ചു. നമ്മുടെ ലെറ്റർ പാഡിൽ എഴുതി ഉടനെ പ്രസ്സ് ക്ലബിൽ കൊടുക്കാൻ പറഞ്ഞു. എഴുതിക്കൊണ്ടിരിക്കെ ഇത്ര കൂടുതൽ കൊടുത്താൽ പ്രസിദ്ധീകരിക്കുമോ എന്ന് ഞാൻ സംശയം പ്രകടിപ്പിച്ചു. നമ്മൾ എഴുതിക്കൊടുക്കുക; എഡിറ്റ് ചെയ്യണമോ വേണ്ടയോ എന്നൊക്കെ അവർ തീരുമാനിക്കട്ടെ. അവരുടെ ജോലി നമ്മൾ ചെയ്യേണ്ടതില്ലല്ലോ എന്നായിരുന്നു മറുപടി.

ഒരിക്കൽ വേണുഏട്ടന്റെ കാൽതൊട്ട് വന്ദിക്കാൻ ശ്രമിച്ചു. ഉടനെ പറഞ്ഞു. ''ഏയ് പാടില്ല. ''കാലുപിടിത്തം കാക്കപിടുത്തക്കാരുടെ പണിയാണ്.'' എന്റെ കാലുപിടിച്ചാൽ നിങ്ങൾ എന്നിൽനിന്നും എന്തോ കാര്യം സാധിക്കാൻ വന്നതാണെന്ന് ഇവരൊക്കെ തെറ്റിദ്ധരിക്കും. അതുകൊണ്ട് അതൊക്കെ ഒഴിവാക്കണം എന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

മറ്റൊരിക്കൽ കോഴിക്കോട് ഗ്രാമജില്ലയിലെ കൊടുവള്ളി ശാഖയിൽ സംഘടിപ്പിച്ച ഒരു പൊതു പരിപാടിയിൽ സംസാരിക്കുന്നതിന് വേണു ഏട്ടനെ കൂട്ടിക്കൊണ്ടു പോകാനുള്ള ചുമതല എനിക്കായിരുന്നു. അതനുസരിച്ച് ഞാൻ ചാലപ്പുറം സംഘകാര്യാലയത്തിൽചെന്ന് വേണുഏട്ടനെ കണ്ടു. യാത്രയ്ക്ക് വാഹനം ഏൽപിക്കട്ടെ എന്ന് ചോദിച്ചു: ഉടനെ പറഞ്ഞു: തീർച്ചയായും എനിക്ക് ആറ് ചക്രമുള്ള ഒരു വണ്ടി ഏൽപിക്കണമെന്ന്. ഒരുനിമിഷം ഞാൻ ചിന്തിച്ചു. പിന്നീടാണ് ബസ്സിൽ പോയാൽ മതിയെന്നാണതിന്റെ അർഥമെന്ന് എനിക്ക് മനസ്സിലായത്. നഗരത്തിലെ മിക്കസ്ഥലത്തും നടന്നു പോവുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. റെയിൽ വേസ്റ്റേഷനിൽനിന്ന് മിക്കപ്പോഴും ചാലപ്പുറം ആർ.എസ്.എസ്. കാര്യാലയത്തിലേക്ക് നടക്കും. ചിലപ്പോൾ ബസ്സിലും. അപൂർവ്വം സന്ദർഭങ്ങളിൽ മാത്രമേ പ്രത്യേകം വാഹനം ആശ്രയിക്കാറുണ്ടായിരുന്നുള്ളൂ.

ലളിതവും ത്യാഗപൂർണ്ണവുമായ അദ്ദേഹത്തിന്റെ ജീവിതം മാതൃകാപരവും അദ്ദേഹത്തിന്റെ വാക്കുകൾ എക്കാലവും നമുക്ക് പ്രേരണാദായകവുമാണെന്ന കാര്യത്തിൽ സംശയമില്ല.


നിരീക്ഷണങ്ങൾ

വിശകലനങ്ങൾ

# മഹാത്മാഗാന്ധി എന്ന പ്രഹേളിക



**കല്ലറ അജയൻ**
9446751163




**പലരും പലരീതിയിലാണ് ഗാന്ധിജിയെ വിലയിരുത്തിയതും മനസ്സിലാക്കിയതും. കമ്മ്യൂണിസ്റ്റുകൾ അദ്ദേഹത്തെ ബ്രിട്ടീഷ് ചാരനെന്നു വിളിച്ചു. ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു അടുത്തകാലത്ത് ഗാന്ധിജിയെ ബ്രിട്ടീഷ് ഏജന്റ് എന്നു വിളിച്ചത് വലിയ വിവാദമായത് മറക്കാൻ സമയമായിട്ടില്ല. ജിന്ന മഹാത്മജിയെ ഒരു ഹിന്ദുമൗലികവാദിയായാണ് കണ്ടത്. കടുത്ത മുസ്ലീം പക്ഷപാതിയായി ഹിന്ദുക്കളിൽ ചിലർ അദ്ദേഹത്തെ വിലയിരുത്തി. ഈശ്വരതുല്യനായി ലക്ഷക്കണക്കിനു ഭാരതീയർ കണ്ടു.**

ഗാന്ധിജി ചരിത്രത്തിൽ വിടർന്ന അത്ഭുതങ്ങളിലൊന്നാണ്. ഇന്ത്യപോലുള്ള ഒരു രാജ്യത്തിൽ മാത്രമേ ഒരു ഗാന്ധിയുണ്ടാവൂ. ഇന്ത്യയുടെ അഗാധമായ ആത്മീയ പാരമ്പര്യമാണ് ഗാന്ധിജിയെപ്പോലുള്ള അത്ഭുതവ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുത്തത്. പലരും പലരീതിയിലാണ് ഗാന്ധിജിയെ വിലയിരുത്തിയതും മനസ്സിലാക്കിയതും. കമ്മ്യൂണിസ്റ്റുകൾ അദ്ദേഹത്തെ ബ്രിട്ടീഷ് ചാരനെന്നു വിളിച്ചു. ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു അടുത്തകാലത്ത് ഗാന്ധിജിയെ ബ്രിട്ടീഷ് ഏജന്റ് എന്നു വിളിച്ചത് വലിയ വിവാദമായത് മറക്കാൻ സമയമായിട്ടില്ല. ജിന്ന മഹാത്മജിയെ ഒരു ഹിന്ദുമൗലികവാദിയായാണ് കണ്ടത്. കടുത്ത മുസ്ലീം പക്ഷപാതിയായി ഹിന്ദുക്കളിൽ ചിലർ അദ്ദേഹത്തെ വിലയിരുത്തി. ഈശ്വരതുല്യനായി ലക്ഷക്കണക്കിനു ഭാരതീയർ കണ്ടു.

വിദേശികൾ അത്ഭുതത്തോടും സംശയത്തോടും ചിലപ്പോഴൊക്കെ പുച്ഛത്തോടുമാണ് മഹാത്മാവിനെ കണ്ടത്. മഹാനായ തത്വചിന്തകൻ റസ്സൽ ഈ പാശ്ചാത്യമനോഭാവത്തിന്റെ എടുത്തുപറയാവുന്ന ഉദാഹരണമാണ്. പ്രത്യക്ഷത്തിൽ ഗാന്ധിജിയെ മഹാത്മാവെന്നു പുകഴ്ത്തുമ്പോഴും റസ്സലിന്റെ വാക്കുകളിൽ ഒരു നേരിയ പരിഹാസച്ഛായയുണ്ട്. പലപ്പോഴും അദ്ദേഹത്തിന്റെ ചിന്തയുടെ അപ്രായോഗികതയെക്കുറിച്ച് റസ്സൽ തന്ത്രപരമായി സൂചിപ്പിക്കുന്നുണ്ട്. പാല് മാംസാഹാരമായതിനാൽ അതിനെ ഉപേക്ഷിക്കുന്നതിന് പ്രതിജ്ഞ എടുത്ത ഗാന്ധി പിൽക്കാലത്ത് തന്ത്രപരമായി തന്റെ പ്രതിജ്ഞ ലംഘിച്ചത് റസ്സൽ തന്റെ ഉപന്യാസത്തിൽ എടുത്തുകാണിക്കുന്നുണ്ട്. രോഗിയായപ്പോൾ പാല് കുടിക്കാതിരുന്നാൽ

**ഗാന്ധിജിയുടെ രാഷ്ട്രീയ ശിഷ്യനായി നടിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ സാമൂഹ്യമൂല്യങ്ങളോട് നെഹ്റുവിന് കാര്യമായ താല്പര്യമൊന്നുമുണ്ടായിരുന്നില്ല. പുതിയ ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ പാശ്ചാത്യരീതികളെ പിൻപറ്റാനായിരുന്നു പണ്ഡിറ്റ്ജിക്കു താല്പര്യം.**



മരണം സംഭവിക്കാൻ സാധ്യതയുണ്ടെന്ന് ഡോക്ടർ അദ്ദേഹത്തെ ഉപദേശിച്ചത്രേ! ആ സന്ദർഭത്തിൽ പ്രതിജ്ഞ പശുവിൻപാലിനേയും എരുമപ്പാലിനേയും കുറിച്ചുമാത്രമാണെന്നും ആട്ടിൻപാൽ ഉപയോഗിക്കാമെന്നും ഭാര്യ സൂചിപ്പിച്ചപ്പോൾ പ്രായോഗികമതിയായ മഹാത്മാവ് ആട്ടിൻപാല് കുടിച്ച് ജീവൻ രക്ഷിച്ചത്രേ! ഇക്കാര്യങ്ങളൊക്കെ സൂചിപ്പിക്കുമ്പോൾ റസ്സലിന്റെ പേനയിൽ നേരിയ പരിഹാസത്തിന്റെ മഷിയുണ്ട്.

ഗാന്ധിജിയുടെ ആദർശങ്ങളെയൊക്കെ പുകഴ്ത്തുന്നതായി നടിക്കുന്നുണ്ടെങ്കിലും റസ്സൽ അവസാനമായി പറഞ്ഞുവയ്ക്കുന്നത് ആധുനിക ഇന്ത്യയ്ക്ക് മുന്നോട്ടു പോകണമെങ്കിൽ ഗാന്ധിയൻ രീതികൾ ഉപേക്ഷിച്ചു പുതിയ വഴികൾ സ്വീകരിക്കേണ്ടതുണ്ട് എന്നാണ്. ഗാന്ധിജിയുടെ രാഷ്ട്രീയശിഷ്യനായി നടിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ സാമൂഹ്യമൂല്യങ്ങളോട് നെഹ്റുവിന് കാര്യമായ താല്പര്യമൊന്നുമുണ്ടായിരുന്നില്ല. പുതിയ ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ പാശ്ചാത്യരീതികളെ പിൻപറ്റാനായിരുന്നു പണ്ഡിറ്റ്ജിക്കു താല്പര്യം. കടുത്ത ഹിന്ദുമതവിശ്വാസിയും മതപ്രചാരകനുമായിരുന്നു ഗാന്ധിജിയെങ്കിലും അഹിംസയുടേയും സഹിഷ്ണുതയുടേയും പേരിൽ അദ്ദേഹം കാണിച്ച കടുംപിടുത്തങ്ങൾ ഹിന്ദുക്കളിൽ ഒരു വിഭാഗത്തിൽ വലിയ വിപ്രതിപത്തിയുണ്ടാക്കി. വിഭജനത്തോടനുബന്ധിച്ചു നടന്ന ഹിന്ദുകൂട്ടക്കൊലകളിൽ അദ്ദേഹം കാര്യമായി ശ്രദ്ധിക്കാതിരുന്നതും അപൂർവ്വമായി നടന്ന മുസ്ലീം ആക്രമണങ്ങളിൽ വലിയ ഉത്കണ്ഠ രേഖപ്പെടുത്തിയതും കടുത്ത ഹിന്ദുമതപക്ഷപാതികളിൽ അമർഷമുണ്ടാക്കാനിടയായി.

ഹിന്ദുക്കളിൽ വലിയ ഒരു വിഭാഗം വരുന്ന പട്ടികജാതി വിഭാഗക്കാരെ മൊത്തത്തിൽ അസ്പൃശ്യർ എന്നും ദളിതർ എന്നും വിളിച്ച് ഹിന്ദുമതത്തിൽനിന്നകറ്റി ക്രിസ്തുമതത്തോട് അടുപ്പിക്കാൻ ബ്രിട്ടീഷ് സർക്കാരും മിഷനറികളും ശ്രമിച്ചപ്പോൾ അതിനെ നേരിടാൻ ഫലപ്രദമായി ശ്രമിച്ചത് മഹാത്മാഗാന്ധിയായിരുന്നു എന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ ആ പ്രവർത്തനത്തിൽ അദ്ദേഹത്തിന് ചില വീഴ്ചകൾപറ്റി. അതിൽ പ്രധാനം 'ഹരിജനങ്ങൾ' എന്നവിളിപ്പേര് അവർക്കുനൽകിയതാണ്. അങ്ങനെ ഒരു പ്രത്യേക നാമകരണം ചേരിതിരിവ് ഉണ്ടാകുമെന്ന് തിരിച്ചറിയാൻ മഹാത്മാവിനായില്ല. വലിയ ഒരു ബഹുമതിയായാണ് 'ഹരിയുടെ മക്കൾ' എന്നദ്ദേഹം പേരുനൽകിയത്. പക്ഷേ ഒരു പ്രത്യേക വിഭാഗം എന്ന തോന്നൽ സൃഷ്ടിക്കാനേ ആ പുതിയ പേരിനു കഴിഞ്ഞുള്ളു. ഹിന്ദുമതത്തിലെ ആയിരക്കണക്കിനു ജാതികളിൽ ചിലതു മാത്രമായിരുന്ന പട്ടികജാതിക്കാരെ ഒരു 'കാറ്റഗറി'യായി വേർതിരിക്കാൻ ഗാന്ധിജിയുടെ പേരിടൽ ഇടയാക്കി. ഇത് അംബേദ്കർ ഉൾപ്പെടെയുള്ളവരുടെ അപ്രീതിക്ക് കാരണമായി.

ഗാന്ധിജിയും നെഹ്റുവിനെപ്പോലെ ജാതി സംവരണത്തിന് എതിരായിരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന റാംസേ മക്ഡോണാർഡ് (Ramsay Mac Donald) 1932-ൽ കമ്മ്യൂണൽ അവാർഡ് പ്രഖ്യാപിച്ചത് ഇന്ത്യയിലെ പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും ജനവിഭാഗത്തെ ഉയർത്തികൊ

ണ്ടുവരുക എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നില്ല. മറിച്ച് ഭിന്നിപ്പിച്ചു ഭരിക്കൽ തന്ത്രത്തിന്റെ ഭാഗമായി ആയിരുന്നു. ഇത് ഹിന്ദു സമൂഹത്തെ ഭിന്നിപ്പിക്കുമെന്ന് മഹാത്മജി ഭയന്നിരുന്നു. അതുകൊണ്ടുതന്നെ എല്ലാത്തരം സംവരണങ്ങളേയും അദ്ദേഹം എതിർത്തു. ഇത് അംബേദ്കറിനെപ്പോലുള്ളവർക്ക് ഇഷ്ടപ്പെട്ടില്ല. ഒരേകീകൃത ഹിന്ദുമതം ഗാന്ധിജി സ്വപ്നം കണ്ടിരുന്നു. ജാതിയുടെ പേരിലുള്ള വിഭാഗീയതയെ അദ്ദേഹം വെറുത്തിരുന്നു. അതിന്റെ ഭാഗമായാണ് വ്യാപകമായ അയിത്തോച്ചാടനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അദ്ദേഹം തുനിഞ്ഞത്. സ്ഥിരമായ ജാതിസംവരണത്തിന് എതിരായിരുന്നെങ്കിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പോലെ താഴ്ന്ന വിഭാഗങ്ങളെ സംവരണത്തേക്കാൾ വേഗത്തിൽ സമൂഹത്തിന്റെ മേൽത്തട്ടിലേക്ക് കൊണ്ടുവരുന്ന പ്രവർത്തനങ്ങൾക്ക് അദ്ദേഹം എതിരായിരുന്നില്ല.

ഇന്നും രാഷ്ട്രപിതാവെന്ന സ്ഥാനം നൽകി നമ്മൾ ആദരിക്കുമ്പോഴും അദ്ദേഹത്തെക്കുറിച്ച് പലതരം വിമർശനങ്ങളും വിയോജിപ്പുകളും പലയിടങ്ങളിൽനിന്നും കേൾക്കുന്നുണ്ട്. അത് സ്വാഭാവികമാണുതാനും. ലോകത്ത് ഒരു മഹാത്മാവിനേയും ഏകാഭിപ്രായത്തോടെ ആരും എവിടെയും സ്വീകരിച്ചിട്ടില്ല. വംശീയവേർതിരിവുകൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്ത എബ്രഹാംലിങ്കനെ വെള്ളക്കാരിലൊരുവൻ വെടിവച്ച് കൊല്ലുകയാണല്ലോ ചെയ്തത്. പക്ഷെ വെള്ളക്കാർക്ക് ഭൂരിപക്ഷമുള്ള അമേരിക്ക അദ്ദേഹത്തെ ഇന്നും ആദരിക്കുന്നു. 'അമ്മയെത്തല്ലിയാലും രണ്ടുപക്ഷം' എന്നു പൊതുവേ പറയുന്നതുപോലെ ഏതു നന്മ



**ദക്ഷിണാഫ്രിക്കയിലെ കറുത്തവർ വിമോചിതരായപ്പോൾ നെൽസൺമണ്ടേല തന്റെ പ്രഭാഷണം ആരംഭിച്ചതുതന്നെ 'ഞാനിപ്പോൾ ഗാന്ധിജിയെ ഓർക്കുന്നു' എന്നു പറഞ്ഞുകൊണ്ടായിരുന്നു. ഇന്ത്യ എന്നു കേൾക്കുമ്പോൾ തന്നെ പലരും 'ഗാന്ധിജിയുടെ നാട്' എന്നാണ് വിശേഷിപ്പിക്കുന്നത്.**

ചെയ്യുന്നവർക്കും എതിരാളികൾ ഉണ്ടാവും.

ഭാരതത്തിന്റെ വികാസത്തിനും ശിഥിലീകരണത്തിനും ഗാന്ധിജിയുടെ ആദർശങ്ങൾ വഴിവെച്ചതായി ചിലർ കണക്കാക്കുന്നു. ഗാന്ധിജിയുടെ ബുദ്ധിപൂർവ്വമായ നിലപാടുകളാണ് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നതെന്ന ഭൂരിപക്ഷം കരുതുമ്പോൾ സ്വാതന്ത്ര്യം വൈകിയതിനു കാരണം അദ്ദേഹത്തിന്റെ അഹിംസയാണെന്നു കരുതുന്നവരുമുണ്ട്. വലിയ ആയുധശക്തിയുണ്ടായിരുന്ന ബ്രിട്ടനെ ആയുധംകൊണ്ടു തോല്പിക്കുക എളുപ്പമല്ല എന്ന തിരിച്ചറിവാണ് അദ്ദേഹത്തെ സഹനസമരത്തിന്റെ വഴിയിലേക്കു നയിച്ചതെന്നു ചിലർ വിശ്വസിക്കുന്നു.

അന്ധന്മാർ ആനയെക്കണ്ടതുപോലെ പലരും പലരീതിയിലാണ് ഗാന്ധിജിയെ വിലയിരുത്തിയതെങ്കിലും ലോകത്തിൽ വലിയൊരു വിഭാഗത്തിന് അദ്ദേഹം ഇന്നു സ്വീകാര്യനാണ്. ബർനാഡ്ഷായും ഐൻസ്റ്റീനും ഗാന്ധിജിയുടെ വക്താക്കളോ ആരാധകരോ ആയിരുന്നു. മാർട്ടിൻ ലൂതർ കിങ്ങും നെൽസൺ മണ്ടേലയും വഴികാട്ടിയായി കണ്ടത് മഹാത്മാവിനെ ആയിരുന്നു. ദക്ഷിണാഫ്രിക്കയിലെ കറുത്തവർ വിമോചിതരായപ്പോൾ നെൽസൺമണ്ടേല തന്റെ പ്രഭാഷണം ആരംഭിച്ചതുതന്നെ 'ഞാനിപ്പോൾ ഗാന്ധിജിയെ ഓർക്കുന്നു' എന്നു പറഞ്ഞുകൊണ്ടായിരുന്നു. ഇന്ത്യ എന്നു കേൾക്കുമ്പോൾ തന്നെ പലരും 'ഗാന്ധിജിയുടെ നാട്' എന്നാണ് വിശേഷിപ്പിക്കുന്നത്. വിയോജിപ്പുകൾ എന്തൊക്കെയുണ്ടായാലും ഗാന്ധിജി ഒരു ദേശീയ ബിംബം (National Icon) ആയി മാറിക്കഴിഞ്ഞിരിക്കുന്നു. ആ മഹാവ്യക്തിത്വത്തെ അദ്ദേഹത്തിന്റെ ദൗർബല്യങ്ങൾ മറന്ന് ഭാരതത്തിന്റെ ഏകത്വത്തിന്റെ പ്രതീകമായി നിലനിർത്തുന്നതാണ് പ്രായോഗികമായ ശരി.

●

# എൽ – 20 പ്രാരംഭയോഗം

**പ്രത്യേക ലേഖകൻ**




**ലോ**കത്തിലെ മുഖ്യ സാമ്പത്തികശക്തികളുടെ ഗ്രൂപ്പായ ജി–20യുമായി ബന്ധപ്പെട്ട എൽ–20 (ലേബർ 20) യുടെ ആദ്യയോഗം അമൃത്സറിൽവെച്ച് നടന്നു. തൊഴിലാളികളുടെ ആവശ്യങ്ങളും താല്പര്യങ്ങളും പഠിച്ച് ജി–20 നേതാക്കളുടെ മുന്നിൽ അവതരിപ്പിക്കുക എന്നതാണ് എൽ–20യുടെ പ്രധാനലക്ഷ്യം. 2008–ലെ ആഗോളസാമ്പത്തികമാന്ദ്യം മുതൽ കൂടുതൽ നല്ലതും തുല്യതയുള്ളതും സുസ്ഥിരവുമായ ഒരു ലോകക്രമം സൃഷ്ടിക്കുന്നതിനുവേണ്ടി എൽ–20 പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വർദ്ധന, സാമൂഹ്യസുരക്ഷ, അവകാശ സംരക്ഷണം, ലിംഗസമത്വം എന്നീ വിഷയങ്ങളിൽ എൽ–20 കൂടുതൽ ശ്രദ്ധ നല്കുന്നു. മാന്യവേതനം, സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ അന്തരീക്ഷം, അടിമവേല, ബാലവേല എന്നീ വിഷയങ്ങളിലും എൽ–20 ഇടപെടുന്നുണ്ട്. 20 രാജ്യങ്ങളിൽ നിന്നുള്ള ട്രേഡ് യൂണിയൻ പ്രതിനിധികളും തൊഴിൽരംഗത്തെ വിദഗ്ധരും യോഗത്തിൽ പങ്കെടുത്തു. ഭാരതീയ മസ്ദൂർസംഘം അഖിലേന്ത്യാ പ്രസിഡണ്ട് ഹിരൺമയപാണ്ഡ്യ യോഗത്തിൽ അധ്യക്ഷത വഹിച്ചു. സാമൂഹ്യ സുരക്ഷ, കുടിയേറ്റതൊഴിലാളികൾ, തൊഴിലാളികളുടെ വൈദഗ്ധ്യപരിശീലനം തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

ഉദ്ഘാടന സഭ നയിച്ചത് ഇ.പി.ഫ്.ഒ. ട്രസ്റ്റിയായ എസ്. മല്ലേശം ആണ്. പ്രതിനിധികൾ ചേർന്ന് വിളക്ക് തെളിയിച്ചുകൊണ്ടാണ് യോഗം തുടങ്ങിയത്. അധ്യക്ഷപ്രസംഗത്തിൽ ഹിരൺമയപാണ്ഡ്യ സുസ്ഥിരവികസനത്തിനുവേണ്ടി ശുപാർശകൾ സമർപ്പിക്കാൻ പ്രതിനിധികളെ ആഹ്വാനം ചെയ്തു. ബി.എം.എസ്. മുൻ അധ്യക്ഷൻ അഡ്വ. സി.കെ.സജിനാരായണൻ യോഗത്തിന്റെ നടപടിക്രമങ്ങൾ വിശദീകരിച്ചു. ആസൂത്രണകമ്മീഷൻ മുൻ അംഗം അരുൺ മെയ്ര, ഹെർമെന്റോ അഹമദ് (ഇന്തോനേഷ്യ) എന്നിവർ പ്രത്യേക വിഷയങ്ങളിൽ പ്രഭാഷണം നടത്തി. കേന്ദ്ര തൊഴിൽവകുപ്പുമന്ത്രി ഭൂപേന്ദ്ര യാദവ് ഓൺലൈനായി പ്രതിനിധികളെ അഭിസംബോധന ചെയ്തു. ജി–20യുടെ 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി ' എന്ന മുദ്രാവാക്യം 'വസുധൈവകുടുംബകം' (ലോകമേ തറവാട്) എന്ന നമ്മുടെ ചിന്തയിലേക്ക് നയിക്കാൻ പര്യാപ്തമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

സാമൂഹ്യ സുരക്ഷ സംബന്ധിച്ച യോഗത്തിൽ എ.സി.എഫ്.ടി.യു (ഓൾ ചൈന ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻ) പ്രതിനിധിയായ വൂചാൻഹ്വ അധ്യക്ഷത വഹിച്ചു. ഐ.എൽ.ഒ. പ്രതിനിധിയായ ഡോ. പ്രവീൺ സിൻഹ മോഡറേറ്റർ ആയി പ്രവർത്തിച്ചു. വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട് ഫാക്കൽട്ടിയായ ഡോ. രുമഘോഷ് മുഖ്യപ്രസംഗം നടത്തി. ലോകജനസംഖ്യയിൽ 46.9 ശതമാനം ജനങ്ങൾക്കേ സാമൂഹ്യ സുരക്ഷിതത്വമുള്ളൂ എന്ന് അവർ വ്യക്തമാക്കി. 4.1 ബില്യൻ ജനങ്ങൾ സുരക്ഷിതരല്ല എന്നാണ് അവർ ചൂണ്ടിക്കാണിച്ചത്. പ്രൊ. സന്തോഷ് മെഹ്റോത്ര (യു.കെ) സാമൂഹ്യ സുരക്ഷയ്ക്കു പകരം സാമൂഹ്യ ഇൻഷൂറൻസ് ആണ് ആവശ്യമെന്ന് ചൂണ്ടിക്കാണിച്ചു. പ്രഭാകരൻ ബാണാസുര (ഇ.പി.എഫ്.ഒ. ട്രസ്റ്റി), ഡോ. ധൻപാത്രം അഗർവാൾ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ട്രേഡ്), വി. രാധാകൃഷ്ണൻ (ഇ.എസ്.ഐ. ബോർഡ് അംഗം) എന്നിവരും പ്രസംഗിച്ചു.

കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച യോഗത്തിൽ ദീപക് ജയ്സ്വാൾ (എൻ.എഫ്.ഐ.ടി.യു) അധ്യക്ഷത വഹിച്ചു. ഡോ. ദുർഗേഷ് റോയ്, ഓർടേമിയോ പലാഷ്യസ് കുസ്റ്റ (ബ്രസീൽ), നാസ്സർ അബ്ദുൾ അസീസ് അൽജർയാദ് (സൗദി അറേബ്യ), മുഹമ്മദ് ഒമ്രാൻ സയിദ് റാഷിദ് അൽ ബാക്ലാനി (ഒമാൻ) എന്നിവർ പ്രസംഗിച്ചു. പ്രൊ. ഹൃദയാരാജൻ വിഷയാവതരണം നടത്തി.

അസംഘടിത തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ സാമൂഹ്യസുരക്ഷ സംബന്ധിച്ച യോഗത്തിൽ ഡോ. എസ്.പി. തിവാരി(ടി.യു.സി.എൽ.) അധ്യക്ഷത വഹിച്ചു. ആചാര്യ എ.ഡി.എൻ. വാജ്പേയ് (വൈസ്ചാൻസലർ,

അടൽബിഹാരി വാജ്പേയ് യൂണിവേഴ്സിറ്റി, ഛത്തീസ്ഗഡ്), ഫിലിപ്പ് കരിക്കാരി സർപേജ് (ഘാന), ബാബുൽ അക്താർ (ബംഗ്ളാദേശ്), അജിത് ഝാ തുടങ്ങിയവർ യോഗത്തിൽ പ്രസംഗിച്ചു. അന്തർദേശീയ തൊഴിൽ സംഘടനയുടെ 2008-ലെ റിപ്പോർട്ട് പ്രകാരം 3.3 ബില്യൺ തൊഴിലാളികളിൽ 61 ശതമാനവും അസംഘടിത മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ 45 ശതമാനവും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ഇവരുടെ വരുമാനം മറ്റു തൊഴിലാളികളെ അപേക്ഷിച്ച് വളരെ കുറവുമാണ്. ഭാരതം അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഇ-ശ്രം പോർട്ടലിന്റെ പ്രദർശനവും യോഗത്തിൽ ഉണ്ടായി. ഇത്തരം ഒരു സ്ഥിതിവിവരശേഖരം ആദ്യത്തേതാണെന്നും 28 കോടി തൊഴിലാളികൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും വിശദീകരിക്കപ്പെട്ടു. രജിസ്റ്റർ ചെയ്തവരിൽ 52 ശതമാനം സ്ത്രീകളാണ്. കൂടുതൽ തൊഴിലാളികളും കാർഷിക മേഖലയിലാണ് പ്രവർത്തിക്കുന്നത് എന്നും വ്യക്തമാക്കി. ഇവരുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാരുകൾ സഹായിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

തൊഴിലാളികളുടെ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച യോഗത്തിൽ വിനോദ്കുമാർ തോമർ അധ്യക്ഷത വഹിച്ചു. ഓർട്ടേലിയോ പലഷ്യസ്, കുവസ്റ്റ (ബ്രസീൽ), അഭിഷേക് (ദത്തോപാന്ത് ഠേംഗ്ഠി ദേശീയ തൊഴിൽ വിദ്യാഭ്യാസ ബോർഡ്), ഡോ. സ്റ്റിഫാനി അലൈസ് (ദക്ഷിണാഫ്രിക്ക),ഫക്കീൽ ചൗധരി (ബംഗ്ളാദേശ്), സന്തോഷ് മെഹ്റോത്ര (യു.കെ.) തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സർവ്വീസിന്റെ തുടക്കത്തിലും തുടർന്നും തൊഴിൽ പരിശീലനം നൽകണം. വ്യക്തികളുടേയും സ്ഥാപനത്തിന്റേയും രാജ്യത്തിന്റേയും വളർച്ചയ്ക്ക് ഇതാവശ്യമാണ് എന്നീ നിർദ്ദേശങ്ങൾ യോഗം മുന്നോട്ടുവച്ചു.

പുതിയ തൊഴിലവസരങ്ങൾ സംബന്ധിച്ച യോഗത്തിൽ ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്ര ഹിംതേ അധ്യക്ഷത വഹിച്ചു. പ്രൊഫ. ഗർഹാഡ് ബോഷ് (ജർമ്മനി), നബാൻ അഹമ്മദ് മുഹമ്മദ് അൽബട്ടാഷി (ഒമാൻ), പ്രൊ. ഷാങ് (ചൈന), കനക് കുമാർ സർമാൻ (ബംഗ്ലാദേശ്) എന്നിവർ പ്രസംഗിച്ചു. കോവിഡ്-19 തൊഴിൽ സാധ്യതകൾ ഇല്ലാതാക്കിയതുമൂലം യുവാക്കളുടെ തൊഴിലില്ലായ്മ കൂടിയിരിക്കുകയാണ്. ഇവ പരിഹരിക്കാൻ സത്വര ശ്രദ്ധ ആവശ്യമാണെന്നും യോഗം വിലയിരുത്തി.

മാന്യമായ തൊഴിൽ എന്ന വിഷയത്തിൽ നടന്ന യോഗത്തിൽ സുനിൽ കുമാർ (എച്ച്.എം.കെ.പി) അധ്യക്ഷം വഹിച്ചു. പ്രൊ. മാരിയോ ബിഗ്ഗേരി (ഇറ്റലി), കുമാർ രാജീവ് രഞ്ജൻ, രാമേന്ദ്രകുമാർ (ടി.യു.സി.സി) എന്നിവർ പ്രസംഗിച്ചു. സ്വതന്ത്രവും സുരക്ഷിതവും നീതിപൂർവ്വവുമായ തൊഴിൽ എന്നതാണ് മാന്യമായ തൊഴിൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മാന്യവേതനം, വ്യക്തിത്വവികസനം എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ സുരക്ഷ ഉറപ്പാക്കണം. തൊഴിൽപരമായ കാര്യങ്ങളിൽ സാമ്പത്തികമായ വീക്ഷണത്തിൽനിന്ന് മനുഷ്യത്വപരമായ സമീപനം കൈക്കൊള്ളേണ്ടതുണ്ട് എന്ന് യോഗം അഭിപ്രായപ്പെട്ടു.

വേതനം സംബന്ധിച്ച ചർച്ചയിൽ നടാലിയ കിമോവ (റഷ്യ) അധ്യക്ഷത വഹിച്ചു. പ്രൊ. ആനിസ് ചൗധരി (ആസ്ട്രേലിയ), ഗോവിന്ദ് പൂഡേൽ (നേപ്പാൾ) പ്രജ്ഞാ പരാൻഡെ (വി.വി.ഗിരി ഇൻസ്റ്റിറ്റ്യൂട്ട്), ദേവാൻ ക്യൂഡോ (മൊറീഷ്യസ്), കനയ്കുമാർ ബർമാൻ, ജാതിയ ശ്രീമക് ജോട്ടെ (ബംഗ്ലാദേശ്) എന്നിവർ പ്രസംഗിച്ചു. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ വേതനം നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. മാന്യമായ വേതനം തൊഴിലാളികളുടെ മാന്യമായ ജീവിതം ഉറപ്പുവരുത്തുന്നതിന് ആവശ്യമാണ്. മാന്യവേതനം എന്ന ആവശ്യം ഇപ്പോൾ ആഗോളവ്യാപകമായി ഉയർന്നുവരുന്നുണ്ട്. കോവിഡ്-19 പല സ്ഥലത്തും വേതനം വെട്ടിക്കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കോവിഡും യുക്രൈൻ യുദ്ധവും മൂലം ലോകത്താകെ നാണയപ്പെരുപ്പവും സാമ്പത്തിക പ്രതിസന്ധിയും ഉണ്ടായിട്ടുണ്ട്. നാണയപ്പെരുപ്പത്തിനനുസരിച്ച് വേതനത്തിൽ വർദ്ധനയുണ്ടാകാത്തത് തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കിയിട്ടുണ്ട്. അതിനാൽ എല്ലാ രാജ്യങ്ങളും മിനിമം വേതനത്തിൽനിന്ന് ജീവിതവേതനത്തിലേക്ക് (ലിവിംഗ് വേജ്)നയം മാറ്റണം എന്ന് യോഗം ആവശ്യപ്പെട്ടു.

സ്ത്രീകളും ഭാവിയിലെ ജോലികളും എന്ന വിഷയത്തിൽ നടന്ന യോഗത്തിൽ അതിഥി എൻ. പാസ്വാൻ (ഡൽഹി യൂണിവേഴ്സിറ്റി) അധ്യക്ഷത വഹിച്ചു. ഡോ. എലീന സമന്താരി (വിവിഗിരി ഇൻസ്റ്റിറ്റ്യൂട്ട്), പ്രൊ. അലക് എൻ. ശർമ, ശ്യാമലി രണരാജ (ശ്രീലങ്ക), നടലിയ കിമോവ (റഷ്യ), ജിയാൻ സാങ് (ചൈന) എന്നിവർ പ്രസംഗിച്ചു. വാണിമനോരാജ് വിഷയാവതരണം നടത്തി. തൊഴിൽരംഗത്തെ സ്ത്രീ സാന്നിധ്യം കുറവാണ്. ആധുനീകരണം തൊഴിലിടങ്ങളിൽനിന്ന് സ്ത്രീകളെ കുറക്കാൻ കാരണമായിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട് എന്നും സ്ത്രീകൾക്ക് കൂടുതൽ അവസരം ഉറപ്പാക്കേണ്ടതുണ്ടെന്നും യോഗം ആവശ്യപ്പെട്ടു.

L20 INDIA 2023

# തീവണ്ടിയപകടം ഉയർത്തുന്ന ചോദ്യങ്ങൾ





**ടി. എം. നാരായണൻ**
**9846219659**

**രാ**ജ്യം കണ്ട ഏറ്റവും വലിയ തീവണ്ടി അപകടങ്ങളിലൊന്നാണ് ജൂൺ 2ന് ഒഡീഷയിലെ ബാലസോറിലുണ്ടായത്. 288 മനുഷ്യജീവൻ അപകടത്തിൽ നഷ്ടപ്പെട്ടു. ആയിരത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കോറമണ്ടൽ ഷാലിമാർ എക്സ്പ്രസ്സ് ചെന്നൈയിലേക്കുള്ള യാത്രയിൽ ലൂപ്പ് ലൈനിൽ നിർത്തിയിട്ടിരുന്ന ഇരുമ്പയിര് കയറ്റിയ ചരക്കുവണ്ടിയിൽ ഇടിച്ചുകയറിയാണ് അപകടമുണ്ടായത്. ഇതേസമയംതന്നെ അടുത്ത പാതയിലൂടെ എതിർദിശയിലേക്ക് വരികയായിരുന്ന യശ്വന്ത്പൂർ (ബംഗ്ളൂർ) ഹൗറ സൂപ്പർ ഫാസ്റ്റിലേക്ക് കോറമണ്ടലിന്റെ കോച്ചുകൾ വീണതിനെതുടർന്ന് പ്രസ്തുത വണ്ടിയുടെ പിന്നിലുള്ള രണ്ടുകോച്ചുകളും മറിയുകയാണുണ്ടായത്. കോറമണ്ടലിന് ലൂപ്പ് ലൈനിലേക്ക് പോകാൻ അവസരമുണ്ടായത് മനുഷ്യസഹജമായ തെറ്റായിരുന്നുവോ, ബോധപൂർവ്വമായ അട്ടിമറിയായിരുന്നുവോ എന്നതാണ് പ്രധാനമായും അന്വേഷണത്തിൽ കണ്ടെത്താനുള്ളത്. റെയിൽവെ സുരക്ഷാ അതോറിറ്റിയുടെ അന്വേഷണത്തിനുപുറമെ സി.ബി.ഐ. അന്വേഷണവും നടക്കുന്നുണ്ട്. സാധാരണ ഗതിയിൽ സിഗ്നലിൽ പിഴവ് വരാൻ സാധ്യതയില്ല എന്നാണ് റെയിൽവേയുടെ നിലപാട്. ആ സാഹചര്യത്തിലാണ് അപകട കാരണം അട്ടിമറിയാണോ എന്ന് സംശയിക്കപ്പെടുന്നത്. അതുകൊണ്ടാണ് കേന്ദ്ര സർക്കാർ സി.ബി.ഐ. അന്വേഷണം തന്നെ പ്രഖ്യാപിച്ചിട്ടുള്ളത്.

അടുത്തകാലത്തൊന്നും ഇത്രയും വലിയ തീവണ്ടി അപകടം ഉണ്ടായിട്ടില്ല. റെയിൽവെയുടെ ആധുനീകരണം ധ്രുതഗതിയിൽ നടക്കുകയാണ്. എങ്കിലും ആധുനീകരണവും സുരക്ഷിതത്വപ്രവർത്ത

നങ്ങളും പൂർത്തീകരിക്കുന്നതുവരെ തീവണ്ടികളുടെ വേഗം വർദ്ധിപ്പിക്കുന്ന നടപടി നിയന്ത്രിക്കേണ്ടതല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വന്ദേഭാരത് വണ്ടികൾ മണിക്കൂറിൽ 180 കിലോമീറ്റർ വേഗത്തിൽ ഓടിക്കുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും പരമാവധി വേഗത 160 കി.മീറ്ററായിട്ടാണ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ വേഗം ന്യൂഡൽഹി ആഗ്ര പാതയിൽ മാത്രമാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. ഡൽഹി-മുംബൈ, ഡൽഹി-ഹൗറ പാതകളും ഇതേ വേഗം കൈവരിക്കാനുള്ള നവീകരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. വളവുകളും മറ്റും കൂടുതലായതിനാൽ കേരളത്തിൽ 120 കിലോമീറ്റർ വേഗം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കോറമണ്ടൽ എക്സ്പ്രസ്സ് 128 കി.മീറ്റർ വേഗത്തിൽ ഓടിക്കൊണ്ടിരിക്കെയാണ് അപകടമുണ്ടായത്. പല അതിവേഗ തീവണ്ടികളിൽ ഒന്നുമാത്രമാണിത്. വന്ദേ ഭാരത് പോലുള്ള വണ്ടികൾ ഇനിയും വരാനിരിക്കുകയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് കൂടുതൽ സർവ്വീസുകൾ തുടങ്ങാൻ റെയിൽവെ നിർബന്ധിതമാകുന്നുണ്ട്. പല ലൈനുകളിലും പരിധിയിൽ കവിഞ്ഞ സർവ്വീസുകൾ ഉള്ളതായി ആക്ഷേപമുണ്ട്. 68,000 കി.മീറ്റർ ദൈർഘ്യമുള്ള റെയിൽ സംവിധാനവും 20,000 തീവണ്ടികൾ സർവ്വീസ് നടത്തുകയും ചെയ്യുന്ന രാജ്യത്ത് സുരക്ഷാസംവിധാനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കേണ്ടതുണ്ട്. വണ്ടികളുടെ കൂട്ടിയിടി ഒഴിവാക്കാൻ 'കവച്' എന്ന സംവിധാനം റെയിൽവെ നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ട്. മുഴുവൻ റെയിൽ ശൃംഖലയിലും ഇതു വ്യാപിപ്പിക്കാൻ അടിയന്തിര നടപടി ആവശ്യമാണ്. ആവശ്യത്തിന് അനുസരിച്ച് ജീവനക്കാർ ഇല്ലാത്തതുമൂലം കൂടുതൽ സമയം ജോലി ചെയ്യേണ്ടിവരുന്നതുംസുരക്ഷാ പിഴവുകൾ വർദ്ധിക്കാൻ കാരണമാകുന്നുണ്ട്. ഇത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് നടപടിയെടുക്കാൻ റെയിൽവെ തയ്യാറാകേണ്ടതുണ്ട്.




**അടുത്തകാലത്തൊന്നും ഇത്രയും വലിയ തീവണ്ടി അപകടം ഉണ്ടായിട്ടില്ല. റെയിൽവെയുടെ ആധുനീകരണം ധ്രുതഗതിയിൽ നടക്കുകയാണ്. എങ്കിലും ആധുനീകരണവും സുരക്ഷിതത്വപ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതുവരെ തീവണ്ടികളുടെ വേഗം വർദ്ധിപ്പിക്കുന്ന നടപടി നിയന്ത്രിക്കേണ്ടതല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.**

മരണപ്പെട്ടവരിലും പരിക്കുപറ്റി ചികിത്സയിൽ കഴിയുന്നവരിലും വലിയൊരു വിഭാഗം കുടിയേറ്റ തൊഴിലാളികളാണ്. മരണപ്പെട്ടവരിൽ 80 പേരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഇതിൽ ഭൂരിപക്ഷവും ബംഗ്ലാദേശിൽ നിന്നുള്ളവരാകാനുള്ള സാധ്യതയുമുണ്ട്. ഇക്കാര്യവും പ്രത്യേകം അന്വേഷിക്കേണ്ടിവരും. ഉയർന്ന വേതനം പ്രതീക്ഷിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ജോലിക്കു പോകുന്ന ബംഗാളികളും ബീഹാറികളും മറ്റുമായ കുടിയേറ്റ തൊഴിലാളികളാണ് രണ്ടുവണ്ടികളിലും കൂടുതലായി ഉണ്ടാകാറുള്ളത്. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കുപറ്റിയവർക്കും മാന്യമായ നഷ്ടപരിഹാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അംഗവൈകല്യം സംഭവിച്ചതുമൂലവും മറ്റും ജോലിചെയ്യാൻ കഴിയാത്തവർക്ക് കൂടുതൽ പരിഗണന നല്കേണ്ടിവരും. എന്നാൽ ഇനി ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ എല്ലാവിധ നടപടികൾക്കും അധികൃതർ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം. ●

## ആഗസ്റ്റ് 28 അമൃതാ ദേവി ബലിദാന ദിനം

# ദേശീയ പരിസ്ഥിതി സംരക്ഷണ ദിനം



**സിബി വർഗ്ഗീസ്**
**ബി. എം. എസ്. സംസ്ഥാന സെക്രട്ടറി**

**ഭാ**രതീയ മസ്ദൂർ സംഘം ആഗസ്റ്റ് 28 അമൃതാദേവി ബലിദാനദിനം ദേശീയ പര്യാവരണദിനമായാണ് ആചരിക്കുന്നത്. വൃക്ഷങ്ങളുടെ രക്ഷയ്ക്കായി ബലിദാനം ചെയ്ത വീരവനിത അമൃതാദേവിക്ക് വനസംരക്ഷണത്തിനായി നടത്തിയ പ്രക്ഷോഭത്തിൽ 1730 ഓഗസ്റ്റ് 28ന് ജീവൻ ത്യജിക്കേണ്ടി വന്നു. രാജസ്ഥാനിലെ ജോധ്പൂരിൽ അന്നത്തെ ഭരണാധികാരിയായിരുന്ന അജിത് സിംഗ് തന്റെ കൊട്ടാരങ്ങളും കോട്ടകളും പണിയുന്നതിനായി അടുത്തുള്ള ഖേജഡലി ഗ്രാമത്തിൽ നിന്നും ഖേജഡി വൃക്ഷങ്ങൾ വെട്ടി കൊണ്ടുവരുവാൻ സേവകരോട് ഉത്തരവിട്ടു. മരുഭൂമിയിലെ ജനങ്ങളുടെ ജീവൻ നിലനിർത്തുന്നതും ഈശ്വരീയമായി സംരക്ഷിച്ചു പോരുന്നതുമായ ഖേജഡി വൃക്ഷങ്ങൾ മുറിക്കുന്നതിനെ ജനങ്ങൾ ഒന്നടങ്കം എതിർത്തു എന്നാൽ ബലം പ്രയോഗിച്ച് മുറിക്കുവാനുള്ള ഭരണാധികാരിയുടെ കൽപ്പന ധിക്കരിക്കാൻ ഭയന്ന ഗ്രാമീണരെ സംഘടിപ്പിച്ചുകൊണ്ട് രാമോ വൈഷ്ണോയി എന്ന ഗ്രാമീണന്റെ ധർമ്മപത്നിയായ അമൃതാദേവിയുടെനേതൃത്വത്തിൽ



സ്ത്രീകളും കുട്ടികളും അടക്കം നൂറുകണക്കിന് ആളുകൾ ദിവാന്റെ ഉത്തരവ് ലംഘിച്ചു. അമൃതാദേവിയും രണ്ടു പുത്രിമാരും മരത്തിൽ ചുറ്റിപ്പിടിച്ചുകൊണ്ട് മരം മുറിക്കുന്നതിനെ എതിർത്തു. ദിവാന്റെ സേവകർ അവരെ അടക്കം 363 പേരെ വൃക്ഷത്തോട് ചേർത്ത് വെച്ച് വധിച്ചു. ഏഴ് ദിവസം നീണ്ടുനിന്ന ക്രൂരതയിൽ ഗ്രാമത്തിലെ നിരവധി ഗ്രാമീണരുടെ തലകൾ അറുത്തു മാറ്റി ഒടുവിൽ ഒരു നവ വധൂവരന്മാരുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ദിവാൻ കീഴടങ്ങി. ഗ്രാമവാസികളോട് അദ്ദേഹം ക്ഷമായാചന നടത്തി ആ പ്രദേശത്ത് ഒരു മരവുംമുറിക്കരുതെന്നും ജീവികളെകൊല്ലരുതെന്നും കൽപ്പിച്ചു. ഇന്നും അവിടുത്തെ ജനങ്ങൾ ആ ശാസനം പാലിച്ചു പോരുന്നു. അപൂർവ്വമായ കറുത്ത മാനുകൾ ഈ വനത്തിൽ വസിക്കുന്നു. മാനിനെ വേട്ടയാടിയതിന് സിനിമാ നടൻ സൽമാൻ ഖാനെ അടുത്തകാലത്ത് കോടതി ശിക്ഷിച്ചിരുന്നു. പരിസ്ഥിതി സംരക്ഷിക്കാൻ അമൃതാദേവി നടത്തിയ ബലിദാനം ലോകം മുഴുവനും മാതൃകയാണ്. ഉത്തരാഖണ്ഡിൽ പരിസ്ഥിതി സംരക്ഷണത്തിനായി നടന്ന

ചിപ്കോ പ്രക്ഷോഭത്തിന് പ്രേരണ അമൃതാദേവി ബലിദാനമായിരുന്നു. ഇന്ന് ഖേജഡലി ഗ്രാമത്തിൽ അമൃതാദേവി സ്മൃതി സ്മാരകം സ്ഥിതി ചെയ്യുന്നു. എല്ലാവർഷവും ബലിദാനദിവസം ഇവിടെ പരിസ്ഥിതി മേള നടക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ ദിവസം ആളുകൾ ഇവിടെയെത്തുന്നു തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് അമൃതാദേവി പുരസ്കാരം നൽകുന്നു. സർക്കാർ നിയന്ത്രണത്തിൽ 35 ഹെക്ടർ പ്രദേശത്ത് അമൃതാദേവി വൃക്ഷോദ്യാനം സ്ഥിതി ചെയ്യുന്നു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനം നിത്യജീവിതത്തിന്റെ ഭാഗമായി മാറേണ്ട ഈ കാലഘട്ടത്തിൽ ഭാരതീയർക്ക് അമൃതാദേവി ബലിദാനം പ്രേരണ നൽകും.

G 20 രാജ്യങ്ങളുടെ സമ്മേളനത്തിന് ഭാരതം അദ്ധ്യക്ഷത വഹിക്കുകയാണ് ഈ സമ്മേളനത്തിന്റെ ആപ്ത വാക്യം One earth, one family, one future എന്നതാണ്. ഇതു തന്നെയാണ് ആയിരക്കണക്കിനു വർഷം മുന്നേ ഭാരതം മുമ്പോട്ടു വയ്ക്കുന്ന “വസുധൈവ കുടുംബകം” എന്ന സങ്കൽപ്പം. ലോകത്തെ ഒരു കുടുംബമായി കാണുന്ന ഭാരതീയ കാഴ്ചപ്പാടുകളും ദർശനങ്ങളും മാതൃകകളും ഇന്ന് ലോകത്തിന്റെ എല്ലാ പ്രതിസന്ധികൾക്കും പരിഹാരമാണ്. ഈ ഭൂമിയുടെയും, ജീവജാലങ്ങളുടെയും നിലനിൽപ്പ് ഭാരതീയതയിലേയ്ക്ക് ലോകം എത്തിച്ചേരുക എന്നതാണ്. ഇന്ന് ലോകത്തിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് പരിസ്ഥിതി സന്തുലനവും, ആഗോളതാപനവും ഭൌമോപരിതലത്തിന് അടുത്തുള്ള വായുവിന്റെയും സമുദ്രങ്ങളുടെയും ശരാശരി താപനിലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായുള്ള വ്യതിയാന അവസ്ഥയെയാണ് ആഗോളതാപനം എന്നുപറയുന്നത്. പ്രാപഞ്ചിക കാരണങ്ങൾ കൊണ്ട് ഹരിതഗൃഹവാതകങ്ങളായ കാർബൺഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്നു. സൂര്യനിൽ നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുന്നതുമൂലവും ഭൂമിയിലെതാപനില വർദ്ധിക്കുന്നു, മനുഷ്യന്റെ അത്യാർത്തിയുടെ പരിണിതഫലമായി ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സംഭവിക്കുന്നു. ഇത് പാരിസ്ഥിതിപ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു പരിസ്ഥിതി നശീകരണമാണ് കാലവസ്ഥ വ്യതിയാനത്തിന്റെ മുഖ്യ കാരണമായി കാണുന്നത്. അതിനാൽ പരിസ്ഥിയുടെ സംരക്ഷണം നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറണം. പരിസ്ഥിതിയെ ഒറ്റവാക്കിൽ നിർവചിക്കുക അത്ര എളുപ്പമല്ല. പല ഘടകങ്ങളും ഉൾക്കൊള്ളുന്ന

**ഉപേക്ഷിക്കപ്പെട്ട ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ഉപകരണങ്ങളും ഉപകരണഭാഗങ്ങളും ചേർന്നതാണ് ഇ-മാലിന്യം അഥവാ ഇലക്ട്രോണിക് മാലിന്യം. ഉപയോഗശൂന്യമായ ഇത്തരം ഉപകരണങ്ങളെ നാം മണ്ണിലേക്ക് വലിച്ചെറിയുമ്പോഴുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ചെറുതല്ല. വെയിലും മഴയുംഏറ്റ് അതിൽനിന്നുംപുറത്തുവരുന്ന വെളുത്തീയം, കാരീയം, രസം,കാഡ്മിയം തുടങ്ങിയ വിഷപദാർത്ഥങ്ങൾ മേൽമണ്ണിനെ വിഷലിപ്തമാക്കുകയും ഭൂഗർഭ ജലത്തെ വിഷമയമാക്കുകയും ചെയ്യുന്നു.**

താണ് പരിസ്ഥിതി. നാം താമസിക്കുന്ന വീട്, പുരയിടം, തൊഴിലിടം,നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, ജീവിക്കുന്ന പ്രദേശം, ഉപയോഗിക്കുന്ന വാഹനം, സഹവസിക്കുന്ന ജനങ്ങൾ, കടൽ, കായൽ, പുഴകൾ, പാതകൾ,പർവ്വതങ്ങൾ, കാടുകൾ തുടങ്ങി സമൂഹം ഒന്നിച്ചനുഭവിക്കുന്ന എല്ലാം പരിസ്ഥിതിയുടെ ഭാഗമാണ്.വയലുകളും വൃക്ഷങ്ങളും ഫല വൃക്ഷങ്ങളും നിറഞ്ഞ പറമ്പുകളും പകുതിയും അപ്രത്യക്ഷമായിരിക്കുന്നു. വൃക്ഷലതാദികൾ ഉണങ്ങിക്കരിഞ്ഞ് നിൽക്കുന്നു. ഒരു പറമ്പിലും ഫലവൃക്ഷങ്ങൾകാണാൻകിട്ടാതായിരിക്കുന്നു. വിളനിലങ്ങൾ കൂടിഇല്ലാതായിരിക്കുന്നു. പുഴകൾ വറ്റി വരളുന്നു. പുഴകൾ മലിനപ്പെട്ട് കറുത്ത ജലാശയമായി മാറുന്നു ഇതിനെല്ലാം കാരണം പരിസ്ഥിതി മലിനീകരണമാണ്. ഇതിന്റെ ഉത്തരവാദി മനുഷ്യൻ മാത്രമാണെന്ന് കാണാൻ സാധിക്കും. പ്രകൃതിയെ കറന്നെടുത്തു ജീവിച്ചിരുന്ന മനുഷ്യൻ ക്രമേണ ചൂഷണം ചെയ്തു ജീവിക്കാൻ തുടങ്ങി. ഭൂമിയുടെ സ്വാഭാവികത തകർത്ത് പുൽമേടുകളും കുന്നുകളും നിരത്തി, വയലുകൾ നികത്തി, സ്വാഭാവിക കിണറുകളും കുളങ്ങളും ഉപേക്ഷിച്ച് ഭൂഗർഭ ജലം ഊറ്റാൻ തുടങ്ങി. അരുവികളിലും പുഴകളിലേയും കൃഷി ആവശ്യത്തിനുള്ള താത്കാലിക തടയണകൾ മാറ്റി മറ്റു പല താത്പര്യങ്ങൾക്കുമായി ഡാമുകൾ പണിത് അവയുടെ സ്വാഭാവിക ഒഴുക്കിനെ തടഞ്ഞു. രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ഉപയോഗിച്ചു വ്യവസായിക വത്കരണത്തിന്റെ പേരിൽ മണ്ണിന്റെയും, കാടിന്റെയും, വായുവിന്റേയും ജലത്തിന്റേയും ഘടനയെ മാറ്റിമറിച്ചു. കൂടാതെ നിത്യജീവിതത്തിലെ മനുഷ്യന്റെ ഉപഭോഗ സംസ്കാരവും ജീവിത ശൈലിയും പരിസ്ഥിതിയെ സാരമായി ബാധിക്കുന്നുവെന്ന് കാണാം.

നാം ഉപയോഗിക്കുന്ന നിത്യോപയോഗ വസ്തുക്കൾ പേസ്റ്റ്, സോപ്പ്,ലോഷൻ, ഡിഷ് വാഷ് ബാർ,ടൊയ്‌ലറ്റ് ക്ലീനർ, സ്പ്രേ,ഹെയർ ജെല്ലുകൾ, റൂം ഫ്രെഷ്നർ, എയർ കണ്ടീഷണർ, റെഫ്രിജേറ്റർ എന്നീ മാറ്റി വയ്ക്കാനാകാത്ത പലതും കുറേശ്ശെയായി നമ്മുടെപരിസ്ഥിതിയെ മലിനപ്പെടുത്തിക്കൊണ്ടിരുന്നു. ഇവ ഭൂമിയിൽ അന്തഃരീക്ഷത്തെ നശിപ്പിക്കുന്നു. സാധന സാമഗ്രികൾ വാങ്ങി അവയെ ടിന്നുകളിൽ അടച്ച് ബാക്കിയാകുന്ന പ്ലാസ്റ്റിക്കവറുകൾ നാം കത്തിക്കുന്നു. മണ്ണിനൊപ്പം ഉരുകിച്ചുരുങ്ങിയ ഇവ ലയിച്ചുചേരാതെ മണ്ണിൽ തന്നെ കിടക്കുന്നു മഴ ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നത് തടയുന്ന ഇവ വെള്ളത്തെ ഭൂമിയുടെ ഉപരിതലത്തിലൂടെ ഒഴുകിയകറ്റുന്നു മണ്ണിന്റെ ഫലഭൂയിഷ്ടത നഷ്ടമാകുന്നു

നാം നേരിടുന്ന മറ്റൊരു മാലിന്യ പ്രശ്നമാണ് ഇ-മാലിന്യം. ഉപേക്ഷിക്കപ്പെട്ട ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ഉപകരണങ്ങളും ഉപകരണഭാഗങ്ങളും ചേർന്നതാണ് ഇ-മാലിന്യം അഥവാ ഇലക്ട്രോണിക് മാലിന്യം. ഉപയോഗശൂന്യമായ ഇത്തരം ഉപകരണങ്ങളെ നാം മണ്ണിലേക്ക് വലിച്ചെറിയുമ്പോഴുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ചെറുതല്ല. വെയിലും മഴയുംഏറ്റ് അതിൽനിന്നുംപുറത്തുവരുന്ന വെളുത്തീയം, കാരീയം, രസം, കാഡ്മിയം തുടങ്ങിയ വിഷപദാർത്ഥങ്ങൾ മേൽമണ്ണിനെ വിഷലിപ്തമാക്കുകയും ഭൂഗർഭ ജലത്തെ വിഷമയമാക്കുകയും ചെയ്യുന്നു. ഇവ കൂട്ടിയിട്ട് കത്തിക്കുമ്പോൾ അന്തരീക്ഷത്തിലെത്തുന്ന പുക സാധാരണ മാലിന്യപുകയുടെ ആറിരട്ടിയാണ്. ജീവന് ആധാരമായ വായുവിന്റെ മലിനീകരണം നാൾക്കുനാൾ കൂടി വരുന്നു, വിഷവാതകങ്ങളിലൊന്നായ കാർബൺ മോണോക്സൈഡ് അന്തിരീഷത്തിൽ വ്യാപിക്കുന്നതിന് മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ അവലംബിക്കാത്ത വ്യവസായശാലകൾ കാരണമാകുന്നു. ഫാക്ടറികൾ വികസനം നൽകുന്നു എങ്കിലും ഫാക്ടറികളിലെ നിർമ്മാണപ്രവർത്തനങ്ങളിൽ പുറം തള്ളപ്പെടുന്ന മാലിന്യങ്ങൾ പുഴകളിലും തോടുകളിലും തുറന്ന് വിടുമ്പോൾ വിഷാംശം കലരുന്ന ജലം പ്രകൃതിയിലെ ജീവജാലങ്ങളിൽ അതിജീവനത്തിന്റെ സാധ്യതകൾ കുറയ്ക്കുകയും പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെ തകിടം മറിക്കുകയും ചെയ്യുന്നുമെന്നതിനാൽ നൂതന സങ്കേതിക വിദ്യകൾ നടപ്പിലാക്കി അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണം



മറ്റൊരു പ്രശ്നം അടുക്കള മാലിന്യമാണ്. ആഹാരത്തിന്റെ വെയ്സ്റ്റുകൾ, പച്ചക്കറി, പഴവർഗ്ഗങ്ങൾ മത്സ്യമാംസാദികൾ എന്നിവയുടെ അവശിഷ്ടങ്ങൾ അടുക്കളയിൽ ധാരാളം മാലിന്യങ്ങൾ ഉണ്ടാക്കുന്നു. ഈ മാലിന്യങ്ങളൊക്കെയും നാം സാധാരണ ഒഴിഞ്ഞ ഇടങ്ങളിൽ വലിച്ചെറിയുന്നു, ചിലർ പൊതിഞ്ഞു കെട്ടി റോഡരുകിൽ ഉപേക്ഷിക്കുന്നു, ചിലർ പുഴയിൽ കൊണ്ടുപോയി തള്ളുന്നു. ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്ന മാലിന്യം പലരീതിയിൽ മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നങ്ങളായി മാറുന്നു

കാലാവസ്ഥാവ്യതിയാനം തീർച്ചയായും നമ്മുടെ ആരോഗ്യമേഖലയ്ക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. അന്തരീക്ഷ ഊഷ്മാവ് കൂടുന്നതനുസരിച്ച് പല ജലജന്യ രോഗങ്ങളും ഉണ്ടാക്കുന്ന ബാക്ടീരിയകൾ (കോളറ,വയറിളക്കം, ഹെപ്പറ്റൈറ്റിസ്) പെരുകും. സൂര്യാഘാതമേൽക്കൽ, നിർജ്ജലീകരണം തുടങ്ങിയ പ്രശ്നങ്ങൾ വർദ്ധിക്കും. ഭൂമിയുടെ ഉപരിതല വിസ്തീർണ്ണത്തിൽ എഴുപത്തിയൊന്ന് ശതമാനവും സമുദ്രമാണ്. ഭൂമിയിലെ ആകെ ജലത്തിൽതൊണ്ണൂറ്റിഏഴ് ശതമാനവും ഉപ്പുവെള്ളമാണ്. ബാക്കി

യുള്ള മൂന്ന് ശതമാനം വെള്ളത്തിൽ എഴുപത് ശതമാനവും ധ്രുവപ്രദേശങ്ങളിലും, പർവ്വതങ്ങളിലും മഞ്ഞുപാളികളായി ഉറഞ്ഞു കിടക്കുന്നു. ഭൂമിയിലെ ആകെ ജലത്തിന്റെ ഒരു ശതമാനം മാത്രമാണ് മനുഷ്യന് ഉപയോഗിക്കുവാൻ യോഗ്യമായ വിധം ഭൂമിയിലെ ജലാശയങ്ങളിലും ഭൂഗർഭജലമായും മറ്റും കാണപ്പെടുന്നത്. ലോകത്തുള്ള മുഴുവൻ ജലത്തിന്റെയും ഒരംശം മാത്രമേ ശുദ്ധജലമായി നമുക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ഉള്ളൂ. ജലക്ഷാമം ഇന്ന് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പ്രധാന വെല്ലുവിളിയായി നിലകൊള്ളുന്നു. സ്ത്രീകളെയും കുഞ്ഞുങ്ങളെയും, സാധാരണ ജനവിഭാഗങ്ങളെയുമാണ് ഇത് കൂടുതൽ ബാധിക്കുന്നത്. ലോക ജനസംഖ്യയിൽ ആറിൽ ഒരു ഭാഗം ആളുകൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം ലഭിക്കുന്നില്ല. എല്ലാ വർഷവും നാല്പത് ലക്ഷം കുട്ടികളാണ് ലോകമൊട്ടാകെ കുടിവെള്ളം ലഭിക്കാതെയും, ശുചിത്വ നിലവാരം പാലിക്കാനാകാതെയും മരണമടയുന്നതെന്ന് കണക്കുകൾ പറയുന്നു. ലോകം മുഴുവനുമുള്ള ആശുപത്രികൾ എടുത്താൽ അവയിൽ പകുതിയിൽ കൂടുതൽ രോഗികളെയും പ്രവേശിപ്പിക്കുന്നത് ജലജന്യരോഗബാധിതരായിട്ടാണ്. ജലലഭ്യത കുറയുവാനുള്ള കാരണങ്ങൾ പരിശോധിച്ചാൽ അതിൽ ഏറ്റവും പ്രധാനമായത് വനനശീകരണമാണ്. 1950 മുതലുള്ള അമ്പതു വർഷം കൊണ്ട് 300 കോടി ഹെക്ടറിൽ കൂടുതൽ വനങ്ങളാണ് ആഗോളതലത്തിൽ നശിപ്പിക്കപ്പെട്ടതായി കണക്കാക്കുന്നത്. ഇപ്പോഴും ഓരോ വർഷവും ഏതാണ്ട് 2 കോടി ഹെക്ടർ വനം വെട്ടിയും, കാട്ടുതീ മൂലവും, ഇടിച്ചു നിരത്തിയും നഷ്ടപ്പെടുന്നു. 1950 നും 2000 നുമിടയ്ക്ക് ആളോഹരി വനഭൂമി പകുതികണ്ട് കുറഞ്ഞു

മഴക്കാടുകൾ വിസ്മൃതിയിലേക്ക് നീങ്ങുകയാണ്. ജലസ്രോതസ്സുകൾ മലിനപ്പെട്ടു തുടങ്ങിയതോടെ ശുദ്ധജല ക്ഷാമം രൂക്ഷമായി. സമുദ്രങ്ങളുടെ നിലയും പരിതാപകരമാണ്. എണ്ണ പ്രസരിച്ചു കിടക്കുന്ന വെള്ളവും സമുദ്രാന്തർഭാഗത്തെ അണുവിസ്ഫോടന പരീക്ഷണങ്ങളും ജലത്തെ മലീമസമാക്കി. ഇങ്ങനെയുള്ള നിരവധി പാരിസ്ഥിതികപ്രശ്നങ്ങൾ വരും നൂറ്റാണ്ടിൽ മനുഷ്യന്റെ ആവാസ വ്യവസ്ഥയെ അപ്പാടെ തകർക്കുന്ന സാഹചര്യമാണുള്ളത്. ഇവിടെയാണ് പൂർവ്വികർ കാണിച്ച വഴികളിലൂടെ നദികളെയും മലയെയും, വനങ്ങളെയും പുണ്യസങ്കേതങ്ങളായി കണ്ടുകൊണ്ട് പരിസ്ഥിതി സംരക്ഷിക്കാൻ തയ്യാറാവേണ്ടത്

പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ മാത്രം പ്രതികരിക്കുന്നതിന് പകരം പ്രകൃതിസംരക്ഷണ ബോധമുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കുവാൻ കഴിയണം



നമ്മുടെ പാഠ്യപദ്ധതികളിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തണം, പരിസ്ഥിതി ദിനം കേവലം വൃക്ഷത്തൈ നടീലും സെമിനാറിലും മാത്രമാവാതെ, പരിസ്ഥിതി സംരക്ഷണ ബോധം സാധാരണ ജനങ്ങളിലെത്തിക്കുന്ന ജനകീയ പദ്ധതികൾ ആസൂത്രണം ചെയ്യണം വീടും പരിസരവും മാലിന്യ മുക്തമാക്കുക, മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക, മാലിന്യനിർമ്മാർജനത്തിൽ എല്ലാവരെയും പങ്കാളികളാക്കുക, വീടുകളിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കുന്ന സംവിധാനങ്ങൾ ഒരുക്കുക, ജൈവവളപ്ലാന്റുകളും ബയോഗ്യാസും വീടുകളിൽ തന്നെ ഉണ്ടാക്കി മാലിന്യനിർമ്മാർജനം നടത്തുന്നതിന് തയ്യാറാക്കുക എന്നത് ഓരോ പൗരന്റേയും കർത്തവ്യമാകണം. അതിന് ഈ പരിസ്ഥിതി ദിനാചരണം നമുക്ക് പ്രചോദനമേകും. ■



# വനമില്ലെങ്കിൽ നാമില്ല

**ബിജു ബി. നായർ**

**പ്രസിഡന്റ്**
**കേരള ഫോറസ്റ്റ് പ്രൊട്ടക്ടീവ് സ്റ്റാഫ് സംഘ്**

**ഭാ**രതീയ ദർശനങ്ങളും, തത്വചിന്തകളും അനുസരിച്ച് പരിസ്ഥിതി സംരക്ഷണത്തിൽ നമ്മുടെ പൂർവ്വീകർ പ്രകൃതിയെയും ഭൂമിയെയും ജീവജാലങ്ങളെയും സംരക്ഷിക്കുന്നതിന് അതീവ ശ്രദ്ധ പുലർത്തിയിരുന്നു. മണ്ണിനെയും വൃക്ഷങ്ങളെയും മൃഗങ്ങളെയും എന്തിനേറെ കല്ലിനെയും പാമ്പിനെയും വരെ സംരക്ഷിക്കുകയും പൂജിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യമായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ഇന്ന് മനുഷ്യ - വന്യ ജീവി സംഘർഷവും കാലാവസ്ഥാ വ്യതിയാനവും നാൾക്കുനാൾ കൂടിവരുമ്പോൾ നമ്മുടെ പൂർവ്വീകരുടെ മഹത്തായ കാഴ്ചപ്പാടുകളെ സ്മരിക്കാതെ പ്രകൃതി സംരക്ഷണം സാധ്യമല്ല. ഭാരതീയ കാഴ്ചപ്പാടിൽ പ്രകൃതിയുടെ മഹത്തായ ശക്തികൾ - ഭൂമി, ജലം, അഗ്നി, വായുവും ബഹിരാകാശവും - അതുപോലെ ജീവിതത്തിന്റെ വിവിധ ക്രമങ്ങൾ ഉൾപ്പെടെ ചെടികളും മരങ്ങളും വനവും മൃഗങ്ങളും ജീവിതത്തിന്റെ കോസ്മിക് ചങ്ങലയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ നൂറ്റാണ്ടുകളായി പ്രകൃതിയെ കൊള്ള ചെയ്യുന്നതും ചൂഷണം ചെയ്യുന്നതും നമ്മെയും സമൂലമായി പിടികൂടിയിരിക്കുന്നു. പ്രകൃതിയുമായുള്ള നമ്മുടെ ബന്ധത്തിലെ ഈ മാറ്റം തിരിച്ചറിഞ്ഞ് ഇതിന് ഒരു പോംവഴി കാണുക എന്നതാണ് പ്രധാനം. ഭൗമ സൗഹൃദ ജീവിതത്തിന് മുൻകൈയെടുക്കാൻ, വ്യക്തിപരമായ മിതത്വം, കുറഞ്ഞ ഊർജ്ജ ഉപഭോഗം, ബദൽ ഊർജ്ജം, സുസ്ഥിര ഭക്ഷ്യ ഉൽപ്പാദനവും, സസ്യഭക്ഷണവും ഇതിനാവശ്യമായ ക്രിയാത്മകമായ സാങ്കേതികവിദ്യകൾ' കണ്ടെത്തേണ്ടത് കാലത്തിന്റെ ആവശ്യമായിരിക്കുന്നു. "വസുധൈവ കുടുംബകം" ലോകം മുഴുവൻ ഒരു തറവാടാണ് എന്ന് വിശ്വസിക്കുകയും എല്ലാവരും സമൻമാരാണ് എന്ന ചിന്ത മനസ്സിൽ കോതിയിടുന്നതുമാണ് ഉപനിഷത്ത് തത്വം. ഈ ഒരു ചിന്ത മനസ്സിൽ ഉണ്ടായാൽ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ അപരനുകൂടി ഹിതകരമായി ഭവിക്കണം എന്ന ചിന്ത മനസ്സിൽ വരുകയും, പ്രകൃതിചൂഷണം തടയാനും തനിക്ക് ഈ ഭൂമിയിലെ വിഭവങ്ങളിൽ ഉള്ള അതെ അധികാരം മറ്റുള്ളവർക്കും ഉണ്ടെന്നും, മിതമായ ഉപയോഗശേഷം വരും തലമുറകളിലേക്ക് ബാക്കി കരുതി വെക്കണം എന്ന ചിന്തയും ഉണ്ടാകും.

ഉപനിഷത്ത് പരിശോധിച്ചാൽ അത് പാരിസ്ഥിതിക സൗഹൃദമാണെന്നും, പരിസ്ഥിതിയോടുള്ള അവബോധം കണ്ടെത്താനും കഴിയും. വേദകാലഘട്ടത്തിൽ ആളുകൾ പ്രകൃതി പ്രതിഭാസത്തെയും, ആകാശത്തെയും ആരാധിച്ചു. അഗ്നി (അഗ്നി), ആപ് (ജലം), വായു (കാറ്റ്), മറുതുകൾ (കൊടുങ്കാറ്റ്) തുടങ്ങിയ ദൈവങ്ങളായി, സോമ (ചന്ദ്രൻ), ദ്യൗസ് (ആകാശം), പൃഥിവി (ഭൂമി), ഉസാസ് (പ്രഭാതം), ഇത്യാദികളെ ദൈവമാമായികരുതി വിവിധ ദൈവങ്ങളുമായുള്ള അവരുടെ ബന്ധ

ത്തിന്റെ രൂപത്തിലുള്ള പ്രതിഭാസമായ ഇന്ദ്രൻ, മിത്രൻ, വരുൺ, പൂസന, അദിതി, രുദ്ര ഇവിടെ പ്രകൃതിയുടെ എല്ലാ ഭാവങ്ങളും കാണാം.

വേദങ്ങൾ, ഉപനിഷത്തുകൾ, സ്മൃതി ഗ്രന്ഥങ്ങൾ, ക്ലാസിക്കൽ, സംസ്കൃതസാഹിത്യം എല്ലാം പ്രകൃതിയുടെ സംരക്ഷണത്തിന്റെ പ്രാധാന്യം നിർദ്ദേശിച്ചു. ഈശ്വര പൂജ സംബന്ധിച്ച വളരെ മാനുഷികമായ നിലപാടാണ് പരിസ്ഥിതി ശാസ്ത്രത്തിന്റെ നൈതികതയുടെ സംരക്ഷണം. പ്രാചീന ഇന്ത്യൻ സന്യാസിമാരും ഋഷിമാരും ദർശകരും പ്രപഞ്ച സൃഷ്ടിയെ ശാസ്ത്രീയമായി മനസ്സിലാക്കുകയും അഗാധമായ ജ്ഞാനത്തോടും സിദ്ധാന്തങ്ങളോടും കൂടി പ്രപഞ്ച പരിണാമത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തത്. അത് അക്കാലത്ത് പാശ്ചാത്യ ലോകത്തിന് മനസ്സിലാക്കാൻ കഴിയാത്തത്ര വികസിതമായിരുന്നു. പുരാതന ഗ്രന്ഥങ്ങളിൽ ഭൂമിയുടെ പരിണാമം, മഴയുടെ ശാസ്ത്രം, അതിന്റെ അളവും പ്രവചനവും, കാലാവസ്ഥാ ശാസ്ത്രം, ജലശാസ്ത്രം, ജലത്തിന്റെ ഉപയോഗവും മാനേജ്മെന്റും, പരിസ്ഥിതി സംരക്ഷണവും കാർഷിക ആസൂത്രണവും മുതലായവ വളരെ വിശദമായി പ്രതിപാദിക്കുന്നു.

വന സംരക്ഷണം പ്രകൃതി സംരക്ഷണത്തിന്റെ ഏറ്റവും പ്രധാന തലമാണ്. നമ്മുടെ വനഭൂമിയേയും അതിലെ ജീവികളെയും സംരക്ഷിക്കുകയും അവരുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിലൂടെ മനുഷ്യരുടെ ആവാസ വ്യവസ്ഥയാണ് തത്വത്തിൽ സംരക്ഷിക്കപ്പെടുന്നത്. എന്നാൽ സ്വാർത്ഥ താത്പര്യങ്ങൾക്ക് വശംവദരായി പലപ്പോഴും വന സംരക്ഷണ പ്രവർത്തനങ്ങളെ ജനവിരുദ്ധമായി ചിത്രീകരിക്കുന്ന പ്രവണതയും കണ്ടുവരുന്നു. വനം ഇല്ലെങ്കിൽ നാമില്ലെന്ന വസ്തുത മനസ്സിലാക്കി ജനങ്ങളും രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും ഒന്നിച്ചു നിന്നേ പറ്റൂ. 2018ലെ പോലെ ഒരു പ്രളയം ഇനി ഉണ്ടാകാതിരിക്കാനും കാലാവസ്ഥാവ്യതിയാനത്തിനും പ്രകൃതിസംരക്ഷണത്തിലൂടെ മാത്രമേ സാധ്യമാകൂ. നമ്മുടെ മാലിന്യം വലിച്ചെറിയാനുള്ള വിജനമായ പ്രദേശമല്ല കാട്, അത് മഹത്തായ ഒരു ആവാസ വ്യവസ്ഥ ആണെന്നും അതിനെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയെന്നും ഓരോ പൗരനെയും ബോധവാനാക്കേണ്ട ദിനമാണ് ഈ പരിസ്ഥിതി ദിനം.

**പ്രാചീന ഇന്ത്യൻ സന്യാസിമാരും ഋഷിമാരും ദർശകരും പ്രപഞ്ച സൃഷ്ടിയെ ശാസ്ത്രീയമായി മനസ്സിലാക്കുകയും അഗാധമായ ജ്ഞാനത്തോടും സിദ്ധാന്തങ്ങളോടും കൂടി പ്രപഞ്ച പരിണാമത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തത്.**

# അമൃതാദേവി പുരസ്കാരം അപേക്ഷ ക്ഷണിച്ചു

**എറണാകുളം:** പരിസ്ഥിതി സംരക്ഷണത്തിന് മികച്ച സംഭവാന നൽകിയ വ്യക്തിക്ക് ഭാരതീയ മസ്ദൂർ സംഘം അമൃതാദേവി പുരസ്കാരം നൽകുന്നു. 25001 രൂപയുടെ ക്യാഷ് അവാർഡും, പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം രാജസ്ഥാനിലെ ജോദ്പൂരിൽ വൃക്ഷങ്ങളുടെ സംരക്ഷണത്തിനായി നടത്തിയ പ്രക്ഷോഭത്തിൽ 1730 ഓഗസ്റ്റ് 28ന് തന്റെ മക്കളോടൊപ്പം ജീവൻ ത്യജിച്ച അമൃതാദേവിയുടെ സ്മരണയ്ക്കായിട്ടാണ് ദേശീയ പര്യാവരൺ ദിനമായി ഭാരതീയ മസ്ദൂർ സംഘം ആചരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് അമൃതാ ദേവി പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. സെപ്തംബർ 11 ന് എറണാകുളത്ത് നടക്കുന്ന സെമിനാറിൽ പുരസ്കാര ജേതാവിന് അവാർഡ് നൽകും. അപേക്ഷകർ പൂർണ്ണമായ മേൽ വിലാസം, പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി നടത്തിയ പ്രവർത്തനം എന്നിവ ഉൾപ്പെടുന്ന അപേക്ഷ keralabms60@gmail.com എന്ന ഇ - മെയിൽ വഴി അയക്കേണ്ടതാണ്. വ്യക്തികൾക്ക് നേരിട്ടും, മറ്റാളുകൾക്ക് ശുപാർശ ചെയ്തും അപേക്ഷകൾ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447330369 നമ്പറിൽ ബന്ധപ്പെടണമെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ അറിയിച്ചു.

# ഭീകരതയുടെ മൂടുപടം മാറ്റിയ കാശ്മീർ

**ഇയ്യിടെ കാശ്മീർ സന്ദർശിച്ച ലേഖകൻ മുമ്പ് കാശ്മീർ സന്ദർശിച്ചതിന്റെ അനുഭവങ്ങളും ചരിത്രവും അയവിറക്കിക്കൊണ്ട് ഇന്നത്തെ കാശ്മീരിനെ വിവരിക്കുന്നു.**



**കെ. വി. രാജേന്ദ്രൻ**
**9495493071**

**1846** മാർച്ച് 16ന് ജമ്മുകാശ്മീർ രാജാവ് ഹരിസിംഗും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി ചേർന്ന് ഒപ്പുവെച്ച കരാർപ്രകാരം 75 ലക്ഷം രൂപയും വാർഷിക കപ്പമായി ഒരു കുതിരയും 6 മുട്ടനാടും രണ്ട് ജോടി കാശ്മീർ ഷാളും നൽകാമെന്ന വ്യവസ്ഥയിൽ, 5000 വർഷങ്ങൾക്കുമുമ്പ് ജംബുലോചൻ നിർമ്മിച്ച ജമ്മു അടങ്ങുന്ന ജമ്മു കാശ്മീർ എന്ന നന്ദനോദ്യാനം ഹിന്ദു രാജാവിന്റെ ഭരണത്തിൻ കീഴിലായി. കുർത്തയും ചൂണിയും പൈജാമയും ധരിച്ച പഞ്ചാബിത്തരുണികൾ കൂസലില്ലാതെ കിന്നാരംപറഞ്ഞ് പൊട്ടിച്ചിരിച്ച് പരിമളം പരത്തി സഞ്ചരിക്കുന്ന മോഹനമായ ലാഹോറിലെ അനാർക്കലിത്തെരുവിനെക്കുറിച്ച് എസ്.കെ. പൊറ്റക്കാട് തന്റെ സഞ്ചാരസാഹിത്യത്തിൽ കുറിച്ചിട്ടുണ്ട്. ഹിമവാന്റെ കടാക്ഷ വലയത്തിൽപ്പെട്ട കാടുകളും വനാന്തരങ്ങളും മഞ്ഞണിഞ്ഞ കൊടുമുടികളും ജലാശയങ്ങളും ഉദ്യാനങ്ങളും ആപ്പിൾ തോട്ടങ്ങളും ഒക്കെചേർന്ന ഭൂമിയിലെ സ്വർഗ്ഗമായിരുന്ന കാശ്മീർ താഴ്വരയെ ചെകുത്താന്റെ വാസസ്ഥാനമാക്കി പ്രേതഭൂമിയാക്കി മാറ്റിയിട്ട് പതിറ്റാണ്ടുകളായി. 1947 ആഗസ്റ്റ് 15ന് ഭാരതം സ്വാതന്ത്ര്യം നേടുമ്പോഴും കാശ്മീർ രാജാവ് ''രാജാ ഹരിസിംഗിന്'' സംശയമായിരുന്നു ഇന്ത്യൻ യൂണിയനിൽ ലയിക്കണമോ പാക്കിസ്ഥാനിൽ ചേരണോ സ്വതന്ത്രമായി നിൽക്കണോ? എന്ന്.




ശ്രീ ശങ്കരാചാര്യ പീഠം

രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ രണ്ടാമത് സർസംഘചാലകയായിരുന്ന പൂജനീയ ഗുരുജിയുടെ ശക്തമായ ഇടപെടൽ കാശ്മീരിനെ ഭാരത ഭാഗത്ത് ഉറപ്പിച്ചു നിർത്തി. താഴ്വരയിൽ ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള മുസ്ലീം ജനവിഭാഗത്തിലെ ഒരു ചെറു വിഭാഗം ദേശവിരുദ്ധരെയും വിഘടനവാദികളെയും സഹായിക്കാൻ വേണ്ടി ദേശഹിതത്തിനെ കൊലചെയ്ത നമ്മുടെ ദേശീയ ഗവൺമെന്റുകൾ ഭീകരവാദത്തിന് വളമിടുകയായിരുന്നു. കാശ്മീരിന്റെ പ്രത്യേകപദവി നൽകുന്ന 370-ാം വകുപ്പ് എന്ന മാരക വിഷത്തിന്റെ ശക്തി കാശ്മീർ താഴ്വരയിലെ ഹിന്ദുദേശീയജനതയായ കാശ്മീരി പണ്ഡിറ്റുകളുടെ വംശീയ ഉന്മൂലനത്തിലാണ് കലാശിച്ചത്. 80കളിൽ പാക്കിസ്ഥാൻ നേതൃത്വം കൊടുക്കുന്ന അന്താരാഷ്ട്ര മുസ്ലീം ഭീകരവാദികൾ അഴിഞ്ഞാടിയ താഴ്വരയിൽ, കാശ്മീരി പണ്ഡിറ്റുകളുടെ ഹൃദയരക്തം ചിതറിത്തെറിച്ച് മഞ്ഞ്കണങ്ങൾ ചുവന്നപ്പോൾ ഭാരതത്തിലെ ജനാധിപത്യവാദികളും മനുഷ്യാവകാശപ്രവർത്തകരും മൗനത്തിന്റെ ചിതൽപുറ്റിലൊളിച്ച കെട്ടകാലത്തിന്റെ ഓർമ്മയിൽനിന്ന് കാശ്മീർ തിരിച്ചു നടക്കുകയാണ്. ഝലം നദിയുടെ ഗരിമ പങ്കിടുന്ന, ചേനാർമരങ്ങളും പോപ്ളർ മരങ്ങളും ഡാൽത്തടാകത്തിനുള്ളിൽ നിഴൽചിത്രങ്ങൾ വീഴ്ത്തുന്ന ശ്രീനഗർ, പച്ചപട്ടുനൂൽ കെട്ടുകൾ തൂക്കിയിട്ടപോലുള്ള പൈൻമരക്കാടുകളും, മഞ്ഞിന്റെ മയിൽപ്പീലികെട്ടണിഞ്ഞുനിൽക്കുന്ന കാശ്മീരിന്റെ താഴ്വാരങ്ങളിൽ സന്തോഷത്തോടെ കറങ്ങിനടക്കാൻ കൊതിച്ച സഞ്ചാരികളെ തടുത്തത് ഭീകരവാദമായിരുന്നു. പലായനം ചെയ്യപ്പെട്ട കാശ്മീരി പ




**ഹസ്രത്ബാൽ പള്ളി – ശ്രീനഗർ**

ണ്ഡിറ്റുകളുടെ വാക്കുകൾ ബധിര കർണ വിലാപങ്ങളായി. കൊത്തിനുറുക്കിയ സുന്ദരികളായ പണ്ഡിറ്റ് സ്ത്രീകളുടെ ശരീരഭാഗങ്ങൾ ഡൽഹിയിലേക്ക് അയച്ച കൊടും ക്രൂരതയുടെ നേർചിത്രങ്ങൾ കാണാനന്ന് രാഷ്ട്രീയ തിമിരം ബാധിച്ച നേതൃത്വത്തിന് സാധിച്ചില്ല. ഉയർന്നുപൊങ്ങിയ നിലവിളികളും പ്രാണനുവേണ്ടിപ്പിടഞ്ഞ ഹതഭാഗ്യരായ പണ്ഡിറ്റുകളുടെ രോദനങ്ങളും ആരും കേട്ടില്ല. ഇതിനെല്ലാം കവചം പണിഞ്ഞത് 370–ാം വകുപ്പ് ആയിരുന്നു. സ്വാതന്ത്ര്യാനന്തരം 5 പ്രധാനമന്ത്രിമാർ കാശ്മീരിന് ഉണ്ടായി. മെഹ്ർ ചന്ദ്മഹാജൻ, ഷെയ്ക് അബ്ദുള്ള, ബക്ഷി ഗുലാം മുഹമ്മദ്, ഖ്വാജാ ഷംസുദീൻ, ഗുലാംമുഹമ്മദ് സാദിക്. ഒരു രാഷ്ട്രത്തിൽ രണ്ട് പ്രധാനമന്ത്രിമാർ, രണ്ട് പതാക. കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വം ഈ അവമതിയെ അംഗീകരിച്ചിരുന്നു. 1953–ൽ ശ്യാമപ്രസാദ് മുഖർജി സ്വന്തം ജീവൻ ബലി നൽകിയതിനെത്തുടർന്ന് പ്രധാനമന്ത്രി പദവിയും പതാകയും ഉപേക്ഷിച്ചുവെങ്കിലും 370–ാം വകുപ്പ് ഉപയോഗിച്ച് പിന്നീട് വന്ന മുഖ്യമന്ത്രിമാരായ ഫറൂഖ് അബ്ദുള്ളയും, മുഫ്തിമുഹമ്മദ് സെയ്ദും ഒമർ അബ്ദുള്ളയും ഗുലാംനബി ആസാദും മെഹബൂബ മുഫ്തിയും ഒക്കെ അട്ടിപ്പേറവകാശംപോലെ താഴ്വര ഭരിക്കുകയായിരുന്നു.

1986–ലും 1996–ലും ജഗ്മോഹൻ ലഫ്റ്റനന്റ് ഗവർണറായി വന്നപ്പോൾ മാത്രമാണ് ചെറിയൊരാശ്വാസം അവിടെയുണ്ടായത്. വീണ്ടും ജനാധിപത്യത്തിന്റെ പേരിൽ അധികാരത്തിലേറിയ ഭരണകൂടത്തിന്റെ ഭീകരവാദത്തെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. 2008–ൽ നടന്ന അമർനാഥ് ക്ഷേത്രം SASB (Sri Amarnath Shrine Board) അമർനാഥ് ക്ഷേമബോർഡിന് ഭൂമി കൈമാറിയതിനെതിരെ ഷബിൽ അഹമ്മദ് ഷാ, സെയ്ദ് അലി ഷാ ഗിലാനി, മിർവാസ് ഒമർ ഫറൂഖ് എന്നിവർ നേതൃത്വം കൊടുത്തു. ശ്രീനഗറിൽ കലാപമുണ്ടാക്കാൻ JKLF, ആൾ പാർട്ടി ഹുറിയത്ത് കോൺഫറൻസ് (APHC), PDP എന്നിവരെല്ലാം ഒന്നിച്ച്നിൽക്കുകയായിരുന്നു. 6 പേർ കൊല്ലപ്പെട്ട ശ്രീനഗർ കലാപത്തിനെതിരെ അമർനാഥ് ഷ്രൈൻ സംഘർഷസമിതിയുടെ നേതൃത്വത്തിൽ നടന്ന ഐതിഹാസിക പ്രതിഷേധം ചരിത്രമായി. ജമ്മു-ശ്രീനഗർ ദേശീയപാതയിൽ 20 കി.മീ. ദൂരത്തിൽ 5 ലക്ഷം ആളുകൾ പങ്കെടുത്ത സമരം കാശ്മീരിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. 2008 ജൂലൈ 23ന് കുൽദീപ് രാജ് എന്ന സമരഭടന്റെ ജീവാഹുതി – പത്താൻകോട് –ജമ്മു ദേശീയപാത ഉപരോധം, ഒരാൾകൊല്ലപ്പെട്ടത്. തുടർന്ന് കത്വ, സമ്പാ ജില്ലകളിലേക്ക് പടർന്ന പ്രക്ഷോഭം എന്നിവ ജൂലൈ 7–ന് മുഖ്യമന്ത്രി ഗുലാംനബി ആസാദിന്റെ രാജിയിൽ കലാശിച്ചു. ഭീകരവാദികൾ ദേശീയസ്വത്വത്തിന് മുമ്പിൽ മുട്ടുമടക്കിയ കാഴ്ച കണ്ടു. എ.ഡി. 902 വരെ ഹിന്ദു രാജാക്കന്മാർ ഭരിച്ചിരുന്ന പ്രമരസേനനും, ലളിതാദിത്യനും, അവന്തിമർമ്മനും ഭരിച്ച മണ്ണ്. നാഗരാജാക്കന്മാർ നാഗകന്യകളുമായി അധിവസിച്ച ജലാശയം. പരശുരാമൻ കേരളത്തെ വീണ്ടെടുത്തതുപോലെ കശ്യപമഹർഷി നാഗരാജാവിനെ യുദ്ധത്തിൽ തോൽപ്പിച്ച് കാശ്മീരിനെ വീണ്ടെടുത്ത മണ്ണ് ''കശ്യപമീർ'' എന്നറിയപ്പെട്ടു. അശോകചക്രവർത്തി ഭരിച്ച ശ്രീനഗരം ബൗദ്ധായനത്തിനു ശേഷം ഹൂണരാജാവായ മിഹിമകുലന്റെ ഭരണത്തിൻകീഴിലായ സൂര്യനഗരം ലോഭിച്ചാണ് ശ്രീനഗർ ആയത്. 16–ാം നൂറ്റാണ്ടിൽ കാശ്മീരിൽ എത്തിച്ചേർന്ന അക്ബർ തുടങ്ങിവച്ച മുഗൾഭരണം 1748–വരെ തുടർന്നു. ഉദ്യാനങ്ങളും കെട്ടിടങ്ങളും പണിത മുഗൾഭരണത്തിന്റെ തിരുശേഷിപ്പ് ഇന്നും കാശ്മീരിൽ ധാരാളം കാണാം. മുഗൾ ഭരണത്തിനുശേഷം കയ്യേറിയ പഠാണികളാണ് കാശ്മീരിനെ ഇന്ന് നാം കാണുന്ന അവസ്ഥയിലെത്തിച്ചത്. ഹിന്ദുവിഭാഗത്തിന്റെ ഉന്മൂലനവും നിർബന്ധ മതംമാറ്റവും പൂർണ്ണമാക്കിയത് അവരാണ്. കാൽമുട്ടുവരെ നീണ്ടുകിടക്കുന്ന ഹിരോൺ രോമക്കുപ്പായം ധരിച്ച് നടക്കുന്ന പഠാണികളെ ധാരാളമായിക്കാണാം. പഠാണികൾക്ക് മുമ്പുള്ള കാശ്മീരികൾ ശിരോവ

സ്ത്രം പോലും ധരിച്ചിരുന്നില്ല. 1954ൽ രാഷ്ട്രപതിയുടെ ഉത്തരവിലൂടെ നിലവിൽവന്ന 370-ാം വകുപ്പ് കാശ്മീരിന് നൽകിയിരുന്ന പ്രത്യേക അധികാരങ്ങൾ 2019 ആഗസ്റ്റ് 5ന് മറ്റൊരു ഉത്തരവിലൂടെ സസ്പെൻഡ് ചെയ്യുകയായിരുന്നു. ഇച്ഛാശക്തിയുള്ള രാഷ്ട്രനേതൃത്വം സമർത്ഥമായി കാശ്മീർ വിഷയം കൈകാര്യം ചെയ്തു. ഇതര സ്റ്റേറ്റുകൾപോലെ കാശ്മീരും ഇന്ത്യൻ യൂണിയന്റെ ഭാഗമായി. ഏതൊരു ഇന്ത്യക്കാരനും താമസിക്കാനോ കച്ചവടംചെയ്യാനോ കാശ്മീരിൽ ഭൂമി വാങ്ങാം. പെറ്റുവീണ സ്ഥലം വിട്ടുപോയ കാശ്മീരി പണ്ഡിറ്റുകൾ തിരികെ സ്വന്തം പിതൃഭൂമിയിലേക്ക് വരുന്നു. പഴയ അവരുടെ കച്ചവടകേന്ദ്രങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നു.

ശ്രീനഗറിലെ പഴയ ഉണക്ക പഴക്കടകൾ (Dry fruits) തുറന്നിരിക്കുന്നു. സിനിമാതിയറ്ററുകൾ തുറന്നു... ശിരോവസ്ത്രം ധരിക്കാത്ത പെൺകുട്ടികൾ അനാർക്കലി തെരുവിനെ അനുസ്മരിപ്പിക്കും വിധം കിന്നാരംപറഞ്ഞ് പൊട്ടിച്ചിരിച്ച് നടക്കുന്ന കാഴ്ച, ഡാൽതടാകത്തിലെ ഹൗസ്ബോട്ടുകൾ നവംബർ മാസം വരെ പൂർണ്ണമായും ബുക്ക് ചെയ്തിരിക്കുന്നു. കളർ തുണികൾ വിരിച്ച ശിക്കാരിവള്ളങ്ങൾ നിരനിരയായി തുഴഞ്ഞ്പോകുന്ന കാഴ്ച കാണാനാവുന്നു. മെയ് 22ന് ആണ് ഞങ്ങൾ ശ്രീനഗറിൽ എത്തിയത്. തലേദിവസം ഡൽഹിയിൽ വച്ച് കണ്ട സുഹൃത്ത് പറഞ്ഞു. നിങ്ങൾ കുടുംബവുമായി നാളെപ്പോകുന്നത് മണ്ടത്തരമാണ്. നാളെ അവിടെ ജി-20 ആരംഭിക്കുകയാണ്. കനത്ത സെക്യൂരിറ്റിയാണ് നിങ്ങൾക്ക് ഒരിടത്തും ഇറങ്ങാൻ കഴിയില്ല. എന്നാൽ ഞങ്ങളുടെ ആശങ്കകളെ പാടേ നിരാകരിക്കുന്ന കാഴ്ചയാണ് ശ്രീനഗർ എയർപോർട്ടിൽ കണ്ടത്. കയ്യിൽ പൂക്കുടയും പിടിച്ച ജി-20 പ്രതിനിധികളെ സ്വീകരിക്കാൻ നിൽക്കുന്ന അതേവഴിയിലൂടെതന്നെ സാധാരണയാത്രക്കാരായ ഞങ്ങൾ പുറത്തിറങ്ങി. ഡ്രൈവർ ഗുലാബിനെ വിളിച്ചു. അയാൾ ഞങ്ങളെക്കാത്ത് അവിടെ നിൽ


ലേഖകന്റെ പത്നി കുസുമകുമാരി

പ്പുണ്ടായിരുന്നു. ഞങ്ങളുടെ ലഗേജുകൾ കാറിൽക്കയറ്റാൻ ഐഡി കാർഡ് കഴുത്തിലിട്ട ചെറുപ്പക്കാർ മൽസരിക്കുന്നുണ്ടായിരുന്നു. 50 രൂപ കൂലികൊടുത്ത് ഞങ്ങൾ ബുക്ക് ചെയ്തിരുന്ന ഷാലിമാറിലെ ടെലി ഗസ്റ്റ് ഹൗസിലേക്ക് പോയി. പോകുന്ന വഴിയിൽ യാതൊരു തടസ്സങ്ങളും കാണാൻ കഴിഞ്ഞില്ല. മെയിൻ റോഡിലേക്ക് വന്നുകയറുന്ന ഇടവഴികളിലും സർക്കാർ സ്ഥാപനങ്ങളിലും സുരക്ഷാസേന നിൽക്കുന്നത് കാണാം. വഴിയരികിലെ ചെറിയ കടയിൽനിന്ന് ചോറും ചിക്കനും കഴിച്ച് കുടിവെള്ളവും വാങ്ങി കാറിലേക്ക് കയറുമ്പോൾ കടക്കാരൻ ആസിഫ് പരിചയപ്പെടുകയാണ്. കേരളത്തിൽനിന്നാണ് എന്നുപറയുമ്പോൾ അവരുടെ മുഖത്തെ ചിരി. അത് വന്ന് ചേർന്ന സംതൃപ്തിയുടെ ബാക്കിയാണ്


Third G20 Tourism working Group Meeting നടക്കുന്ന ഷെ-റീ കാശ്മീർ ഇന്റർ നാഷണൽ കോൺഫറൻസ് സെന്ററിന്റെ (SKICC) ഏകദേശം അടുത്താണ് ഞങ്ങളുടെയും താമസം. ലോകഭൂപടത്തിൽ കാശ്മീർ ടൂറിസത്തെ ഉയർത്തികാണിക്കാൻ ഈ മീറ്റിങ്ങിന് സാധിച്ചു. യൂറോപ്പ്, അറബിരാഷ്ട്രങ്ങളിൽ നിന്ന് ധാരാളം വ്യവസായ പ്രമുഖർ കാശ്മീരിൽ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട്. സാമ്പത്തികമായും സാമൂഹ്യമായും കാശ്മീർ ഉയരുകയാണ്. ആർട്ടിക്കിൾ 370 പിൻവലിച്ചതിന് ശേഷമുള്ള കാശ്മീരിൽ ആദ്യമാണ് ഒരന്താരാഷ്ട്ര മീറ്റിംഗ് നടക്കുന്നത്. പാക്കിസ്ഥാനും ചൈനയും ഊട്ടിവളർത്തുന്ന ഭീകരവാദി ഗ്രൂപ്പുകളുടെ മുന്നറിയിപ്പുകൾ പോലും ഡാൽ തടാകത്തിലെ കുഞ്ഞോളങ്ങളിൽ അലിഞ്ഞുപോകുന്ന കാഴ്ചയാണ് ഇവിടെ കണ്ടത്.

ഷാലിമാറിലെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ PHD ചെയ്യുന്ന മലയാളി കുട്ടികളെ കണ്ടു. എന്റെ അമ്മാവന്റെ മകളും അവിടെ പഠിക്കുകയാണ്. കാമ്പസിൽ ഞങ്ങൾ പോയപ്പോൾ യാതൊരു സുരക്ഷാ പരിശോധനയുമുണ്ടായിരുന്നില്ല. മാത്രവുമല്ല സിന്ദൂരപ്പൊട്ട് തൊട്ട് തലയിൽ തട്ടമിടാതെ ഷാലിമാർ നഗരത്തിലൂടെ നടന്ന എന്റെ ബന്ധുപെൺകുട്ടിയോട് പ്രശ്നങ്ങളില്ലേ എന്ന ചോദ്യത്തിന് ഞങ്ങൾ പെൺകുട്ടികൾ രാത്രി 10 മണിക്ക് ഒക്കെ ഇതുവഴി നടക്കാറുണ്ട് എന്നാണ് മറുപടി. ഹസ്രത്ത്ബാൽ പള്ളിയിലേക്ക് ഞങ്ങൾ പോയപ്പോൾ ഞങ്ങളോടൊപ്പമുണ്ടായിരുന്ന സ്ത്രീകൾ പൊട്ട് തൊട്ടിരുന്നു. വളരെ സ്നേഹപൂർവം പെരുമാറുന്ന ആളുകൾ, അന്യദേശത്ത്നിന്ന് വന്നവരായിട്ടും സാധനങ്ങൾക്ക് വിലകൂട്ടിയെടുക്കുന്ന ഏർപ്പാട് കണ്ടില്ല. ശ്രീനഗറിലെ ശങ്കരാചാര്യ ക്ഷേത്രത്തിലും ഡാൽതടാകക്കരയിലും സ്വാതന്ത്ര്യത്തോടെ കറങ്ങിനടക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യം ഇപ്പോഴും മനസ്സിലുണ്ട്. 2002-ൽ അമർനാഥ് യാത്ര പോയപ്പോഴുള്ള വിഷമങ്ങളും ആറ് ദിവസത്തിൽ ഏറെ വഴിയിൽ കുടുങ്ങിപ്പോയ ഭീകരമായ ഓർമ്മകളും ഛന്ദൻവാടി മുതലുള്ള സുരക്ഷാ സൈനികരുടെ പരിശോധനയും അസ്വസ്ഥതയും വെറുപ്പുമാണ് ഉണ്ടാക്കിയതെങ്കിൽ, ഇപ്പോൾ പഹൽഗാമിലെത്തിയ ഞങ്ങൾ ലോക്കൽ ടാക്സിയിൽ 3000 രൂപയാണ് കൊടുത്തത്. അമർനാഥ് പോകുന്നവർക്ക് കാൽനടയായോ

കുതിരപ്പുറത്തോ യാത്ര ആരംഭിക്കുന്ന ഛന്ദൻവാടിയിലെ മഞ്ഞുമലവരെ ഒരു സുരക്ഷ സൈനികരില്ലാതെ പോകാൻ സാധിച്ചു.

2013-ൽ സിന്ധുദർശ ഉൽസവത്തിൽ പങ്കെടുക്കാൻ ലേയിലേക്ക് പോയ ഞങ്ങൾക്ക് ശ്രീനഗറിൽ താമസിക്കാൻ പോലും അവസരം തന്നില്ല. ഇന്ന് ആകെ മാറിയിരിക്കുന്നു. ഇരുനില വീടുകളുടെ ഒരു ഭാഗം ഗസ്റ്റ് ഹൗസ് ആക്കി വിരുന്നുകാരെ സ്വീകരിക്കുന്ന സാധാരണ ആളുകൾ, ഞങ്ങളുടെ ഡ്രൈവർ ആയിരുന്ന ഗുലാബ് (ഗുൽസർ) പറയുകയാണ് ഞങ്ങൾക്ക് ഇപ്പോൾ ദിവസവും നല്ല ജോലിയുണ്ട്. സമാധാനമുണ്ട്. 500 രൂപയ്ക്ക് പട്ടാളത്തെ കല്ലെറിയാൻപോയ ചെറുപ്പക്കാർ ഇപ്പോൾ ബോർഡർ റോഡ് ഓർഗനൈസേഷനിലും(BRO) മുനിസിപ്പൽ കോർപ്പറേഷനിലും എയർപോർട്ടിലും ഒക്കെ ജോലിക്കുപോകുന്നു. എല്ലാ ദിവസവും കടകൾ തുറക്കുന്നു. ധാരാളം സഞ്ചാരികൾ വരുന്ന ഞങ്ങൾക്ക് ഈ മാറ്റം ഉപകാരമാണ്.

ഗുൽമാർഗ്ഗിൽ എത്തിയ ഞങ്ങൾക്ക് ഉൾനാടൻ ഗ്രാമങ്ങൾ കാണണം എന്ന ആഗ്രഹം. 4500 രൂപ വാടക നിശ്ചയിച്ച് ലോക്കൽ ടാക്സിയിൽ യാത്ര ചെയ്തു. കായ്ച്ചു തുടങ്ങിയ ആപ്പിൾമരങ്ങൾ, പച്ചപുതച്ച മരതകത്തോട്ടങ്ങൾ, മാനംമുട്ടെ ഉയർന്നുനിൽക്കുന്ന പൈൻമരങ്ങൾ എന്നിവ കാവൽനിൽക്കുന്ന ശ്രേയ ഗ്രാമത്തിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. ആട്ടിടയന്മാരുടെ മൺകുടിലുകളും അപൂർവം ഗ്രാമവാസികളുടെ വീടുകളും യാത്രയിൽ കാണാൻ സാധിച്ചു. അവിടെനിന്ന് നോക്കിയാൽ കാണുന്ന മാനിസർ തടാകവും അത് നൽകുന്ന ദൃശ്യഭംഗിയും വിവരണാതീതമാണ്. ഞാൻ ധരിച്ചിരുന്ന മഴക്കോട്ട് പട്ടാളക്യാമ്പിൽനിന്ന് നേരത്തെ വാങ്ങിയതാണ്. അതിനാൽ യാത്രയിൽ രണ്ട് മൂന്ന് പ്രാവശ്യംപലരും എന്നോട് ചോദിച്ചു സൈനികനാണോ എന്ന്. അല്ലെന്നു മറുപടി പറയുമ്പോഴും ഗൈഡിന് സംശയംപോലെ. ഈ ഗ്രാമം ഒരു ദേശീയ ഉദ്യാനവുമായി അതിർത്തി പങ്കിടുന്നതാണ്. അതിനാൽ ധാരാളം മാനുകളെയും പക്ഷികളെയും കാണാൻ സാധിച്ചു.



ആ ഗ്രാമത്തിന്റെ ഒരു വ്യൂപോയിന്റിൽനിന്ന് നോക്കിയാൽ 3 ജില്ലകളുടെ സംഗമസ്ഥാനമായ ദ്രാംങ്ങ് -ബീർപഞ്ചാബ്, രജൗറി ഭാഗങ്ങൾ കാണാം. പഞ്ഞിക്കെട്ടുകൾ പോലെ പെയ്തിറങ്ങുന്ന മഞ്ഞും, ചെറുമഴയും ഈ പച്ചപ്പും നൽകിയ അനുഭവം വിവരണാതീതമാണ്. ഒരു ദിവസം പുൽവാമയിൽ പോകണമെന്ന ഞങ്ങളുടെ ആഗ്രഹത്തെ ഡ്രൈവർ ഗുൽസർ എന്തുകൊണ്ടോ പിന്തുണച്ചില്ല. ഗുൽമാർഗ്ഗിൽനിന്നു വരുമ്പോൾ കണ്ട പുൽവാമ ബോർഡ്. ദുരന്തത്തിൽ മരിച്ച സൈനികരെ മനസ്സാ സ്മരിക്കാൻ കാരണമായി. കൊയ്ത്ത് കഴിഞ്ഞ കുങ്കുമപ്പാടങ്ങൾ ചന്ദനം ചാലിച്ച കുങ്കുമസന്ധ്യയെ ഓർമ്മപ്പെടുത്തി. ശ്രീനഗറിൽനിന്നും ബാരമുള്ളവരെയുള്ള റെയിൽപ്പാതയ്ക്കരികിലൂടെയാണ് ഗുൽമാർഗ്ഗിലേക്ക് പോയത്. ജമ്മുവിൽനിന്ന് ഉദ്ദംപൂർവരെ ട്രെയിൻ സർവ്വീസ് ഉണ്ട്. അതിവിദൂരഭാവിയിൽ ജമ്മുവിൽനിന്ന് ശ്രീനഗറിലേക്ക് ട്രെയിനിൽ വരാൻ സാധിക്കും. സോനാ മാർഗ്ഗിലേക്കുള്ള യാത്രയിൽ വൻ മലകളെ തുരന്ന് നിർമ്മിക്കുന്ന തുരങ്കപാതക്കുള്ള മേൽപ്പാലങ്ങളും കാണാനിടയായി. മുൻപ് ലേയിലേക്ക് പോയപ്പോൾ സോണാമാർഗ്ഗിലൊന്നും വഴിയോരക്കടകൾ കണ്ടിരുന്നില്ല. ഇന്ന് നിരനിരയായി പഞ്ചാബി ദാബകൾ - ശ്രീമാത, ശിവഭഗവാൻ പല പേരുകളിൽ ധാരാളം കടകളുണ്ട്. അന്ന് കാർഗിലിനടുത്ത് മുൻസംഘ പ്രചാരകനായ ലാമ നടത്തുന്ന ഒരു ചെറിയ കട മാത്രമാണ് കാണാൻ കഴിഞ്ഞത്. എന്നാൽ ഇന്ന് 7 ദിവസം കാശ്മീർ താഴ്‌വരയുടെ ഇതരഭാഗങ്ങളിൽ യാത്ര ചെയ്തപ്പോൾ പേടിയോ പരിഭ്രമമോ തോന്നിയില്ല.

ലാൽചൗക്കിലെ മാർക്കറ്റുകൾ സജീവമായിരുന്നു. ഷാളുകളും മറ്റ് വസ്ത്രങ്ങളും വിലപേശി വാങ്ങാൻ കഴിഞ്ഞു. ടൗണിലെ വാച്ച് ടൗവ്വർ മുഖംമിനുക്കുന്നു. മുരളി മനോഹർ ജോഷി ദേശീയ പതാക ഉയർത്തിയ ലാൽചൗക്കിലെ ചെറിയ മൈതാനം മനോഹരമായ പൂന്തോട്ടമാക്കിയിരിക്കുന്നു. ജഹാംഗീർ ചക്രവർത്തി തന്റെ പ്രിയതമ നൂർജഹാന് വേണ്ടി നിർമ്മിച്ച ഷാലിമാർ പൂന്തോട്ടം, ജഹാംഗീറിന്റെ പ്രധാനമന്ത്രി ആസിഫ്ഖാൻ നിർമ്മിച്ച ആഹ്ളാദത്തിന്റെ ആരാമം എന്ന പേരുള്ള നിഷാന്ത്ബാഗ് (തുലിപ്പ് ഗാർഡൻ) ഡാൽ തടാകം ഉദരസംബന്ധമായ അസുഖത്തിന് ശമനം ലഭിക്കുന്ന നീരുറവ ''ചഷ്മാ ഷാഹി'' ലോകത്തിന്റെ സഞ്ചാരപ്രിയർ ഭൂമിയിലെ സ്വർഗ്ഗത്തിലേക്ക് എത്തുകയാണ്.

ജി-20യിലൂടെ നരേന്ദ്രമോദിജിയും അമിത്ഷായും ലോകത്തിന്റെ മുമ്പിലേക്ക് മൂടുപടമണിയാത്ത കാശ്മീരിന്റെ സൗന്ദര്യം കാട്ടിക്കൊടുക്കുകയായിരുന്നു. എല്ലാ അർത്ഥത്തിലും ഭാരതം സ്വതന്ത്രമായിരുന്നു. സ്വത്വം തിരിച്ചറിയുന്നു. ലോകത്തെ ഏറ്റവും വലിയ മുസ്ലീം രാജ്യമായ ഇൻഡോനേഷ്യ അടക്കം 17 രാഷ്ട്രങ്ങളിൽ നിന്നു വന്ന 175 പ്രതിനിധികൾ കാശ്മീരിന്റെ മുഗ്ദസൗന്ദര്യത്തെ സ്വന്തം രാജ്യത്ത് പരിചയപ്പെടുത്തുമെന്നതിൽ സംശയമില്ല. ■

# സ്ത്രീതൊഴിലാളികളിൽ ആത്മവിശ്വാസമുയർത്തിയ ദൃഷ്ടി– 2023 വനിതാസംഗമം



ദൃഷ്ഠി -2023 വനിതാ സംഗമം കേന്ദ്ര വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി സ്മൃതി ഇറാനി ഉദ്ഘാടനം ചെയ്യുന്നു.

**തിരുവനന്തപുരം** : വനിതാതൊഴിലാളികളുടെ അടിയന്തരാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വനിതകൾ തന്നെ സംഘടിപ്പിച്ച വനിതാ സമ്മേളനം. അതിൽ 3500 ലധികം വനിതകൾ പങ്കെടുത്തു. തിരുവനന്തപുരം കവടിയാറിലെ ഉദയ് പാലസിൽ സംഘടിപ്പിച്ച വനിതാസംഗമം ശ്രദ്ധേയമായത് അതിന്റെ ഇത്തരം സവിശേഷതകൾകൊണ്ടായിരുന്നു. ഈ സംഗമത്തിൽ മുഖ്യാതിഥി കേന്ദ്രവനിതാ ശിശുക്ഷേമവകുപ്പ് മന്ത്രി സ്മൃതി ഇറാനിയായിരുന്നു.

സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ കേന്ദ്ര മന്ത്രി വി.മുരളീധരൻ രാഷ്ട്രീയ നേട്ടത്തിനുള്ള ഉപകരണമായി സ്ത്രീതൊഴിലാളികളെ മാറ്റുന്ന ഇടതുസർക്കാർ നയത്തെ നിശിതമായി വിമർശിച്ചു. വനിതാശാക്തീകരണത്തിന് കേന്ദ്ര സർക്കാർ നടപ്പാക്കിയ പദ്ധതികളും അദ്ദേഹം വിശദീകരിച്ചു. ഭാരതീയ മസ്ദൂർ സംഘം കേരളത്തിൽ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കിയ അദ്ദേഹം ബി.എം.എസ്സിന്റെ പ്രവർത്തനങ്ങളെ പ്രത്യേകം പ്രകീർത്തിക്കുകയും ചെയ്തു.

പോലീസുകാരുടെ സാന്നിധ്യത്തിൽ മയക്കുമരുന്നിനടിമയായ ആൾ കത്രികകൊണ്ട് കുത്തികൊലപ്പെടുത്തിയ ഡോ. വന്ദനയുടെ ഓർമ്മ തുടിച്ചുനില്ക്കുന്ന അന്തരീക്ഷത്തിൽ നടന്ന സംഗമത്തിന് പലതരത്തിലുള്ള പ്രാധാന്യമുണ്ട്.

ജി-20യുടെ പ്രവർത്തനകൂട്ടായ്മകളിലൊന്നായ ലേബർ 20 യുടെ ഭാഗമായിരുന്നു ദൃഷ്ടി-2023 എന്ന വനിതാസംഗമം. തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും പരിഹാരം നിർദ്ദേശിക്കാനുമാണ് ജി-20യുടെ ഭാഗമായി ലേബർ 20 എന്ന തൊഴിലാളി കൂട്ടായ്മ ലക്ഷ്യമിടുന്നത്. ജി-20യുടെ അധ്യക്ഷപദവി ഭാരതത്തിനാണ്. ലേബർ 20-യുടെ അധ്യക്ഷസ്ഥാനത്തുള്ളത് ഭാരതത്തിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ ബി.എം.എസ്സിന്റെ അധ്യക്ഷൻ ഹിരൺമയ പാണ്ഡെയാണ്. ഇതിന്റെ ആദ്യസമ്മേളനം പഞ്ചാബിലെ അമൃതസറിൽ നടന്നു. ഇതിന്റെ തുടർ പ്രവർത്തനമാണ്. ദൃഷ്ടി 2023 എന്ന വനിതാസംഗമം. തൊഴിൽരംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും പരിഹരിക്കാനുമുള്ള കൂട്ടായനീക്കം ജി-20 രാജ്യങ്ങളിൽ രൂപപ്പെടുന്നത് ശുഭേദർക്കമാണ്.

തൊഴിൽമേഖലയിൽ ഏറെ അവഗണിക്കപ്പെടുന്നവരാണ് സ്ത്രീതൊഴിലാളികൾ. ലിംഗവിവേചനവും ലൈംഗികചൂഷണവും സംബന്ധിച്ച പരാതികൾ ഈ രംഗത്ത് എപ്പോഴും



**ദൃഷ്ടി -2023 വനിതാ സംഗമത്തിൽ കേന്ദ്ര മന്ത്രി വി.മുരളീധരൻ മുഖ്യപ്രഭാണം നടത്തുന്നു**

ഉയർന്നുവരാറുണ്ട്. അതിനൊപ്പം തൊഴിൽശാലയിൽ അനുഭവിക്കുന്ന ജോലിഭാരവും അതിനോടൊപ്പം വീട്ടിലെ ജോലിയുംകൂടി വരുമ്പോൾ സ്ത്രീയുടെ ശാരീരിക-മാനസിക ആരോഗ്യം കെടുന്നു. സ്ത്രീകൾക്ക് തൊഴിലിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലാത്തതും പരിഗണനലഭിക്കാത്തതും മറ്റൊരു പ്രശ്നമാണ്. സ്ത്രീശാക്തീകരണമെന്ന ആവശ്യം മുന്നോട്ടുവെയ്ക്കുന്ന പലരും അതിനെ കേവലം പരിപാടിയിൽ ഒതുക്കുകയാണ് ചെയ്യുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് സ്ത്രീകളുടെ നേതൃത്വത്തിൽ അവർതന്നെ സംഘടിപ്പിച്ച സംഗമം. ബി.എം.എസ്. ദേശീയ സമിതിയംഗം അഡ്വ. എസ്. ആശാമോൾ അദ്ധ്യക്ഷയായിരുന്നു. അഖിലേന്ത്യാ സെക്രട്ടറി അഞ്ജലി പട്ടേൽ, സംസ്ഥാന സെക്രട്ടറി കെ. ചന്ദ്രലത, എൻ.ജി.ഒ.സംഘ് സംസ്ഥാന സെക്രട്ടറി പി. ആര്യ,ബി.എം.എസ്. അഖിലേന്ത്യാ സംഘടനാകാര്യദർശി ബി. സുരേന്ദ്ര, മുൻ അഖിലേന്ത്യാ അധ്യക്ഷൻ അഡ്വ. സി.കെ. സജിനാരായണൻ, ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, ജനറൽ സെക്രട്ടറി ജി.കെ. അജിത്ത് എന്നിവർ സംസാരിച്ചു. സ്ത്രീതൊഴിലാളികളുടെ ആവശ്യങ്ങൾക്ക് ഊന്നൽ നൽകുന്നതായിരുന്നു പ്രസംഗങ്ങൾ. സമ്മേളന പ്രമേയങ്ങൾ വനിതാ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരുന്നു. തൊഴിലിടങ്ങളിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രമന്ത്രി സ്മൃതി ഇറാനിക്ക് സംഗമത്തിൽവെച്ച് നിവേദനം നല്കി. സ്ത്രീ സുരക്ഷയ്ക്കും തൊഴിൽ സംരക്ഷണത്തിനും കേന്ദ്രസർക്കാർ കൂടെയുണ്ടാവുമെന്ന് മന്ത്രി ഉറപ്പുനൽകുകയും ചെയ്തു.

തൊഴിലിടങ്ങളിൽ സ്ത്രീ അരക്ഷിതത്വമനുഭവിക്കുന്ന സാഹചര്യത്തിലാണ് ഈ സംഗമം സംഘടിപ്പിച്ചത് എന്നത് ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ചികിത്സയ്ക്കെത്തിയ രോഗി ആശുപത്രിയിൽവെച്ച് ഡോക്ടർ വന്ദനയെ കുത്തിക്കൊന്ന വാർത്ത കേരളത്തെ നടുക്കിയത് ഇവിടെയായിരുന്നു. സമ്മേളനത്തിനെത്തിയവർ വന്ദനയുടെ ചിത്രത്തിനു മുമ്പിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് വേദിയിലെത്തിയത്. കേരളത്തിലെ ആരോഗ്യരംഗത്തെയും തൊഴിൽ രംഗത്തെയും അരക്ഷിതത്വം, ലഹരിഉപയോഗം, സ്ത്രീകളോടുള്ള മാന്യതയില്ലാത്ത പെരുമാറ്റം, പോലീസിന്റെ നിഷ്ക്രിയത്വം തുടങ്ങിയ വിഷയങ്ങൾ

ചൂടേറിയ ചർച്ചയായി മാറിയിരുന്നു. ഇതിനു തൊട്ടുമുമ്പാണ് ജോലിചെയ്തിട്ടും ശമ്പളം ലഭിക്കാത്തതിനെ തുടർന്ന് പ്രതിഷേധസൂചകമായി ബാഡ്ജ് ധരിച്ച് ജോലിചെയ്ത ജീവനക്കാരിയെ കെ.എസ്.ആർ.ടി.സി. ട്രാൻസ്ഫർ ചെയ്തുകൊണ്ടുള്ള ഉത്തരവിറങ്ങിയത്. ഇത്തരം സംഭവങ്ങൾ സ്ത്രീ സമൂഹത്തിൽ അരക്ഷിതത്വമുയർത്തിയ സാഹചര്യത്തിൽ അവരിൽ ആത്മവിശ്വാസം വളർത്താൻ ദൃഷ്ടി-2023 വനിതാസംഗമത്തിന് സാധിച്ചു. ദൃഷ്ടി-2023 ലൂടെ ലഭിച്ച ആത്മവിശ്വാസം കേരളത്തിലെ സ്ത്രീതൊഴിലാളി സമൂഹത്തിന്റെ സേവനമേഖലകൾക്ക് ഗുണം ചെയ്യുമെന്നുറപ്പാണ്.



**ദൃഷ്ടി - 2023 വനിതാ സംഗമത്തിൽ പങ്കെടുത്ത പ്രതിനിധികൾ**

## ബി. എം. എസ് വനിതാ സമ്മേളനം ആവശ്യപ്പെടുന്നു:

# സ്ത്രീകൾക്ക് മതിയായ വേതനവും സാമൂഹ്യസുരക്ഷയും വേണം

തൊഴിലുറപ്പു പദ്ധതി,കയർ - കശുവണ്ടി മേഖല, പ്ലാന്റേഷൻ മേഖല, കെട്ടിട നിർമ്മാണ രംഗം, ഷോപ്പ് തൊഴിൽ മേഖല, ആശുപത്രി, അൺ എയിഡഡ് സ്കൂൾ തുടങ്ങിയവ വനിതകൾ കൂടുതലായി തൊഴിൽ രംഗത്തുള്ള മേഖലകളാണ്. അവിടെ കുറഞ്ഞ കൂലിയും കൂടുതൽ അദ്ധ്വാനവും എന്നതാണാവസ്ഥ. ഈ രംഗത്ത് സമത്വവും തുല്യ വേതനവും ലഭിക്കണമെന്ന ആവശ്യം വനിതാ സംഗമത്തിൽ ആവശ്യപ്പെടുകയുണ്ടായി.

തൊഴിലുറപ്പു തൊഴിലാളികൾക്ക് കേന്ദ്രം നൽകുന്ന തുകയ്ക്ക് തുല്യമായ തുക സംസ്ഥാന സർക്കാരും നൽകി ഈ മേഖലയിൽ പണിയെടുക്കുന്ന 29 ലക്ഷം തൊഴിലാളികൾക്ക് മിനിമം വേതനം വർദ്ധിപ്പിച്ചു നടപ്പാക്കണമെന്നതാണ് ഒരാവശ്യം. ഇന്ന് രാഷ്ട്രീയ പരിഗണന വച്ചാണ് ഇതിൽ തൊഴിലാളികളെ നിശ്ചയിക്കുന്നത്. ഇതിന് പണം നൽകുന്നത് പൂർണമായി കേന്ദ്ര സർക്കാരാണ്. അതിനാൽത്തന്നെ രാഷ്ട്രീയ പരിഗണന പാടില്ലെന്നും പ്രമേയത്തിൽ പറയുന്നു. കയർ - കശുവണ്ടി മേഖലയിൽ ഫാക്ടറി പൂട്ടിയതുകൊണ്ടും ചകിരി ലഭ്യമല്ലാത്തതിനാലും തൊഴിലാളികൾ പട്ടിണിയിലാണ്. അവർക്കു അടിയന്തിര സഹായം നൽകുകയും ഫാക്ടറി തുറന്നു പ്രവർത്തിക്കുകയും വേണം. പ്ലാന്റേഷൻ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കണം. ലയങ്ങൾ പുതുക്കി പണിയണം. നിർമ്മാണ രംഗത്ത് ജീവിത വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തണം.

ലക്ഷക്കണക്കിന് സ്ത്രീകൾ പണിയെടുക്കുന്ന ഷോപ്പ് മേഖലയിലും തൊഴിലാളികളോടുള്ള സമീപനം തന്നെ മാറ്റേണ്ടതുണ്ട്. അവർക്ക് ജീവിത വേതനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കണം. സംസ്ഥാന സർക്കാരും മാനേജ്മെന്റും ഒത്തുകളിച്ച് നഴ്സുമാർക്ക് കേന്ദ്രം നിശ്ചയിച്ച 20000 രൂപയെന്ന ശമ്പള വ്യവസ്ഥ അട്ടിമറിച്ചിരിക്കുകയാണ്. അവർക്ക് ന്യായമായ വേതനവും ആനുകൂല്യങ്ങളും നൽകണം. ആശാവർക്കർമാർക്ക് മതിയായ വേതനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കണം. കേരളത്തിലെ തൊഴിലാളി ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങി നിരവധി ആവശ്യങ്ങളും വനിതാ സമ്മേളനം ഉന്നയിച്ചു.

# ജൂലായ് 23 ബി.എം.എസ്. സ്ഥാപന ദിനം

# സ്ഥാപനദിനാഘോഷം രാഷ്ട്ര നന്മയ്ക്ക്



**ഭാ**രതീയ മസ്ദൂർ സംഘം ആരംഭിച്ചിട്ട് 68 വർഷം പൂർത്തിയാവുകയാണ്. ജൂലായ് 23 ന് 69ാം സ്ഥാപന ദിനം വിപുലമായ പരിപാടികളോടെ രാജ്യവ്യാപകമായി ആഘോഷിക്കുന്നു. ലോക രാഷ്ട്രങ്ങൾ ഭാരതീയ ദർശനങ്ങൾക്ക് നൽകിയ അംഗീകാരം എന്ന നിലയിൽ ജി-20 യുടെ അദ്ധ്യക്ഷ പദവി അലങ്കരിക്കുന്നത് ഭാരതത്തിന്റെ പ്രധാനമന്ത്രിയാണ്. ജി - 20 യുടെ വിവിധ ഘടകങ്ങളിലൊന്നായ എൽ-20 (ലേബർ -20) അദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത് രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ ഭാരതീയ മസ്ദൂർ സംഘത്തിന്റെ ദേശീയ അദ്ധ്യക്ഷൻ ഹിരണ്മയ പാണ്ഡ്യയെയാണ്. ഇത് ബി.എം.എസ്സിന് ആഗോളതലത്തിൽ ലഭിച്ച അംഗീകാരമാണ്. അതുകൊണ്ടുതന്നെ ഇത്തവണത്തെ സ്ഥാപനദിനാഘോഷം വളരെ ശ്രദ്ധേയവും തൊഴിലാളി സമൂഹത്തിന് ആവേശവും കരുത്തും നല്കുന്നതുമായിരിക്കും.

'One Earth, One Family, One Future' എന്നതാണ് ജി-20 യുടെ മുദ്രാവാക്യം. ഭാരതീയ മസ്ദൂർ സംഘം മുന്നോട്ടുവച്ച 'വസുധൈവ കുടുംബകം' (ലോകമേ തറവാട്) എന്ന ആശയം ലോകം അംഗീകരിച്ചതിന്റെ ഉത്തമഉദാഹരണമാണ് എൽ-20 യുടെ മുദ്രാവാക്യം. ഇതിന്റെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്നു. കേരളത്തിലും 200 -ൽ അധികം പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആരംഭം എന്ന നിലയിൽ മെയ് 22 ന് ദൃഷ്ടി 2023 എന്ന പേരിൽ തിരുവനന്തപുരത്ത് വിപുലമായ വനിതാ സംഗമം സംഘടിപ്പിച്ചത് ഏറെ ശ്രദ്ധേയമായിരുന്നു.

സ്വാതന്ത്ര്യ സമര സേനാനി ലോകമാന്യ ബാലഗംഗാധര തിലകന്റെ ജന്മദിനത്തിൽ (1955 ജൂലായ് 23) ഭാരതീയ മസ്ദൂർ സംഘം എന്ന ദേശീയ തൊഴിലാളി പ്രസ്ഥാനം ആരംഭിച്ചപ്പോൾ മറ്റ് സംഘടനകളിൽ നിന്ന് വ്യത്യസ്തമായ ആശയങ്ങളായിരുന്നു മുന്നോട്ടുവെച്ചത്. കമ്മ്യൂണിസ്റ്റ് പ്രത്യശാസ്ത്രക്കാർ 'സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കൂ', 'ഇൻക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് തൊഴിലാളി വർഗ്ഗ ഐക്യം വിപ്ലവത്തിലൂടെ നേടാമെന്നാണ് സ്വപ്നം കണ്ടത്. അങ്ങനെ സംഘടിച്ചില്ലെന്ന് മാത്രമല്ല, ഐക്യത്തിന് പകരം തൊഴിലാളി സമൂഹത്തിൽ കടുത്ത സ്പർദ്ധയും സംഘർഷവും ഉടലെടുക്കുകയാണുണ്ടായത്. എന്നാൽ ഭാര

തീയ മസ്ദൂർ സംഘം 'വസുധൈവ കുടുംബകം' എന്ന ആശയത്തിലൂടെ 'തൊഴിലാളികളേ ലോകത്തെ ഒന്നിപ്പിക്കുവിൻ' എന്ന ആപ്തവാക്യമാണ് സമൂഹത്തിനു നൽകിയത്. നാം വർഗ്ഗസംഘർഷത്തിൽ വിശ്വസിച്ചിരുന്നില്ല. പകരം അന്യായത്തിനും, ചൂഷണങ്ങൾക്കും എതിരായ പോരാട്ടമാണ് ആവശ്യമെന്നും, വ്യവസായ കുടുംബത്തിൽ തൊഴിലാളിയും തൊഴിലുടമയും സൗഹൃദം പുലർത്തിയെങ്കിൽ മാത്രമേ വ്യവസായ പുരോഗതി സാധ്യമാകൂ എന്നതായിരുന്നു ബി.എം.എസ്സിന്റെ കാഴ്ചപ്പാട്.

ഭാരതീയചിന്താധാരയ്ക്കനുസൃതമായ ഒരു തൊഴിലാളി സംഘടന രൂപീകരിക്കണമെന്ന രാഷ്ട്രീയ സ്വയം സേവക സംഘത്തിന്റെ രണ്ടാമത്തെ സർസംഘചാലക് പരമപൂജനീയ ഗുരുജിയുടെ നിർദ്ദേശപ്രകാരമാണ് സ്വർഗ്ഗീയ ദത്തോപന്ത് ഠേംഗ്ഡിജി ബി.എം.എസ്സിന് രൂപം നൽകിയത്. സ്വതന്ത്ര ട്രേഡ് യൂണിയൻ എന്ന ആശയം (കക്ഷി രാഷ്ട്രീയത്തിന് അടിമപ്പെടാത്ത) ബി.എം.എസ്. പ്രചരിപ്പിച്ചപ്പോൾ അപ്രായോഗികമെന്ന് ആക്ഷേപിച്ച പലർക്കും പിന്നീട് ബി.എം.എസ്സിന്റെ കാഴ്ചപ്പാടാണ് ശരിയെന്ന് അംഗീകരിക്കേണ്ടതായിവന്നു. തൊഴിലാളികളുടെ സർവതോന്മുഖമായ വികാസത്തിലൂടെ രാഷ്ട്രത്തെ പരമ വൈഭവത്തിലെത്തിക്കുകയാണ് ബി.എം.എസ്സിന്റെ ആത്യന്തികമായ ലക്ഷ്യം. "അദ്ധ്വാനം ആരാധനയാണ്", എന്ന ദർശനവും 'ദേശീയ ബോധമുള്ള തൊഴിലാളി' 'തൊഴിലാളി വത്കൃത വ്യവസായം', 'വ്യവസായ വത്കൃത രാഷ്ട്രം' - എന്ന ആപ്തവാക്യവും രാജ്യതാല്പര്യം,തൊഴിലാളി താല്പര്യം,വ്യവസായ താല്പര്യം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പ്രവർത്തന ശൈലിയും ബി.എം.എസ്സിനെ മറ്റു തൊഴിലാളി സംഘടനകളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

### കൊടിയും ചിഹ്നവും

യഗ്നാഗ്നിയുടെയും (ത്യാഗത്തിന്റെ),സംന്യാസത്തിന്റെയും, ഉദയസൂര്യന്റെയും(ജ്ഞാനത്തിന്റെ) പ്രതീകമായ കാവി നിറത്തിലുള്ള പതാകയാണ് നാം സ്വീകരിച്ചിട്ടുള്ളത്. മനുഷ്യരാശിയുടെ അദ്ധ്വാനശക്തിയുടെ പ്രതീകമായ തള്ള വിരലും വ്യവസായത്തെ സൂചിപ്പിക്കുന്ന ചക്രവും ഭാരതത്തിന്റെ കാർഷിക സമ്പത്തിനെ സൂചിപ്പിക്കുന്ന ധാന്യക്കതിരുമാണ് പതാകയിൽ ആലേഖനം ചെയ്തിട്ടുള്ളത്. ഇവ സമഗ്രമായ വികസനത്തിന്റെയും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പര കൂടിച്ചേരലിന്റെയും പ്രതീകമാണ്.



### മാനവസേവ മാധവസേവ

കഴിഞ്ഞ കൊവിഡ് മഹാമാരിയിൽ ദുരിതമനുഭവിക്കുകയും നിരാലംബരായിത്തീരുകയും ചെയ്ത നിരവധി തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കാൻ ബി.എം.എസ്സിന് കഴിഞ്ഞിട്ടുണ്ട്. സ്ഥാപനദിനാഘോഷത്തോടനുബന്ധിച്ച് തൊഴിലാളികളിൽനിന്ന് സേവാനിധി സമാഹരിച്ചുകൊണ്ടുള്ള ഈ പ്രവർത്തനം തുടർന്നുവരുന്നു. മാരകമായ അസുഖം മൂലം ദുരിതത്തിലായിക്കൊണ്ടിരിക്കുന്ന തൊഴിലാളികളെ സഹായിക്കേണ്ടത് നമ്മുടെ ധാർമ്മികമായ ചുമതലയാണ്. സ്ഥാപനദിനത്തോടനുബന്ധിച്ച് പഞ്ചായത്ത് തല കുടുംബ സംഗമവും സേവാനിധി സമാഹരണവും നടത്തുന്നതും ജൂലായ് 23 ന് രാവിലെ എല്ലാ സ്ഥാപനങ്ങൾക്ക് മുൻപിലും, കവലകളിലും പതാക ഉയർത്തുകയും ചെയ്തുകൊണ്ട് രാജ്യവ്യാപകമായി ഈ ആഘോഷം കൊണ്ടാടുന്നു.

ബി.എം.എസ്സിന്റെ വളർച്ചയുടെയും സ്വാധീനത്തിന്റെയും തെളിവായി സ്ഥാപനദിന പരിപാടികൾ മാറണം. തൊഴിലാളി സമൂഹം രാജ്യത്തിന്റെ കരുത്താണെന്ന് പൊതുസമൂഹത്തിന് ബോധ്യപ്പെടണം. തൊഴിലാളികൾ സംഘടിക്കുന്നത് സ്വാർത്ഥ -രാഷ്ട്രീയ താല്പര്യത്തിനാണ് എന്ന പൊതുധാരണ തിരുത്തി തൊഴിലാളി ശക്തിയിൽ അഭിമാനിക്കുന്ന സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ കഴിയണം. അതിനുള്ള പ്രേരണ സ്ഥാപനദിന പരിപാടികളി നിന്ന് പ്രദാനം ചെയ്യാൻ നമുക്ക് സാധിക്കണം.

തയ്യാറാക്കിയത്
**ഇ.ദിവാകരൻ**
**ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ്**

## ജൂലായ് 23
## സ്ഥാപന ദിനാഘോഷം സംബന്ധിച്ച അറിയിപ്പ്

● ബി.എം.എസ്. സ്ഥാപനദിനാഘോഷം ജൂലായ് 21,22,23 തീയതികളിലാണ് നടത്തേണ്ടത്

● ആഘോഷത്തിന്റെ ഭാഗമായി പതാക ഉയർത്തൽ,സേവന പ്രവർത്തനം, സേവാനിധി സമാഹരണം, കുടുംബ സംഗമം എന്നിവ സംഘടിപ്പിക്കണം.

● സേവാനിധി സമാഹരണം യൂണിറ്റടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

● കുടുംബ സംഗമം പഞ്ചായത്ത് തലത്തിൽ ഹാൾ പ്രോഗ്രാമായി നടത്താവുന്നതാണ്.

● സേവാ പ്രവർത്തനങ്ങൾ യൂണിറ്റ്,പഞ്ചായത്ത്, മേഖലാ തലത്തിൽ മുൻകൂട്ടി തീരുമാനിച്ച് നടത്തുകയും ആവശ്യമായ പ്രചാരം നൽകുകയും ചെയ്യണം.

● ജൂലൈ 23 ന് കാലത്ത് 8 മണിക്ക് മുൻപേ എല്ലാ യൂണിറ്റുകളിലും അലങ്കാരത്തോടുകൂടി പതാക ഉയർത്തേണ്ടതാണ്.

**ജി.കെ.അജിത്**
**ബി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി**

# വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയം

**താനൂർ**: ഭാരതീയ മസ്ദൂർസംഘം താനൂർ മേഖലാസമ്മേളനം ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സിബി വർഗീസ് ഉദ്ഘാടനം ചെയ്തു. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാംവിധം അനുദിനം മുന്നോട്ടുപോകുമ്പോൾ സർക്കാർ നോക്കുകുത്തിയായെന്നും പെട്രോളിന്റെയും കറണ്ടു ചാർജിന്റെയും കുതിച്ചുകയറ്റം ഇരുട്ടടിയായി മാറിയെന്നും ക്ഷേമപെൻഷനുകൾ മാസങ്ങളായി കുടിശ്ശിക ആവുകയും ചെയ്യുമ്പോൾ വയോജനങ്ങൾ മരുന്നുവാങ്ങാൻ ഭിക്ഷ യാചിക്കേണ്ട അവസ്ഥയാണെന്നും അദ്ദേഹം പറഞ്ഞു. മേഖലാപ്രസിഡണ്ട് സ്മിതാബാലൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി സതീഷ്, ജോയിന്റ്സെക്രട്ടറി കെ.പി. മുരളീധരൻ, താനൂർ നഗരസഭ പ്രതിപക്ഷനേതാവ് ദിബീഷ് ചിറക്കൽ, മേഖല സെക്രട്ടറി ഒ. ഗോപാലൻ, എം. ഹരിദാസൻ, ടി. ഗിരി എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി മേഖലാ പ്രസിഡന്റ്: സ്മിതാ ബാലൻ, വൈസ്പ്രസിഡന്റ്മാർ: കെ. വിജയകുമാരൻ, ഗണേശൻ കെ., എം. ഹരിദാസൻ, പി. സജിത കാട്ടിലങ്ങാടി, സെക്രട്ടറി, ഒ. ഗേപാലൻ, ജോയിന്റ് സെക്രട്ടറിമാർ: ബിജേഷ് വട്ടത്താണി, ടി. ഗിരി, കെ. ബാലൻ, രവീന്ദ്രൻ പൈക്കാട്ടിൽ, ട്രഷറർ: കെ. ശാരദ എന്നിവരെ തിരഞ്ഞെടുത്തു.

# തീരദേശ പരിപാലന നിയമത്തിൽ ഇളവ് വരുത്തണം

**ഏങ്ങണ്ടിയൂർ**: CRZ നിയമപ്രകാരം സമുദ്രതീരത്ത് നിന്ന് 200 മീറ്ററും കായൽ നദീതീരത്ത് നിന്ന് 100 മീറ്ററും എന്ന നിയമവ്യവസ്ഥയിൽ ഇളവ് വരുത്തണമെന്ന് ചേറ്റുവ ഹാർബർ ബി.എം.എസ്. യൂണിയൻ വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. ഏറ്റവും കൂടുതൽ മത്സ്യതൊഴിലാളികളും അനുബന്ധ മത്സ്യതൊഴിലാളികളും തിങ്ങിതാമസിക്കുന്ന പ്രദേശമാണ് തീര-കായലോര പ്രദേശം എന്നാൽ നിലവിലെ CRZ നിയമപ്രകാരം മത്സ്യതൊഴിലാളികൾക്ക് വീട് വെയ്ക്കാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തുവാനും പറ്റാത്ത സാഹചര്യമാണ് ഉള്ളതെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയം ചൂണ്ടിക്കാട്ടി.

ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് സേതുതിരുവെങ്കിടം അധ്യക്ഷനായി. ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി കെ.ജെ.ജിജേഷ്കുമാർ, പി. ആനന്ദൻ, എൻ.വി. സേതുനാഥൻ, സി.എസ്. സുധീഷ്, കെ.എൽ. ജയപ്രകാശൻ, പി.എസ്. ലൈജു, ഈ.സി. പ്രജിത്ത് എന്നിവർ സംസാരിച്ചു.

**ഭാരവാഹികൾ**

പ്രസിഡന്റ് - പി. ആനന്ദൻ, ജനറൽ സെക്രട്ടറി - എൻ.വി. സേതുനാഥൻ, ട്രഷറർ - ഈ.സി. പ്രജിത്ത്, വൈസ് പ്രസിഡന്റുമാർ - കെ.എൽ. ജയപ്രകാശൻ, കെ.വി. പ്രസാദ്, മനീഷ് എസ്.പി.എൻ. ജോ. സെക്രട്ടറിമാർ - പി.എസ്. ലൈജു, കെ.എം. മഹേഷ്, പി.ഡി. സതീഷ്.

# ഭരണം ജനങ്ങൾക്ക് വേണ്ടിയാവണം

**തൃശൂർ**: ഭരിക്കുന്ന സർക്കാരുകൾ നിയമനിർമാണം നടത്തുമ്പോഴും ഭരണം നിർവഹിക്കുമ്പോഴും ജനവിരുദ്ധമാകരുതെന്ന് കേരള സ്റ്റേറ്റ് ടാക്സി & ലൈറ്റ് മസ്ദൂർ ഫെഡറേഷൻ ജനറൽ സെക്രട്ടറി എസ്. രഘുനാഥ് ആവശ്യപ്പെട്ടു. തൃശ്ശൂർ ജില്ലാ ടാക്സി & ലൈറ്റ് വെഹിക്കിൾ മസ്ദൂർ സംഘ് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബിനു വി.കെ. അധ്യക്ഷത വഹിക്കുകയും ബി.എം.എസ്. സംസ്ഥാന സമിതി അംഗം എം.കെ. ഉണ്ണികൃഷ്ണൻ, ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.സി. വിനോദ്, ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതുതിരുവെങ്കിടം, യൂണിയൻ ജില്ലാ സെക്രട്ടറി എ.സി. കൃഷ്ണൻ, എം.എം. വത്സൻ, ബാബു എം.സി., ഭാസി തൃശൂർ, ടി. വേണു, കെ.ജെ. വീനസ് എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി പ്രസിഡന്റ് - വി.കെ. ബിനു, വൈസ് പ്രസിഡന്റുമാർ - ബാബു എം.സി., വേണു വടക്കേ സ്റ്റാൻഡ്, വീനസ് കെ.ജെ., ജനറൽ സെക്രട്ടറി - എ.സി. കൃഷ്ണൻ, ജോ. സെക്രട്ടറിമാർ - ഭാസി ശക്തൻ സ്റ്റാൻഡ്, പ്രകാശകൻ കൊടകര, സി.കെ. പ്രദീപ് കൊടുങ്ങല്ലൂർ, ട്രഷറർ - കെ.കെ. ഹരിദാസ് എന്നിവരടങ്ങുന്ന 35 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

# പെട്രോൾ - ഡീസൽ സെസ്: ഓട്ടോറിക്ഷാ തൊഴിലാളികളെ ഒഴിവാക്കണം

**തൃശൂർ**: സംസ്ഥാനത്ത് ലക്ഷക്കണക്കിന് വരുന്ന ഓട്ടോറിക്ഷാ തൊഴിലാളികളുടെ നടുവൊടിക്കുന്ന രീതിയിൽ വർദ്ധിപ്പിച്ച 2 രൂപ അധിക സെസ് പിൻവലിക്കുകയും പെട്രോളിയം ഉല്പന്നങ്ങളെ ജിഎസ്ടിയിൽ ഉൾപ്പെടുത്തി ഈ തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതുതിരുവെങ്കിടം സർക്കാരിനോട് ആവശ്യപ്പെട്ടു. തൃശൂർ ജില്ലാ ഓട്ടോറിക്ഷാ മസ്ദൂർ സംഘം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിയൻ ജില്ലാ പ്രസിഡന്റ് ബിജു കാവിലക്കാട് അധ്യക്ഷത വഹിച്ചു. ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ.എൻ. മോഹനൻ, യൂണിയൻ ജനറൽ സെക്രട്ടറി എം.കെ. ഉണ്ണികൃഷ്ണൻ, എ.സി. കൃഷ്ണൻ, ബി.എം.എസ്. ജില്ലാ ഖജാൻജി വിപിൻ മംഗലം, യൂണിയൻ ജില്ലാ ഖജാൻജി കെ.എ. മാത്യൂസ്, സെക്രട്ടറി സജിത്ത് എരുമപ്പെട്ടി, രാജഗോപാൽ ചേലക്കര, പ്രമോദ് പി.ബി., ഗിരീഷ് കൈപ്പറമ്പ് എന്നിവർ പ്രസംഗിച്ചു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് - വിപിൻ മംഗലം, ജനറൽ സെക്രട്ടറി - ബിജു കാവിലക്കാട്, ട്രഷറർ - കെ.എ. മാത്യൂസ്, വൈസ് പ്രസിഡന്റുമാർ - രാജഗോപാൽ ചേലക്കര, പ്രമോദ് പി.ബി. ഗിരിജൻ തൃശൂർ, തമ്പി കൊടുങ്ങല്ലൂർ, സെക്രട്ടറിമാർ സജിത്ത് എരുമപ്പെട്ടി, ഗിരീഷ് കൈപ്പറമ്പ്, ജയേഷ് നാട്ടിക, യൂനസ് ചാവക്കാട്.

# ജീവനക്കാരെ ഭയപ്പെടുത്തി നിശബ്ദരാക്കാൻ സർക്കാർ ശ്രമം

**തിരുവനന്തപുരം:** സർക്കാർ നയങ്ങളെ വിമർശിച്ചാൽ സർവീസിൽനിന്നും പിരിടച്ചുവിടാനുള്ള രീതിയിൽ ചട്ടം ഭേദഗതി ചെയ്യാനുള്ള നീക്കം ഭരണഘടനാ വിരുദ്ധമാണെന്ന് ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാറും ജനറൽ സെക്രട്ടറി പി.എസ്. ഗോപകുമാറും പറഞ്ഞു. ശമ്പളമൊഴികെ ജീവനക്കാരുടെ മറ്റ് ആനുകൂല്യങ്ങളെല്ലാം നിഷേധിക്കുന്ന സമീപനമാണ് പിണറായി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സർക്കാരിന്റെ വഞ്ചനാപരമായ നിലപാടിൽ ജീവനക്കാരും അധ്യാപകരും, പെൻഷൻകാരും പൂർണ്ണമായും അസംതൃപ്തിയിലാണ്.

സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ജീവനക്കാരുടെ പ്രതിഷേധം ഉയരുമെന്നത് മുന്നിൽ കണ്ടാണ് പിരിച്ചുവിടുമെന്ന ഭീഷണി ഉയർത്തി നിശബ്ദരാക്കാൻ സർക്കാർ ശ്രമം ആരംഭിച്ചിരിക്കുന്നത്. സർക്കാർ നയങ്ങളെ വിമർശിക്കാൻ ഒരു പൗരനെന്ന നിലയിൽ ജീവനക്കാർക്കും അവകാശമുണ്ടെന്ന വിധിന്യായങ്ങൾ നിലനിൽക്കുമ്പോഴാണ് അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ നിലപാട് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്.

കേന്ദ്രസർക്കാരിന്റെ നയങ്ങളെ വിമർശിക്കാൻ ഇടത് സംഘടനാ പ്രവർത്തകർക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്ന പിണറായി സർക്കാർ വിമർശനങ്ങളെ ഭയന്ന് ജീവനക്കാരെ ഭയപ്പെടുത്തിയും ഭീഷണിപ്പെടുത്തിയും വരുതിയിലാക്കാൻ ശ്രമിക്കുന്നത് അപഹാസ്യമാണ്.

ജീവനക്കാരുടെയും സർവ്വീസ് പെൻഷൻകാരുടെയും അവകാശങ്ങൾ നിഷേധിക്കുന്ന സമീപനമാണ് സർക്കാർ തുടരുന്നതെങ്കിൽ ശക്തമായ പ്രതിഷേധവുമായി ജീവനക്കാരും പെൻഷൻകാരും തെരുവിലിറങ്ങുമെന്നും ഫെറ്റോ നേതാക്കൾ അറിയിച്ചു.

# ഭീഷണിക്കു വഴങ്ങില്ല: ഫെറ്റോ

**തൃശൂർ:** സർക്കാരിന്റെ തെറ്റായ നയങ്ങളെ വിമർശിക്കുകയോ ചൂണ്ടിക്കാട്ടുകയോ ചെയ്താൽ സർവ്വീസിൽനിന്നും പിരിച്ചുവിടുമെന്ന രീതിയിൽ ചട്ടം ഭേദഗതി ചെയ്യാനുള്ള നീക്കം ഭരണഘടനാ വിരുദ്ധമാണെന്ന് ഫെഡറേഷൻ ഓഫ് എംപ്ലോയീസ് & ടീച്ചേഴ്സ് ഓർഗനൈസേഷൻ (ഫെറ്റോ) ജില്ലാ പ്രസിഡന്റ് കെ.കെ. ഗിരീഷ് കുമാറും, സെക്രട്ടറി ജയൻ പൂമംഗലവും പറഞ്ഞു. നിരന്തരം വ്യാജ വാർത്തകൾ സൃഷ്ടിച്ച് പ്രധാനമന്ത്രിയെയും കേന്ദ്ര സർക്കാരിനെയും വിമർശിക്കുന്നത് അഭിപ്രായ സ്വാതന്ത്ര്യമാണെന്ന് വാദിക്കുന്നവരുടെ തനിനിറം ഇപ്പോൾ പുറത്തായെന്നും ഫാസിസ്റ്റ് ഭീഷണിക്കു മുന്നിൽ ഫെറ്റോ വഴങ്ങില്ലെന്നും ഇവർ പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.

# പെൻഷൻ കുടിശ്ശിക ഉടൻ വിതരണം ചെയ്യണം

**തൃശ്ശൂർ:** നിർമ്മാണ ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ കൈപ്പറ്റി കൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകാനുള്ള ഏഴുമാസത്തെ കുടിശ്ശിക ഓണത്തിന് മുമ്പ് വിതരണം ചെയ്യണമെന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് ബോർഡിൽനിന്നും റിട്ടയർമെന്റ് ആയ തൊഴിലാളികൾക്ക് ബോർഡിൽ അടച്ച അംശദായതുകയും പെൻഷനും വിതരണം ചെയ്യണമെന്നും കേരള പ്രദേശ് നിർമ്മാണ തൊഴിലാളി ഫെഡറേഷൻ (ബി.എം.എസ്.) സംസ്ഥാന പ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണൻ ആവശ്യപ്പെട്ടു. ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് സംഘ് ജില്ലാ സമ്മേളനം തൃശൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ പ്രസിഡന്റ് കെ.കെ. തിലകൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സി.കെ. പ്രദീപ് സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ്, ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം, കെ.എസ്. സൂര്യൻ, പി.എസ്. സന്ദീപ്, കെ. രാമനാഥൻ എന്നിവർ പ്രസംഗിച്ചു.

# എറണാകുളം സെൻട്രൽ ഉപമേഖലാ സമ്മേളനം

**എറണാകുളം:** ഭാരതീയ മസ്ദൂർസംഘം എറണാകുളം സെൻട്രൽ ഉപമേഖലാ സമ്മേളനം ബി.എം.എസ്. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വ്യവസായ നഗരമായ എറണാകുളത്ത് വ്യവസായ പുരോഗതിക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എൽ. ഗോപാലകൃഷ്ണ കമ്മത്ത് അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ഇ.ജി. ജയപ്രകാശ്, ജില്ലാ ജോ. സെക്രട്ടറി പി.വി. റെജി, എറണാകുളം മേഖലാ പ്രസിഡന്റ് ആർ. മാധവദാസ്, ട്രഷറർ ടി.വി. ശ്രിജിൻലാൽ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി എം. മനോജ് (പ്രസിഡന്റ്), പി.എസ്. ദിനിൽകുമാർ ടി.എൻ. ബാബു (വൈസ് പ്രസിഡന്റ്) എൽ. ഗോപാലകൃഷ്ണ കമ്മത്ത് (സെക്രട്ടറി), റ്റി.എൻ. സുരേന്ദ്രൻ, പി. എക്സ്. സിമി (ജോ. സെക്രട്ടറി), ആർ.പി. രാജേഷ് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

## കൊല്ലങ്കോട് പഞ്ചായത്ത് സമ്മേളനം

ഭാരതീയ മസ്ദൂർ സംഘം കൊല്ലംകോട് പഞ്ചായത്ത് സമ്മേളനം സംസ്ഥാന ഖജാൻജി സി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് കെ. രാജൻ അധ്യക്ഷത വഹിച്ചു.

സി. പരമേശ്വരൻ, വി. മോഹനൻ വെള്ളനാറ, വി. കൃഷ്ണൻകുട്ടി, ആർ. വിനീഷ്, എം. ചൊകലിംഗം, ആർ. മനോജ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് ഭാരവാഹികളായി. പ്രസിഡന്റ് കെ. രാജൻ കൊല്ലംകോട്, വൈസ്പ്രസിഡന്റുമാർ വി. കൃഷ്ണൻകുട്ടി, എ. മുരുകൻ, ശ്രീദേവി മോഹനൻ സെക്രട്ടറിയായി വി. മോഹനൻ വെള്ളനാറ, ജോ. സെക്രട്ടറിമാർ സി. സുരേഷ്, ആർ. വിനീഷ്, എ. സുമ ഖജാൻജിയായി എം. ചൊകലിംഗം എന്നിവരെ തെരഞ്ഞെടുത്തു.

## യൂണിയൻ വാർഷിക സമ്മേളനം

**പാലക്കാട്:** സ്വകാര്യ ബസ്സ്, ലോറി മേഖലയിലെ ജീവനക്കാരുടെ കാലഹരണപ്പെട്ട ഫെയർ വേജസ് പുതുക്കി നിശ്ചയിക്കണമെന്ന് കേരളാ പ്രദേശ് പ്രൈവറ്റ് ബസ്സ് & ഹെവിവെഹിക്കിൾ മസ്ദൂർ ഫെഡറേഷൻ ജനറൽ സെക്രട്ടറി വി.എൻ. രവീന്ദ്രൻ ആവശ്യപ്പെട്ടു. പാലക്കാട് ജില്ലാ പ്രൈവറ്റ് ബസ്സ് & ഹെവിവെഹിക്കിൾ മസ്ദൂർ സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എൻ. സുബ്രഹ്മണ്യൻ അധ്യക്ഷത വഹിച്ചു. ഫെഡറേഷൻ സെക്രട്ടറി എം.എം. വത്സൻ, യൂണിയൻ സെക്രട്ടറി കെ. സുധാകരൻ, വി. രാധാകൃഷ്ണൻ, സതീഷ് എന്നിവർ സംസാരിച്ചു.

## കള്ള് വ്യവസായ തൊഴിലാളികൾക്ക് അംഗീകരിച്ച വേതനം നൽകണം

**പാലക്കാട്:** ജില്ലയിലെ കള്ള് വ്യവസായ തൊഴിലാളികൾക്ക് ഐആർസി പ്രകാരമുള്ള വേതനം നടപ്പിലാക്കണമെന്ന് പാലക്കാട് ഡിസ്ട്രിക്ട് മദ്യവ്യവസായ മസ്ദൂർ സംഘം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ടോഡി ഫെഡറേഷൻ ജനറൽ സെക്രട്ടറി സി. ഗോപകുമാർ ആവശ്യപ്പെട്ടു.

വർഷങ്ങളായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ അനുവദിക്കണമെന്ന് ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി വി. ശിവദാസും ആവശ്യപ്പെട്ടു. ഫെഡറേഷൻ ഭാരവാഹിയായ എ.ഡി. ഉണ്ണികൃഷ്ണൻ, യൂണിയൻ പ്രസിഡന്റ് വി. മണികണ്ഠൻ, ജനറൽ സെക്രട്ടറി സി. രാജാമണി, ജില്ലാ ഭാരവാഹികളായ ആർ. കണ്ണൻ, മണി മണ്ണാർക്കാട്, ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. യൂണിയൻ പ്രസിഡന്റായി വി. മണികണ്ഠൻ, ജനറൽ സെക്രട്ടറിയായി സി. രാജാമണി എന്നിവരെ സമ്മേളനം തെരഞ്ഞെടുത്തു.

# പൊതുഗതാഗതത്തിന് പ്രാധാന്യം നല്കണം

പാലക്കാട്: പൊതുജനാരോഗ്യത്തിനും പൊതുവിദ്യാഭ്യാസത്തിനും കൊടുക്കുന്ന പ്രധാന്യം പൊതുഗതാഗതത്തിനും നല്കാൻ സർക്കാർ തയ്യാറാവണമെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് കെ. രാജേഷ് ആവശ്യപ്പെട്ടു. പാലക്കാട് യൂണിറ്റ് ജനറൽബോഡി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിറ്റ് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സംസ്ഥാനസെക്രട്ടറി പി.കെ. ബൈജു, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ്കൃഷ്ണൻ, ജില്ലാസെക്രട്ടറി ടി.വി. രമേഷ്കുമാർ, യൂണിറ്റ് സെക്രട്ടറി എൽ. രവിപ്രകാശ് എന്നിവർ സംസാരിച്ചു. യൂണിറ്റ് സെക്രട്ടറിയായി എം. മുരുകേശനെ യോഗം ഐക്യകണ്ഠേന തെരഞ്ഞെടുത്തു.

# കർഷക തൊഴിലാളികളുടെ ആനുകൂല്യം ജീവിച്ചിരിക്കുമ്പോൾ ലഭ്യമാക്കണം

**പാലക്കാട്**: കർഷക തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ജീവിച്ചിരിക്കുമ്പോൾ ലഭ്യമാക്കണമെന്ന് കേരള സംസ്ഥാന കർഷക തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി വി.ബി. സത്യനാഥ് ആവശ്യപ്പെട്ടു. പാലക്കാട് ജില്ലാ കർഷക മസ്ദൂർ സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ പ്രസിഡന്റ് ആർ. സുരേഷ് അധ്യക്ഷം വഹിച്ചു. എസ്. അമർനാഥ്, വി. മാധവൻ, ആർ. സുബാഷ് എന്നിവർ സംസാരിച്ചു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ്-ആർ. സുരേഷ് വൈസ് പ്രസിഡന്റുമാർ-കെ. ആർ. രാജൻ, കെ. കൃഷ്ണൻ, കെ.എസ്. പൊൻമല. ജനറൽ സെക്രട്ടറി-എസ്. അമർനാഥ്, ജോയിന്റ് സെക്രട്ടറിമാർ - കെ. കെ. ചന്ദ്രൻ, കെ.ശശികുമാർ, രാജി. ട്രഷറർ-ആർ. സുബാഷ്.




**പാലക്കാട് ജില്ലാ അസംഘടിത തൊഴിലാളി സംഘം വാർഷിക സമ്മേളനം ഫെഡറേഷൻ സംസ്ഥാന ട്രഷറർ സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്യുന്നു.**

# സംസ്ഥാന സർക്കാരിന്റെ പിടിപ്പ്കേട് വ്യവസായ മേഖലയെ തകർക്കുന്നു

**പാലക്കാട്:** കേരള സർക്കാരിന്റെ പിടിപ്പുകേട് കൊണ്ടാണ് വ്യവസായ തളർച്ചയ്ക്ക് പ്രധാന കാരണമെന്ന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ അഭിപ്രായപ്പെട്ടു. പാലക്കാട് ഡിസ്ട്രിക്ട് എഞ്ചിനീയറിംഗ് ആന്റ് ഇൻഡസ്ട്രീസ് മസ്ദൂർ സംഘം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഞ്ചിക്കോട് വ്യവസായ മേഖലയെ സംരക്ഷിക്കാൻ സർക്കാരിന് ഒരു പദ്ധതിയും മുന്നോട്ട് വെക്കാനില്ല. സർക്കാരിന്റെ അനാസ്ഥയ്ക്കെതിരെ ശക്തമായ പ്രക്ഷോഭങ്ങൾക്ക് ബി.എം.എസ്. നേതൃത്വം നല്കുമെന്നും അദ്ദേഹം പറഞ്ഞു. ജനറൽ സെക്രട്ടറി പി.ജി. ശശിധരൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വ്യവസായ മേഖലയെ സംരക്ഷിക്കാൻ നയം രൂപീകരിക്കണമെന്നും, തൊഴിൽ വകുപ്പ് ഉണർന്നു പ്രവർത്തിക്കണമെന്നും കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഇഎസ്ഐ സൂപ്പർ സെപ്ഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്ന പ്രമേയങ്ങൾ സമ്മേളനത്തിൽ പാസ്സാക്കി.

ബി.എം.എസ്. ജില്ലാ സെക്രട്ടറി വി. രാജേഷ്, ബി.എം.എസ്. സംസ്ഥാന സമിതി അംഗം പി. കെ. രവീന്ദ്രനാഥ്, സി. ഗോപാലകൃഷ്ണൻ, ആർ. ഹരിദാസൻ എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി പി. കെ. രവീന്ദ്രനാഥ് (പ്രസിഡന്റ്), വിനോദ് മണി, കെ. രാഹുൽ, കെ. രമ്യ (വൈസ് പ്രസിഡണ്ടുമാർ), വി. രാജേഷ് (ജനറൽ സെക്രട്ടറി), പി. രമേഷ്, ആർ. ശ്യാംരാജ്, പി. സുശീല (ജോ. സെക്രട്ടറിമാർ), ആർ. ഗിരീഷ് കുമാർ (ഖജാൻജി) എന്നിവരെ തെരഞ്ഞെടുത്തു.




**പാലക്കാട് ജില്ലാ എഞ്ചിനീയറിംഗ് ആന്റ് ഇൻഡസ്ട്രീസ് മസ്ദൂർ സംഘം വാർഷിക സമ്മേളനം ബി.എം.എസ് സംസ്ഥാന സെക്രട്ടറി അഡ്വ: പി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.**

# ക്ഷേമബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കണം

**പാലക്കാട്:** ഓട്ടോറിക്ഷ തൊഴിലാളികൾക്ക് സർക്കാർ പ്രഖ്യാപിച്ച സ്കാറ്റേഡ് വിഭാഗം ക്ഷേമപദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് കേരളാ പ്രദേശ് ഓട്ടോറിക്ഷാ മസ്ദൂർ ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ.എൻ. മോഹനൻ ആവശ്യപ്പെട്ടു. ബി. സത്യരാജ് അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറി വി. ശിവദാസൻ, വൈസ് പ്രസിഡന്റ് എസ്. രാജേന്ദ്രൻ എന്നിവർ സംസാരിച്ചു. സി. സുന്ദരൻ സ്വാഗതവും, കെ. ശശികുമാർ നന്ദിയും പറഞ്ഞു. ഭാരവാഹികളായി എസ്. ബദരിനാഥ് പ്രസിഡന്റ്, വി. ശിവദാസൻ ജനറൽ സെക്രട്ടറി, സി. സുന്ദരൻ ഖജാൻജിയായും തെരഞ്ഞെടുത്തു.

# തൊഴിലാളികളുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം അവസാനിപ്പിക്കണം

**കാസർകോട്:** ഔഷധവിതരണരംഗത്തെ സാങ്കേതികവൽകരണം മറയാക്കി തൊഴിലാളികളുടെ സ്വകാര്യതയിലേക്കുള്ള കമ്പനികളുടെ കടന്ന്കയറ്റം അവസാനിപ്പിക്കണമെന്ന് ബി.എം.എസ്.ആർ.എയുടെ പതിനാലാം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. ഉൽപന്നങ്ങൾ പ്രമോട്ട് ചെയ്യാൻ ഡോക്ടർമാരെ കാണാൻ പോകുമ്പോൾ സ്പോട്ട് റിപ്പോർട്ടിങ്ങിന്റെ പേരിൽ കാണാൻ പോകുന്ന ഡോക്ടറെ ടാഗിങ് ചെയ്ത് ലൊക്കേഷൻ ഓൺ ചെയ്യണം. ഇത് തൊഴിലാളികളുടെ സ്വകാര്യത വെളിപ്പെടുത്താൻ നിർബന്ധിക്കുന്നതാണ്. പല ഡോക്ടർമാരും ഇത്തരം ഇലക്ട്രോണിക് ഡിവൈസുകൾ അനുവദിക്കാത്തതും ജോലിയെ സാരമായി ബാധിക്കുന്നു. തുച്ഛമായ വരുമാനത്തിലാണ് ഇപ്പോൾ തൊഴിലാളികൾ ജോലി ചെയ്യുന്നത്. മിനിമം വേതനം 25,000 രൂപയാക്കി മാറ്റണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കോവിഡിനെ മറയാക്കി ആശുപത്രി മാനേജുമെന്റുകൾ കൊണ്ടുവന്ന നിയന്ത്രണങ്ങൾ പിൻവലിച്ച് മെഡിക്കൽ റപ്രസെന്റേറ്റീവ്സിന് തൊഴിലെടുക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. സർക്കാർ ആശുപത്രികളിലെയും തൊഴിൽ എടുക്കാൻ കഴിയാത്ത സാഹചര്യം മാറ്റാൻ സർക്കാർ തയ്യാറാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

കാസർകോട് ടൗൺഹാളിൽ അഡ്വ. പി. സുഹാസ് നഗറിൽ നടന്ന സമ്മേളനം ബി.എം.എസ്. ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.കെ. വിജയകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്ര




**ബി.എം.എസ്.ആർ.എ. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കാസർഗോഡ് നഗരത്തിൽ നടന്ന ഘോഷയാത്ര.**



കെ. ഉപേന്ദ്രൻ
പ്രസിഡന്റ്



എ.പി.അജിത്കുമാർ
ജനറൽസെക്രട്ടറി



യു.ഉമേഷ്കൃഷ്ണൻ
ട്രഷറർ

സിഡന്റ് കെ. ഉപേന്ദ്രൻ അ ധ്യക്ഷനായി.

സ്വാഗതസംഘം ചെയർമാൻ ഡോ. വെങ്കിടഗിരി, ആർ. എസ്.എസ്. കാസർകോട് ജില്ലാ കാര്യവാഹ് പവിത്രൻ കെ.കെ. പുറം, ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ, കാസർകോട് ജില്ലാ പ്രസിഡന്റ് വി.വി. ബാലകൃഷ്ണൻ, സെക്രട്ടറി ഗോവിന്ദൻ മടിക്കൈ, ബി.എം.എസ്.ആർ.എ. സംസ്ഥാന ജനറൽ സെക്രട്ടറി എ.പി. അജിത് കുമാർ, വൈസ് പ്രസിഡന്റുമാരായ അനീഷ് കുമാർ, കെ. സുരേഷ് കുമാർ, സെക്രട്ടറിമാരായ മഹേഷ് കുമാർ, സി. സുരേഷ്, എം.പി. രഞ്ജിത്ത് ശങ്കർ തുടങ്ങിയവർ സംസാരിച്ചു.

ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ.മഹേഷ് സമാപന പ്രഭാഷണം നടത്തി. സമ്മേളനത്തോടനുബന്ധിച്ച് കാസർകോട് നഗരത്തിൽ പ്രകടനം നടന്നു.

# വിംസ് യൂണിറ്റ് വാർഷിക സമ്മേളനം

**കൽപ്പറ്റ :** കേരള ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് (ബി.എം.എസ്.) വിംസ് മെഡിക്കൽ കോളേജ് യൂണിറ്റ് വാർഷിക സമ്മേളനം ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റും യൂണിയൻ ജില്ലാ പ്രസിഡന്റുമായ അഡ്വ. വവിത എസ്. നായർ ഉദ്ഘാടനം ചെയ്തു.

നമ്പർ വൺ കേരളത്തിൽ ആതുരസേവനരംഗത്ത് ജോലി ചെയ്യുന്ന ഡോക്ടർമാർക്കും ജീവനക്കാർക്കും ജീവന് ഭീഷണി നേരിടുകയാണ്. യാതൊരുവിധ സുരക്ഷിതത്വവും ഇവർക്ക് ഇല്ലെന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഹൗസ് കീപ്പിംഗ് വിഭാഗം മുതൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഏറെ യാതനയും ജോലിഭാരവും പേറുന്നവരാണ്. സേവനത്തിനാനുപാതികമായ വേതനം ഇവർക്ക് ലഭിക്കുന്നില്ല. അതിനായി സർക്കാർ ഇടപെടണമെന്നും അവർ പറഞ്ഞു. സുരേഷ് ബാബു എ. അധ്യക്ഷനായിരുന്നു. ബി.എം.എസ്.




**കേരള ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് വിംസ് മെഡിക്കൽ കോളേജ് യൂണിറ്റ് വാർഷിക സമ്മേളനം യൂണിയൻ വയനാട് ജില്ലാ പ്രസിഡന്റ് അഡ്വ: വവിത എസ് നായർ ഉദ്ഘാടനം ചെയ്യുന്നു.**

ജില്ലാ പ്രസിഡന്റും യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറിയുമായ പി.കെ. മുരളീധരൻ, ബി.എം.എസ് ജില്ലാ വൈസ് പ്രസിഡന്റ് പി.ആർ. സുരേഷ്, എം. രാജപ്പൻ, എം. സതീഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

ഭാരവാഹികളായി സുരേഷ് ബാബു എ. (പ്രസിഡന്റ്), ബി. ദുരൈരാജ്, സന്ധ്യ സി., അഖിൽ കൃഷ്ണ (വൈസ് പ്രസിഡണ്ടുമാർ), എം. രാജപ്പൻ (സെക്രട്ടറി), സതീഷ് കുമാർ സി, സതീഷ് കുമാർ എം. (ജോയിന്റ് സെക്രട്ടറിമാർ), സുശാന്ത് ടി.യു. (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# സ്വകാര്യ ബസ് വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കണം

**തൃശൂർ**: കേരളത്തിലെ ജനങ്ങൾക്ക് യാത്ര സൗകര്യം ഒരുക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് സ്വകാര്യ ബസ് മേഖല. നാൽപതിനായിരത്തോളം സ്വകാര്യ ബസ്സുകൾ സർവീസ് നടത്തിയിരുന്ന കേരളത്തിൽ ഇന്ന് പതിനായിരത്തോളം ബസ്സുകൾ ആണ് സർവീസ് നടത്തിവരുന്നത്. ഇന്ധനം സബ്സിഡി വഴി നൽകി കൊണ്ടും ടാക്സ് ഇളവ് നൽകിയും വ്യവസായത്തെ സംരക്ഷിക്കണമെന്ന് ഹെവി മോട്ടോർ ഫെഡറേഷൻ പ്രസിഡന്റ് എ.സി. കൃഷ്ണൻ സർക്കാരിനോട് ആവശ്യപ്പെട്ടു. തൊഴിലാളികൾക്ക് ഫെയർ വേജസ് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും അത് തൊഴിലാളികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ ലേബർ ഡിപ്പാർട്ട്മെന്റും സർക്കാരും പരാജയപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. മോട്ടോർ എഞ്ചിനീയറിംഗ് മസ്ദൂർ സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ പ്രസിഡന്റ് എം.എം. വത്സൻ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ജില്ലാ പ്രസിഡന്റ് വിനോദ്, യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറി കെ. ഹരീഷ്, ജയൻ കോലാരി, അജിത് ഗോഷ്, ശ്രീവാസ് എന്നിവർ സംസാരിച്ചു.

പുതിയ ഭാരവാഹികളായി എം.എം. വത്സൻ - പ്രസിഡന്റ്, ജയൻ കോലാരി, ബെന്നി ചാലക്കുടി, അജിത് ഘോഷ്, സന്തോഷ് ചേലക്കര, സജീവ് സെവൻസീസ്, രാജു, മുരളി പീച്ചി - വൈസ്പ്രസിഡന്റുമാർ. കെ. ഹരീഷ് - ജനറൽ സെക്രട്ടറി. ശ്രീവാസ്, എ.സി. കണ്ണൻ, ഇ.വി. ഷിബു, മനോഹരൻ തൃശൂർ, ടി.ജി. സിജോ - സെക്രട്ടറിമാർ. മോഹൻ തൃശൂർ - ഖജാൻജി. എന്നിവരെ തെരഞ്ഞെടുത്തു.

## യാത്രയയപ്പ് നല്കി



**കാസറഗോഡ്:** 30 വർഷത്തെ സേവനം പൂർത്തിയാക്കി ചുമട്ടുതൊഴിലിൽനിന്നു വിരമിച്ച കാസർഗോഡ് കൃഷ്ണാ ഹാർഡ് വെയറിലെ ശശിധരൻ മാന്നിപാടിക്ക് ഹെഡ് ലോഡ് & ജനറൽ മസ്ദൂർസംഘം ബി.എം.എസ്. ജെ പുൾ യൂണിറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ യാത്രയയപ്പ് നല്കി.

## ആരോഗ്യപ്രവർത്തകയെ ആദരിച്ചു



**തൃശൂർ:** ഏറ്റവും മികച്ച നേഴ്സിനുള്ള അവാർഡ് കരസ്ഥമാക്കിയ ചെങ്ങാല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ നേഴ്സ് ചന്ദ്രികയെ ബി.എം.എസ്. പുതുക്കാട് മേഖല കമ്മിറ്റി ആദരിച്ചു. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് പൊന്നാടയണിയിച്ചു. മേഖല പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവർ ചേർന്ന് മൊമെന്റോ നല്കി. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ്, എം. തുളസീദാസ്, ഉണ്ണി പുതിയേടത്ത്, അഡ്വ. ഒ.കെ. ജയരാജ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

# തൊഴിലിടങ്ങളിലെ അരക്ഷിതത്വം നാടിനു നാണക്കേട് – സ്മൃതി ഇറാനി

**തിരുവനന്തപുരം:** വിദ്യാസമ്പന്നരെന്നഭിമാനിക്കുന്ന കേരളത്തിലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അരക്ഷിതത്വമനുഭവിക്കേണ്ടിവരുന്നത് നാണക്കേടാണെന്ന് കേന്ദ്ര വനിതാ-ശിശുക്ഷേമവകുപ്പ് മന്ത്രി സ്മൃതി ഇറാനി പറഞ്ഞു. തൊഴിലിടങ്ങളിൽ പോലീസ് സാന്നിധ്യത്തിൽപോലും സ്ത്രീകൾ കൊല്ലപ്പെടുന്നു. ഡോ. വന്ദനയുടെ കൊലപാതകം ഞെട്ടിപ്പിക്കുന്നതായും അവർ പറഞ്ഞു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി കേന്ദ്രസർക്കാർ കേരളത്തിന് ഫണ്ട് മുടങ്ങാതെ നൽകുന്നുണ്ട്. കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉറപ്പിക്കാൻ കേന്ദ്രസർക്കാർ മൂവ്വായിരം കോടി രൂപയോളം നല്കി. കേരളത്തിൽ സ്ത്രീതൊഴിലാളികൾ ഏറെ ജോലിചെയ്യുന്ന കാർഷിക കെട്ടിടനിർമ്മാണ മേഖലയിൽ കൂടുതൽ ശിശു പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് കേന്ദ്രം സംസ്ഥാനത്തിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കേരളത്തിൽ 33000 അങ്കനവാടികളിൽ സൂപ്പർവൈസർ തസ്തികകളിൽ 13 ശതമാനം തൊഴിലവസരങ്ങൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതു നികത്തണമെന്ന് കേന്ദ്രം സംസ്ഥാനത്തോട് നിർദ്ദേശിച്ചിട്ടുണ്ട്.

ജനങ്ങളുടെ ഉന്നമനത്തേക്കാൾ പാർട്ടിയുടെ ഉന്നമനമാണ് ഇടത് സർക്കാറിന് പ്രാധാന്യം. 39531-ൽ പരം പെൺകുട്ടികൾ അങ്കണവാടിക്ക് പുറത്തായിരുന്നത് ആധാർ കർശനമാക്കിയതുമൂലം 15658 ആക്കി കുറയ്ക്കാൻ സാധിച്ചു. വിദ്യാഭ്യാസ പദ്ധതിക്ക് പുറത്തായ കുട്ടികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാറിന് പരിഗണനയില്ല. അങ്കണവാടികൾ ഡിജിറ്റലൈസ് ചെയ്യാൻ കേന്ദ്രം സംസ്ഥാനത്തിന് നിർദ്ദേശിച്ചശേഷമുള്ള അവസ്ഥയാണിത് - കേന്ദ്രമന്ത്രി പറഞ്ഞു.




**ഭാരതീയ ജ്യോതിഷ വിചാര സംഘം കൊല്ലം ജില്ലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീകുമാർ പെരിനാട് ഉദ്ഘാടനം ചെയ്യുന്നു.**

# പുരസ്കാരങ്ങൾ നൽകി

**കൊല്ലം:** ഭാരതീയ ജ്യോതിഷ വിചാരസംഘം കൊല്ലം ജില്ലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീകുമാർ പെരിനാട് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് കുഴിപ്പള്ളി എൻ. കൃഷ്ണൻ നമ്പൂതിരി അധ്യക്ഷനായി.

വരാഹമിഹിരാചാര്യ പുരസ്കാരം ജി. നിത്യാനന്ദ റാവുവിനും വാസ്തുശ്രേഷ്ഠാ പുരസ്കാരം പെരിനാട് ഗോപകുമാറിനും, തന്ത്രശ്രേഷ്ഠ പുരസ്കാരം വെളിനെല്ലൂർ എസ്. ഗണപതി പോറ്റിക്കും, ശാന്തി ശ്രേഷ്ഠാ പുരസ്കാരം ജി. ലാൽ ശാന്തി മങ്ങാടിനും നൽകി.

തൃപ്പനയം ക്ഷേത്ര കമ്മിറ്റി പ്രസിഡന്റ് സി.കെ. ചന്ദ്രബാബു, ബി.എം.എസ്. ജില്ലാ സെക്രട്ടറി ആർ. അജയകുമാർ, സംസ്ഥാന ട്രഷറർ ആർ. സോമശേഖരൻ പിള്ള, ഗിരീഷ് ജി, കെ. രഘു ജ്യോത്സ്യർ, ഋഷികേശ് സുഭാഷ്, സുദർശൻ ശങ്കരമഠം എന്നിവർ സംസാരിച്ചു.

# സ്മാർട്ട്മീറ്റർ: ആശങ്കകൾ പരിഹരിച്ച് നടപ്പിലാക്കണം

**എറണാകുളം:** വൈദ്യുതി ഉപഭോക്താക്കൾക്കും തൊഴിലാളികൾക്കും ഒരുപോലെ ഗുണകരമാകുന്ന സ്മാർട്ട്മീറ്റർ പദ്ധതി ആശങ്കകൾ പരിഹരിച്ച് ഉടൻ നടപ്പാക്കണമെന്ന് കെവിഎംഎസ് സ്റ്റേറ്റ് കമ്മറ്റി ആവശ്യപ്പെട്ടു. വൈദ്യുതി മേഖലയുടെ വികസനത്തിനായുള്ള കേന്ദ്രസർക്കാർ പദ്ധതികൾ രാഷ്ട്രീയ വിരോധംമൂലം നടപ്പിലാക്കാതെ, കോടികളുടെ കേന്ദ്രഫണ്ട് നഷ്ടപ്പെടുത്തുന്ന കേരള സർക്കാർ തൊഴിലാളികളെയും പൊതുജനങ്ങളെയും വഞ്ചിക്കുകയാണെന്ന് കേരള വൈദ്യുതി മസ്ദൂർസംഘം സംസ്ഥാന സമിതി ആരോപിച്ചു.

വൈദ്യുതി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും തസ്തികകൾ വെട്ടിക്കുറക്കുകയും പ്രമോഷനുകൾ തടഞ്ഞുവെയ്ക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാർ നടപടിയിൽ യോഗം പ്രതിഷേധിച്ചു.

എറണാകുളത്ത് തൊഴിലാളി പഠന ഗവേഷണകേന്ദ്രത്തിൽവച്ച് നടന്ന സംസ്ഥാന സമിതി അഖില ഭാരത വിദ്യുത് മസ്ദൂർ മഹാസംഘ് ജനറൽ സെക്രട്ടറി എ. രാജ്മുരുകൻ ഉദ്ഘാടനം ചെയ്ത.

കെ.വി.എം.എസ്സ് സംസ്ഥാന പ്രസിഡന്റ് കെ.വി. മധുകുമാർ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ് മുഖ്യപ്രഭാഷണം നടത്തി. ഗിരീഷ് കുളത്തൂർ, വി.ആർ. അനിൽ, പി.പി. സജീവ് കുമാർ, പി.എസ്. മനോജ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

## ലിവിങ് വേതനം നടപ്പാക്കണം



**ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് തൃശ്ശൂർ ജില്ലാ സമ്മേളനം ഫെഡറേഷൻ പ്രസിഡന്റ് ഇ.ജി.ജയപ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.**

**തൃശൂർ:** കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെയും അനുബന്ധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് മതിയായ വേതനം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണമെന്ന് കേരള പ്രദേശ് ഹോസ്പിറ്റൽ ഫെഡറേഷൻ പ്രസിഡന്റ് ഇ.ജി. ജയപ്രകാശ് സർക്കാരിനോട് ആവശ്യപ്പെട്ടു. കേരള ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് (ബി.എം.എസ്.) വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2013-ന് ശേഷം ഈ മേഖലയിൽ സർക്കാർ മിനിമം വേജസ് പ്രഖ്യാപിച്ചുവെങ്കിലും ആയത് കോടതി ഇടപെടുത്തിയതിന്റെ ഭാഗമായി സ്റ്റേ ചെയ്തിരിക്കുന്നു. ഈ നടപടി സർക്കാരും ഉടമകളും തമ്മിലുള്ള ഒത്തുകളിയുടെ ഫലമായിട്ടാണ് എന്ന് അദ്ദേഹം ആരോപിച്ചു. ആരോഗ്യ പരിപാലന രംഗത്ത് അതിപ്രധാനമായ സ്വകാര്യ ആശുപത്രി മേഖലയെ സംരക്ഷിക്കണമെന്നും ജീവനക്കാരുടെ സുരക്ഷിതത്തിന് വേണ്ടി നിയമനിർമ്മാണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. യോഗത്തിൽ കെ. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാപ്രസിഡന്റ് കെ.വി. വിനോദ്, ജില്ലാസെക്രട്ടറി സേതു തിരുവെങ്കിടം, യൂണിയൻ ജനറൽസെക്രട്ടറി എ.സി. കൃഷ്ണൻ, യൂണിയൻ ഭാരവാഹികളായ കെ. രാമനാരായണൻ, വി.ജി. സുമ, വിനയചന്ദ്രൻ, ബാബു, രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

പ്രസിഡന്റ്: കെ.വി. വിനോദ്. വൈസ്പ്രസിഡന്റ്മാർ: കെ. രാമചന്ദ്രൻ, വിനയചന്ദ്രൻ, ബേബി കുട്ടി, ദിവ്യ വിനയൻ. ജനറൽസെക്രട്ടറി: എ.സി. കൃഷ്ണൻ. ജോയിന്റ് സെക്രട്ടറിമാർ: സുമ വി.ജി., ബാബു വെസ്റ്റ് ഫോർട്ട് ഹൈടെക്, പ്രസാദ് സുധർമ്മ, രാജൻ വി.കെ. ട്രഷറർ: കെ. രാമനാരായണൻ എന്നിവരടങ്ങുന്ന 41 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

# കരിദിനം ആചരിച്ചു

**ശാസ്താംകോട്ട:** സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ സർക്കാർ പൂർത്തീകരിച്ചത് വഞ്ചനയുടെ രണ്ട് വർഷക്കാലമാണെന്ന് ദേശീയ അധ്യാപകപരിഷത്ത് (എൻടിയു) സംസ്ഥാന പ്രസിഡന്റ് പി.എസ്. ഗോപകുമാർ പറഞ്ഞു. പോരുവഴി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപക പരിശീലന കേന്ദ്രത്തിന് മുന്നിൽ ഉപജില്ലാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉപജില്ലാ പ്രസിഡന്റ് ഡോ. സി. സുശീൽകുമാർ അധ്യക്ഷനായി. ജില്ലാ ജോയിന്റ് സെക്രട്ടറി ആർ. ഹരികൃഷ്ണൻ, ഉപജില്ലാ സെക്രട്ടറി ഗിരീഷ്. എസ്. എന്നിവർ സംസാരിച്ചു.

### എൻ. ജി. ഒ. സംഘ്

**തൃശ്ശൂർ:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷിക ദിനമായ മെയ് 20 എൻ.ജി.ഒ. സംഘ് കരിദിനമായി ആചരിച്ചു. കലക്ട്രേറ്റിലേക്ക് നടത്തിയ മാർച്ചും ധർണ്ണയും സംസ്ഥാന ജോയിന്റ് സെക്രട്ടറി വി. വിശ്വകുമാർ ഉദ്ഘാടനം ചെയ്തു. നീതി നിഷേധം തുടർന്നാൽ അവകാശങ്ങൾ സംരക്ഷിക്കാൻ പണിമുടക്ക് അടക്കമുള്ള അതിശക്തമായ പ്രക്ഷോഭങ്ങൾക്ക് എൻ.ജി.ഒ. സംഘ് നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് പ്രശാന്ത് കളരിക്കൽ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ജയൻ പൂമംഗലം, ഫെറ്റോ ജില്ലാ പ്രസിഡന്റ് കെ.കെ. ഗിരീഷ് കുമാർ, കെ.ജി.ഒ. സംഘ് ജില്ലാ സെക്രട്ടറി എം.കെ. നരേന്ദ്രൻ, രാജീവ് തകപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു. കെ.കെ. സതീശൻ, മഞ്ജുള സുനിൽ, ടി.എ. സുഗുണൻ, എം. രാജഗോപാൽ തുടങ്ങിയവർ നേതൃത്വം നൽകി.

---

# ഫെയർ വേജസ് പുതുക്കി നിശ്ചയിക്കണം

**കോഴിക്കോട് :** 2017-ൽ ഫെയർ വേജസ്സ് നടപ്പിലാക്കി എങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും പുതുക്കി നൽകാത്തത് പ്രതിഷേധാർഹമാണ്. ആയതിനാൽ ഫെയർ വേജസ് അടിയന്തിരമായി നിശ്ചയിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് പ്രൈവറ്റ് ബസ്സ് & ഹെവി വെഹിക്കിൾസ് മസ്ദൂർ സംഘം (ബി.എം.എസ്.) യൂണിയൻ 7-ാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എ.സി. കൃഷ്ണൻ ആവശ്യപ്പെട്ടു.

ജില്ലാ സെക്രട്ടറി കെ. ഷിനോജ് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് വി.കെ. ദേവദാസ് അധ്യക്ഷം വഹിച്ചു. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് പി. ശശിധരൻ, വൈസ് പ്രസിഡന്റ് കെ. സുരേഷ് കുമാർ, യൂണിയൻ ജനറൽ സെക്രട്ടറി രവി എരഞ്ഞിക്കൽ - എന്നിവർ സംസാരിച്ചു.

# തയ്യൽ തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തണം

**എറണാകുളം:** തയ്യൽ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് തയ്യൽ തൊഴിലാളി സംഘം ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ. ജയൻ ആവശ്യപ്പെട്ടു. എറണാകുളം ജില്ല തയ്യൽ തൊഴിലാളി സംഘം ജില്ലാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

യൂണിയൻ ജില്ലാ പ്രസിഡന്റ് സംഗീത രമീഷ് അധ്യക്ഷത വഹിച്ച യോഗത്തിൽ ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറിമാരായ എം.പി പ്രദീപ്കുമാർ, അഡ്വ. പത്മപ്രിയ, ബി.എം.എസ്. ജില്ലാ ഉപാധ്യക്ഷൻ ഇ.ജി. ജയപ്രകാശ്, വി.ജി. ബിജു എന്നിവർ സംസാരിച്ചു. താഴെ പറയുന്നവരെ പുതിയ ഭാരവാഹികളായി തിരഞ്ഞെടുത്തു. കെ.എസ്. ശ്യാംജിത്ത് (പ്രസിഡന്റ്), സജിത്ത് ബോൾഗാട്ടി (ജനറൽ സെക്രട്ടറി), വി.ജി. ബിജു (ട്രഷറർ).

# പൊതുമേഖലാ സെമിനാർ

**എറണാകുളം:** ജി-20യ്ക്ക് കീഴിൽ രാജ്യത്ത് നടക്കാൻ പോകുന്ന ആദ്യ ലേബർ-20 (എൽ-20) മീറ്റിന് മുന്നോടിയായി ഭാരതീയ മസ്ദൂർ സംഘം എറണാകുളം ജില്ലാ കമ്മിറ്റി പൊതുമേഖലാ സെമിനാർ നടത്തി. എറണാകുളത്ത് തൊഴിലാളി പഠന പരിശീലന ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ച സെമിനാർ ബി.എം.എസ്. ദേശീയ സംഘടനാ സെക്രട്ടറി ബി. സുരേന്ദ്ര ഉദ്ഘാടനം ചെയ്തു.

ജി-20 രാജ്യങ്ങളിലെ ട്രേഡ് യൂണിയൻ കേന്ദ്രങ്ങളുടെ നേതാക്കളും പ്രതിനിധികളും ഉൾപ്പെടുന്ന തൊഴിൽ സംബന്ധിയായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, വിശകലനം ചെയ്യുന്നതിനും നയ നിർദ്ദേശങ്ങൾ നൽകുന്ന വേദിയായിരിക്കും എൽ-20യെന്ന് അദ്ദേഹം പറഞ്ഞു. ആഗോള സാമ്പത്തിക ഉൽപ്പാദനത്തിന്റെ 80% ഉള്ള ജി-20 അംഗ രാജ്യങ്ങൾ ആഗോള ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗവും ഉൾക്കൊള്ളുന്നതിനാൽ, ഈ സാഹചര്യത്തിൽ നടക്കുന്ന തൊഴിൽ വർദ്ധനയെക്കുറിച്ചുള്ള ആലോചനയ്ക്ക് കാര്യമാത്രമായ പ്രസക്തിയുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്ത് ഈ പരിപാടി സംഘടിപ്പിക്കുന്നതിനും എൽ-20യുടെ ചെയർമാൻ സ്ഥാനം അലങ്കരിക്കുവാനും ബി.എം.എസിന് ലഭിച്ച അവസരവും രാജ്യത്തെ തൊഴിലാളികൾക്കിടയിൽ ബി.എം.എസിന്റെ വ്യക്തമായ സ്വാധീനത്തെയാണ് പ്രകടമാക്കുന്നതെന്ന് സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ. വിനോദ് കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ ബി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത്ത്, സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ, ബി.എം.എസ്. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് തുടങ്ങിയവർ സംസാരിച്ചു.

# ഭാഗ്യക്കുറി തൊഴിലാളി സംഘ് ജില്ലാ സമ്മേളനം

**കണ്ണൂർ:** കേരളത്തിന്റെ സമ്പദ്ഘടനയെ നിലനിർത്തുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ബി.എം.എസ്. ജില്ലാ പ്രസിഡന്റ് സി.വി. തമ്പാൻ സർക്കാരിനോട് ആവശ്യപ്പെട്ടു. ജില്ലാ ഭാഗ്യക്കുറി തൊഴിലാളി സംഘ് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ ജനറൽ സെക്രട്ടറി പി.വി. പുരുഷോത്തമൻ സ്വാഗതം പറഞ്ഞു. ജില്ലാ പ്രസിഡന്റ് പി.പി. പ്രേമൻ അധ്യക്ഷത വഹിച്ചു. വനജ രാഘവൻ, പി.കെ. രാജൻ എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി പി.പി. പ്രേമൻ (പ്രസിഡന്റ്) പി.കെ. രാജൻ (ജനറൽ സെക്രട്ടറി), പി.രമേശൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



കണ്ണൂർ ജില്ലാ ഭാഗ്യക്കുറി തൊഴിലാളി സംഘ് ജില്ലാ സമ്മേളനം ബി.എം.എസ് ജില്ലാ പ്രസിഡണ്ട് സി.വി തമ്പാൻ ഉദ്ഘാടനം ചെയ്യുന്നു.

# അഴിമതി അന്വേഷിക്കണം

**പാലക്കാട്:** കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിയിരിക്കുകയാണെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി പി.കെ. ബൈജു ആരോപിച്ചു. കെ.എസ്.ആർ.ടി.സി.യിൽ 100 കോടിയുടെ അഴിമതി നടന്നുവെന്ന് നിലവിലെ എം.ഡി. ബിജു പ്രഭാകറും സർക്കാർ നേതൃത്വം നൽകുന്ന അഴിമതിയാണ് കെ.എസ്.ആർ.ടി.സി.യിൽ നടക്കുന്നതെന്ന് മുൻ എം.ഡി. ഹേമചന്ദ്രൻ അദ്ദേഹത്തിന്റെ ആത്മകഥയിലൂടെ വെളിപ്പെടുത്തിയിട്ടും ഗുരുതരമായ ഈ ആരോപണങ്ങൾ അന്വേഷിക്കാൻ സർക്കാർ തയ്യാറാവാത്തത് സംശയം ജനിപ്പിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യെ ഇല്ലാതാക്കാനുള്ള സർക്കാർ ശ്രമത്തിന്റെ ഭാഗമായി ഇതിനെ കാണണമെന്നും അദ്ദേഹം പറഞ്ഞു.

സർവ്വീസ് യോഗ്യമായ രണ്ടായിരത്തോളം ബസുകൾ കൂട്ടിയിട്ട് നശിപ്പിക്കുന്നതിനെതിരെ സംഘടന നടത്തിയ ശക്തമായ പ്രതിഷേധത്തെ തുടർന്ന് സർവ്വീസിനയക്കാൻ തീരുമാനിച്ചെങ്കിലും അതിലെ പല പാർട്ടുകളും കാണാനില്ല എന്ന എം.ഡി. ആരോപണമുന്നയിച്ചെങ്കിലും കുറ്റക്കാരെ കണ്ടെത്താനോ നടപടിയെടുക്കാനോ ഇതുവരെ തയ്യാറാവാത്തതും അഴിമതിയുടെ ഭാഗമായി കാണണം. ഏഷ്യയിലെ ഏറ്റവും മികച്ച ബോഡിബിൽഡിംഗ് സെന്ററായ കെ.എസ്.ആർ.ടി.സി.യുടെ പാപ്പനംകോട് വർക്ക്ഷോപ്പ് നിർത്തലാക്കി ബോഡി വർക്ക് പുറത്ത് നൽകുന്നതും അഴിമതിയുടെ ഭാഗമാണെന്ന് അദ്ദേഹം പറഞ്ഞു.

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2023 മാർച്ച്,ഏപ്രിൽ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 18-06-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| Sl. No. | സെന്റർ | ലിങ്കിങ് ഫാക്ടർ | വിലസൂചിക അടിസ്ഥാനവർഷം: 2011-12=100 2023 മാർച്ച് | വിലസൂചിക അടിസ്ഥാനവർഷം: 2011-12=100 2023 ഏപ്രിൽ | വിലസൂചിക അടിസ്ഥാനവർഷം: 1998-99=100 2023 മാർച്ച് | വിലസൂചിക അടിസ്ഥാനവർഷം: 1998-99=100 2023 ഏപ്രിൽ |
|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 2.11 | 194 | 194 | 409 | 409 |
| 2. | കൊല്ലം | 2.09 | 188 | 188 | 393 | 395 |
| 3. | പുനലൂർ | 2.10 | 191 | 191 | 401 | 401 |
| 4. | പത്തനംതിട്ട | 2.03 | 202 | 204 | 410 | 414 |
| 5. | ആലപ്പുഴ | 2.05 | 194 | 195 | 398 | 400 |
| 6. | കോട്ടയം | 2.08 | 198 | 200 | 412 | 416 |
| 7. | മുണ്ടക്കയം | 2.17 | 191 | 192 | 414 | 417 |
| 8. | ഇടുക്കി | 1.97 | 190 | 192 | 374 | 378 |
| 9. | എറണാകുളം | 2.03 | 191 | 192 | 388 | 390 |
| 10. | ചാലക്കുടി | 2.00 | 208 | 210 | 416 | 420 |
| 11. | തൃശൂർ | 1.87 | 200 | 203 | 374 | 380 |
| 12. | പാലക്കാട് | 2.09 | 186 | 188 | 389 | 393 |
| 13. | മലപ്പുറം | 2.00 | 191 | 192 | 382 | 384 |
| 14. | കോഴിക്കോട് | 2.02 | 199 | 201 | 402 | 406 |
| 15. | വയനാട് | 1.93 | 192 | 195 | 371 | 376 |
| 16. | കണ്ണൂർ | 2.02 | 199 | 201 | 402 | 406 |
| 17. | കാസർഗോഡ് | 2.05 | 202 | 203 | 414 | 416 |

# പെൻഷൻ വർദ്ധിപ്പിക്കണം

**ആലപ്പുഴ** : മദ്യ വ്യവസായ മസ്ദൂർ സംഘ് ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം ഫെഡറേഷൻ പ്രസിഡന്റ് പി.എസ്. ശശി ഉദ്ഘാടനം ചെയ്തു. ഈ മേഖലയിൽ തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും വ്യവസായത്തേയും സംരക്ഷിക്കണമെന്നും 5000രൂപ എങ്കിലും പെൻഷൻ അനുവദിക്കണമെന്നും അദ്ദേഹം പറഞ്ഞു. മദ്യ വ്യവസായ മസ്ദൂർ സംഘ് പ്രസിഡന്റ് കെ. കൃഷ്ണൻ കുട്ടി അധ്യക്ഷത വഹിക്കുകയും ജനറൽ സെക്രട്ടറി ഗോപകുമാർ റിപ്പോർട്ടും ഖജാൻജി സിനുരാജ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു.

**പുതിയ ഭാരവാഹികൾ**

സി. ഗോപകുമാർ പ്രസിഡന്റും പി. യശോദരൻ ജനറൽ സെക്രട്ടറിയും സുനിൽകുമാർ എസ്സ് ചെങ്ങന്നൂർ ഖജാൻജിയുമായിട്ടുള്ള 21 അംഗ ഭരണസമിതിയേയും തെരഞ്ഞെടുത്തു.




**മദ്യ വ്യവസായ മസ്ദൂർ സംഘം ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം ഫെഡറേഷൻ പ്രസിഡന്റ് പി.എസ്.ശശി ഉദ്ഘാടനം ചെയ്യുന്നു.**

# ടെക്സ്റ്റൈൽ ഷോപ്പുകളിൽ നിന്നും സെസ്സ് പിരിക്കണം

**പാലക്കാട്**: സംസ്ഥാനത്ത് സ്ത്രീ തൊഴിലാളികൾ ഏറ്റവും കൂടുതൽ അംഗങ്ങളായിട്ടുള്ള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഇന്ന് പരിതാപകരമാണെന്നും അംഗ തൊഴിലാളികൾക്ക് ബോർഡ് ഇന്ന് നൽകുന്ന ആനുകൂല്യങ്ങൾ പരിഷ്കൃത സമൂഹത്തിന് യോജിക്കുന്നതല്ലെന്നും കേരള പ്രദേശ് തയ്യൽ മസ്ദൂർ ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ. ജയൻ പറഞ്ഞു.പാലക്കാട് ജില്ലാ തയ്യൽ തൊഴിലാളി സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ പ്രസിഡന്റ് വി.കെ. സുജാത അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ സെക്രട്ടറി വി. രാജേഷ്, ജില്ലാ പ്രസിഡന്റ് സലീം തെന്നിലാപുരം, ജില്ലാ ജോ. സെക്രട്ടറി വി. മാധവൻ, യൂണിയൻ ജനറൽ സെക്രട്ടറി കെ. രാജേഷ്, എം.വി. പുഷ്പലത, ടി.പി. സിന്ധു, എസ്. അജീഷ് എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു. പ്രസിഡന്റ് - വി.കെ. സുജാത, ജനറൽ സെക്രട്ടറി സലിം തെന്നിലാപുരം, ട്രഷറർ - ദിവ്യ സുരേഷ്.

**ചെറിയനാട്:**

ആലപ്പുഴ ജില്ലാ തയ്യൽ തൊഴിലാളി സംഘം ജില്ലാ വാർഷിക സമ്മേളനം ചെറിയനാട് എൻ.എസ്.എസ്. കരയോഗം ഹാളിൽവെച്ച് നടന്നു. സമ്മേളനം ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. ജയൻ ഉദ്ഘാടനം ചെയ്തു. തയ്യൽ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നും, അംശാദായം 50 രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യത്തിലും കാലാനുസൃതമായ വർദ്ധനവു വരുത്താൻ ബോർഡും സർക്കാരും തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യൂണിയൻ ജില്ലാ പ്രസിഡന്റ് ബി. രാജശേഖരൻ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറിമാരായ ദേവദാസ് എൻ., ടി.സി. സുനിൽകുമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി. യൂണിയൻ ജനറൽ സെക്രട്ടറി അനിയൻ സ്വാമിച്ചിറ സംഘടനാ റിപ്പോർട്ടും, ട്രഷറർ ഡി.വി. അജിത് കുമാർ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു.

ഭാരവാഹി പ്രഖ്യാപനവും സമാപന പ്രഭാഷണവും ബി.എം.എസ്. ജില്ലാ സെക്രട്ടറി ബിനീഷ് ബോയ് നടത്തി. രേണുക, സി.എസ്. മനോജ്, ശാന്താനായർ, രശ്മി എന്നിവർ സംസാരിച്ചു.

# കെ.എസ്.ടി. പെൻഷനേഴ്സ് സംഘ് വാർഷിക സമ്മേളനം

**കോഴിക്കോട്** : കെ.എസ്.ടി. പെൻഷനേഴ്സ് സംഘ് ജില്ലാ വാർഷിക സമ്മേളനം കോഴിക്കോട് ബി.എം.എസ്. ഹാളിൽ നടക്കുകയുണ്ടായി.

ജില്ലാ പ്രസിഡന്റ് എം. രവീന്ദ്രൻ അധ്യക്ഷത വഹിക്കുകയും ചെയ്തു. കേരള സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് കോഴിക്കോട് ജില്ലാ ഉപാധ്യക്ഷൻ വി.മോഹനൻ മാസ്റ്റർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാ ഉപാധ്യക്ഷൻ എ. ശശീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. കെ.എസ്.ടി. എംപ്ലോയീസ് സംഘ് ജില്ലാ സെക്രട്ടറി കെ.കെ. വിനയൻ സംസാരിച്ചു.

പെൻഷൻ കൃത്യമായി വിതരണം ചെയ്യുക, പെൻഷൻ വിതരണം സർക്കാർ ഏറ്റെടുക്കുക,പെൻഷൻ പരിഷ്കരണം ഉടൻ നടപ്പിലാക്കുക,സർവീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസില്ലാതെ വിതരണം ചെയ്യുക എന്നീ നാല് പ്രമേയങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് - പി. രാജൻ, വർക്കിങ്ങ് പ്രസിഡന്റ് - എം. രവീന്ദ്രൻ, വൈസ് പ്രസിഡന്റുമാർ - സി. കൃഷ്ണദാസ്, ടി.വി. സേതുമാധവൻ, പി.പി.കരുണാകരൻ. സെക്രട്ടറി - വി.വിജയകൃഷ്ണൻ. ജോ. സെക്രട്ടറിമാർ - പി. ബാലൻ, ഡെറിക് ജയ്സൺ, കെ. രാധാകൃഷ്ണൻ. ഖജാൻജി - ടി. ഉണ്ണികൃഷ്ണൻ, എക്സിക്യൂട്ടീവ് - ടി. ശശിധരൻ, സി. മോഹനദാസ്, വി.കെ. ജിതേന്ദ്രൻ, പി.കെ. ശ്രീധരൻ, എ. ആണ്ടിക്കുട്ടി, ഒ. ശ്രീരാമൻ, കെ.സി. രാജൻ, കെ.സി. വിജയൻ, ഉഷാ ഉണ്ണിമാധവൻ.

കെ.എസ്.ടി. പെൻഷനേഴ്സ് സംഘ് സംസ്ഥാന സെക്രട്ടറി സി. ഗംഗാധരൻ സമാരോപ് പ്രഭാഷണം നടത്തി. വി. വിജയകൃഷ്ണൻ സ്വാഗതവും, ടി. ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.

# വൈദ്യുതി മസ്ദൂർ സംഘം ജില്ലാ കൺവെൻഷൻ

**കണ്ണൂർ**: കേരള വൈദ്യുതി മസ്ദൂർ സംഘ് കണ്ണൂർ ജില്ലാ കൺവെൻഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഗിരീഷ് കുളത്തൂർ ഉദ്ഘാടനം ചെയ്തു. ടി. ഷാനവാസ് സ്വാഗതവും പി.കെ മഹേഷ് നന്ദിയും പറഞ്ഞു. ജില്ലാ പ്രസിഡന്റ് അഡ്വ. കെ.പി. സുരേഷ്കുമാർ അധ്യക്ഷത വഹിച്ചു. റിട്ടയർ ചെയ്യുന്ന പ്രവർത്തകർക്ക് യാത്രയയപ്പും എസ്.എസ്.എൽ.സി. ഉന്നതവിജയികൾക്ക് അനുമോദനവും നടത്തി. യോഗത്തിൽ സി.വി. തമ്പാൻ, എം. വേണുഗോപാൽ, പി. പ്രസാദ്, രമേഷ് കുമാർ ആർ. എസ്, മഹേന്ദ്രരാജ്.കെ.എസ് എന്നിവർ സംസാരിച്ചു.

# സ്വകാര്യ ആശുപത്രി ജീവനക്കാരോടുള്ള അവഗണനയ്ക്കെതിരെ സെക്രട്ടറിയേറ്റ് ധർണ്ണ

**തിരുവനന്തപുരം**: സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് സംസ്ഥാന സർക്കാരിൽനിന്ന് കടുത്ത അവഗണനയാണ് നേരിടേണ്ടിവരുന്നതെന്ന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സി.ജി. ഗോപകുമാർപറഞ്ഞു. ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് നല്കുന്നതിന് തുല്യമായ വേതനം നല്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നഴ്സുമാർക്ക് ഇരുപതിനായിരം രൂപ അടിസ്ഥാന വേതനം നല്കണമെന്ന ഹൈക്കോടതി ഉത്തരവുപോലും ഭൂരിഭാഗം സ്വകാര്യ ആശുപത്രികളും നടപ്പാക്കിയിട്ടില്ല. സ്വകാര്യ ആശുപത്രിയിലെ ജീവനക്കാർക്ക് ജോലിസമയംപോലും കൃത്യമായി നിജപ്പെടുത്താതെ മണിക്കൂറുകൾ തുടർച്ചയായി പണിയെടുക്കേണ്ടുന്ന സ്ഥിതിയാണുള്ളത്. ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം ഉണ്ടായില്ലെങ്കിൽ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രി ജീവനക്കാർ പ്രക്ഷോഭം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് ജില്ലാ പ്രസിഡന്റ് ഗോവിന്ദ് ആർ. തമ്പി അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ. ജയകുമാർ, ഹോസ്പിറ്റൽ എംപ്ലോയീസ് സംഘ് ജില്ലാ ജനറൽ സെക്രട്ടറി എ. മധു, ബി.എം.എസ്. ജില്ലാ ഭാരവാഹികളായ ഡി. കുഞ്ഞുമോൻ, ജയശങ്കർ തുടങ്ങിയവർ സംസാരിച്ചു.

# കുടിശ്ശിക നേടിയെടുക്കാൻ കോടതിയെ സമീപിക്കും

**എറണാകുളം:** വയോജ നങ്ങളായ സർവീസ് പെൻഷൻകാരുടെ തടഞ്ഞുവെച്ച 2 ഗഡു പെൻഷൻ കുടിശ്ശികയും 15% ക്ഷാമബത്ത കുടിശ്ശികയും ഉടൻ അനുവദിക്കാത്ത പക്ഷം ബഹു. കോടതിയെ സമീപിക്കുമെന്ന് സീനിയർ സിറ്റിസൺ സംഘ് സംസ്ഥാന സമിതിയോഗം മുന്നറിയിപ്പ് നൽകി. ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ സഹസംഘടനാ സെക്രട്ടറി എം.പി. രാജീവൻ യോഗം ഉദ്ഘാടനം ചെയ്തു. ടി.ആർ. മോഹനൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.വി. അച്യുതൻ സ്വാഗതം പറഞ്ഞു. ചന്ദ്രൻ നെടുമ്പ്രക്കാട്, പന്തളം രാജേന്ദ്രൻ, കെ. രാധാകൃഷ്ണൻ, വി. സുധാകരൻ എന്നിവർ സംസാരിച്ചു.



**സർവ്വീസിൽ നിന്നും വിരമിക്കുന്ന കെ.രാധാകൃഷ്ണന് കെ.എസ്.ആർ.ടി.സി പാലക്കാട് ഡിപ്പോയിൽ നൽകിയ യാത്രയയപ്പ്.**

# യാത്രയയപ്പ് നൽകി

**പാലക്കാട് :** സ്തുത്യർഹമായ സേവനത്തിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന ഡ്രൈവർ കെ. രാധാകൃഷ്ണന് കെ.എസ്.ടി. എംപ്ലോയീസ് സംഘിന്റെ നേതൃത്വത്തിൽ പാലക്കാട് ഡിപ്പോയിൽ നൽകിയ യാത്രയയപ്പ് ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ ജയകുമാർ ഉദ്ഘാടനം ചെയ്തു.

ക്ലസ്റ്റർ ഓഫീസർ ജോഷി ജോൺ മൊമെന്റോ നൽകി. യൂണിയനെ പ്രതിനിധീകരിച്ച് യൂണിറ്റ് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ പൊന്നാട അണിയിച്ചു. കെ.എസ്.ടി. എംപ്ലോയീസ് സംഘ് ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ് കൃഷ്ണൻ, DE, കെ. സുനിൽ, OD VS, പ്രേമദാസ്, സൂപ്രണ്ട് ബിന്ദു, KSTWU (INTUC) ജില്ലാ പ്രസിഡന്റ് ടി. സന്തോഷ് കുമാർ, ഡ്രൈവേഴ്സ് യൂണിയൻ യൂണിറ്റ് സെക്രട്ടറി പി. ഹരിദാസ്, എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി പി.കെ. ബൈജു, യൂണിറ്റ് ട്രഷറർ എം. മുരുകേശൻ എന്നിവർ സംസാരിച്ചു.

# ആദരാഞ്ജലി

## കെ.മഹേഷിന്റെ പിതാവ് അന്തരിച്ചു.

ബി.എം.എസ്. സംസ്ഥാന സംഘടനാ സെക്രട്ടറി കെ.മഹേഷിന്റെ പിതാവ് മേലെചമ്പാട്കുന്നുമ്മൽ മാധവൻ (86) അന്തരിച്ചു. ഭാര്യ രാധ. മറ്റുമക്കൾ: മനോജ്,മഹിജ,മജീഷ്,മിഥുന. മരുമക്കൾ : പ്രിയ,നീതു, രാധാകൃഷ്ണൻ,സജീവൻ. സഹോദരങ്ങൾ : രാധ, ലീല, പരേതരായ നാരായണൻ,ജാനകി,ലക്ഷ്മി





കെ.ഗോപി
ആർ.എസ്.എസ്. കോഴിക്കോട് വിഭാഗ് കാര്യവാഹക്.



പി.കെ.ബാലൻ
തയ്യൽ തൊഴിലാളി സംഘം കോഴിക്കോട് മുൻ ജില്ലാ സെക്രട്ടറി.



രുഗ്മിണി അമ്മ
മസ്ദൂർഭാരതിപാലക്കാട് ജില്ലാ ഇൻചാർജ് അമർനാഥിന്റെ മാതാവ്



പൂജപ്പുര രവി
പ്രശസ്ത മലയാളം നാടക സിനിമാ നടൻ.

# ഏലൂർ മേഖലാ സമ്മേളനം

**എറണാകുളം** : ഭാരതീയ മസ്ദൂർസംഘം ഏലൂർ മുനിസിപ്പൽ മേഖലാ പ്രസിഡന്റ് ബിനു ജിയുടെ അധ്യക്ഷതയിൽ ഏലൂർ എസ്‌സിഎസ് മേനോൻ ഹാളിൽ നടന്നു. ബി.എം.എസ്. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്തു. രാജ്യത്ത് ഇന്ന് കേരളം ഒഴിച്ച് മറ്റെല്ലാ സംസ്ഥാനങ്ങളും വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തുന്ന കാര്യത്തിൽ ബഹുദൂരം മുൻപന്തിയിലാണ്. എല്ലാ മേഖലകളിലും ഒന്നാം സ്ഥാനത്താണ് എന്ന് വീരവാദം മുഴക്കുന്ന കേരളസർക്കാരിന്റെ വികലമായ വ്യവസായികനയം മൂലം വ്യവസായിക അന്തരീക്ഷം സുസജ്ജമായ കേരളത്തിൽനിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് വ്യവസായങ്ങൾ പറിച്ചുനടുന്ന സാഹചര്യമാണുള്ളതെന്ന് അദ്ദേഹം ആരോപിച്ചു.

മേഖലാ പ്രസിഡന്റ് ടി.ആർ. മോഹനൻ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറി എച്ച്. വിനോദ് സമാപന പ്രസംഗം നടത്തി. മേഖലാ സെക്രട്ടറി കെ.എസ്. ഷിബു മറ്റു മേഖലാ ഭാരവാഹികളായ പി.ബി. മുരളി, എ.ഡി. അനിൽകുമാർ, പി.കെ. സുദർശൻ, പ്രീതി ഉദയൻ, സി.പി. സുജിത്ത് എന്നിവർ പങ്കെടുത്തു.

**പുതിയ ഭാരവാഹികൾ**

പ്രസിഡന്റ് - ബിനു ജി, വൈസ്പ്രസിഡന്റുമാർ - ലൈജു ശിവാനന്ദൻ, പ്രിയ ദിപിൻ, ദിനു ജയൻ. സെക്രട്ടറി - സരുൺകുമാർ. ജോ. സെക്രട്ടറിമാർ - സുജേഷ് കെ.വി., അതുൽകൃഷ്ണ, ആതിര വി.പി. ഖജാൻജി - അഭിലാഷ് എ.സി. എന്നിവരെ തെരഞ്ഞെടുത്തു.

# പെൻഷൻ 3000 രൂപയാക്കണം

**പാലക്കാട്**: മത്സ്യതൊഴിലാളി ക്ഷേമബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കുകയും കാലാനുസൃതമായി ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ തയ്യാറാകണമെന്നും ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറി എം. ഗിരീഷ് ആവശ്യപ്പെട്ടു. പാലക്കാട് ജില്ലാ മത്സ്യതൊഴിലാളി മസ്ദൂർ സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് അദ്ദേഹം ആവശ്യപ്പെട്ടു.

സി. പ്രഭാകരൻ അധ്യക്ഷത വഹിച്ചു. മലമ്പുഴ ഡാം പരിസര പ്രദേശത്ത് മത്സ്യതൊഴിലെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിന് അടിയന്തിരമായി ഗവൺമെന്റ് ഇടപെടണമെന്ന് ബി. ശരത് ആവശ്യപ്പെട്ടു.

ജില്ലാ ജോ. സെക്രട്ടറി വി. ശിവദാസൻ, പി. സുന്ദരൻ തുടങ്ങിയവർ സംസാരിച്ചു. ഭാരവാഹികളായി ബി. സുരേഷ് പ്രസിഡന്റ്, ഇ.എൻ. അനന്തൻ വൈസ് പ്രസിഡന്റ്, വി. ശിവദാസൻ ജനറൽ സെക്രട്ടറി, സി. പ്രഭാകരൻ ജോ. സെക്രട്ടറി, പി. സുന്ദരൻ ഖജാൻജി യായും സമ്മേളനത്തിൽ തെരഞ്ഞെടുത്തു.

# ബി.എം.എസ്സിൽചേർന്നു

**മുംബൈ:** അസംഘടിത തൊഴിലാളി കോൺഗ്രസ് മുൻ പ്രസിഡന്റും ഓൾ ഇന്ത്യ വർക്കേഴ്സ് ട്രേഡ് യൂണിയൻ ദേശീയ ജനറൽ സെക്രട്ടറിയുമായ ജനാർദ്ധനൻ സിംഗും ആയിരക്കണക്കിന് തൊഴിലാളികളും ബി.എം.എസ്സിൽ ചേർന്നു. മുംബൈ ബി.എം.എസ്. ഓഫീസിൽ ചേർന്ന യോഗത്തിൽ അദ്ദേഹത്തോടൊപ്പം പ്രധാന പ്രവർത്തകരും ബി.എം.എസ്സിൽ മെമ്പർഷിപ്പ് എടുത്തു. ബി.എം.എസ്സ്. ക്ഷേത്രീയ സംഘടനാ സെക്രട്ടറി സി.വി രാജേഷ്, ബി.എം.എസ്. സംസ്ഥാന പ്രസിഡണ്ട് അനിൽ ദുമ്നെ, ജനറൽ സെക്രട്ടറി മോഹൻ യെനൂരെ, മുംബൈ ജില്ലാ അദ്ധ്യക്ഷൻ ബാപ്പു ദഡസ്, സെക്രടറി സന്ദീപ് കദം എന്നിവർ ചേർന്ന് സ്വീകരിച്ചു.

# ചുമട്ടുതൊഴിലാളികളുടെ തൊഴിലവകാശം സംരക്ഷിക്കണം

**കൊല്ലം:** ചുമട്ടു തൊഴിലാളി നിയമത്തിൽ ഭേദഗതി വരുത്തി തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ സർക്കാരിനോട് ആവശ്യപ്പെട്ടു. ഭാരതീയ ഹെഡ്‌ലോഡ് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ പ്രസിഡന്റ് എസ്. സുന്ദരൻ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബി.എം.എസ്. ജില്ലാ സെക്രട്ടറി ആർ. അജയൻ, യൂണിയൻ ജനറൽ സെക്രട്ടറി പി. ജയപ്രകാശ്, യൂണിയൻ ഖജാൻജി സി. സജീവ് തുടങ്ങിയവർ സംസാരിച്ചു.

# ചെത്ത് തൊഴിലാളികളെ സംരക്ഷിക്കണം

**തൃശ്ശൂർ** : കേരളത്തിലെ പരമ്പരാഗതമായ കള്ള് ചെത്ത് മേഖലയെയും തൊഴിലാളികളെയും സംരക്ഷിക്കാൻ നയം രൂപീകരിക്കണമെന്ന് കേരള പ്രദേശ് ടോഡി & അബ്കാരി മസ്ദൂർ ഫെഡറേഷൻ ട്രഷറർ വി.എൻ. രവീന്ദ്രൻ ആവശ്യപ്പെട്ടു. തൃശൂർ ജില്ലാ ടോഡി & അബ്കാരി മസ്ദൂർ സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

യൂണിയൻ പ്രസിഡന്റ് എ.സി. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.ബി. സുധീഷ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് കുമാർ, ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം എന്നിവർ പ്രസംഗിച്ചു. യൂണിയൻ ഭാരവാഹികളായ എൻ.എം. രാമകൃഷ്ണൻ, കെ.ബി. ബിനോഷ്, സി.എം. ഗോപാലകൃഷ്ണൻ, എം.ഡി. ധനീഷ്, വി.ഡി. രാജീവ് എന്നിവർ വ്യവസായ അനുബന്ധ പ്രമേയങ്ങൾ അവതരിപ്പിച്ചു. മുരളീധരൻ പി.പി. സ്വാഗതവും എസ്.വി. പ്രേമദാസ് നന്ദിയും പറഞ്ഞു. യൂണിയൻ പ്രസിഡന്റ് എ.സി. കൃഷ്ണൻ, ജനറൽ സെക്രട്ടറി - എം.ബി. സുധീഷ്, ട്രഷറർ - വി. റ്റി. രാജീവ് തുടങ്ങി 8 ഭാരവാഹികളെയും 18 അംഗ പ്രവർത്തകസമിതിയേയും സമ്മേളനം തെരഞ്ഞെടുത്തു.

# ഇടതു സർക്കാർ ക്ഷേത്രാചാരങ്ങളെയും വിശ്വാസത്തെയും തകർക്കുന്നു

**തൃശൂർ:** ക്ഷേത്രാചാരങ്ങളെയും വിശ്വാസത്തെയും വികൃതവൽക്കരിച്ച് ക്ഷേത്രങ്ങളെ തച്ചുതകർത്ത് ക്ഷേത്രസ്വത്തുക്കളും മറ്റും കയ്യടക്കാനുള്ള സമീപനമാണ് കേരളത്തിലെ സർക്കാർ സ്വീകരിക്കുന്നതെന്ന് കേരള ക്ഷേത്ര കാർമിക് സംഘ് സംസ്ഥാന സെക്രട്ടറി വി. ശിവദാസ് ആരോപിച്ചു. ജില്ലാ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്ഷേത്ര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾപോലും ഒരു പതിറ്റാണ്ടായി പുതുക്കി നൽകാൻപോലും സർക്കാർ തയ്യാറാവുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു.

യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റ് സി. വേലായുധൻ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് കെ. വി. വിനോദ്, ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം, രാജേഷ് ശാന്തി, കെ.വി. ശങ്കരൻകുട്ടി, സുരേഷ് നമ്പൂതിരി, ശ്രീകുമാർ ശാന്തി, ദിനേശ് ശാന്തി എന്നിവർ പ്രസംഗിച്ചു.

**ഭാരവാഹികൾ:** പ്രസിഡന്റ് - ദിനേശ് ശാന്തി, വൈസ് പ്രസിഡന്റുമാർ - സി. വേലായുധൻ, ജയരാജ് ശാന്തി, സെൽവൻ ശാന്തി, സെക്രട്ടറി - ടി. ആർ. രാജേഷ്. ജോയിന്റ് സെക്രട്ടറിമാർ - സുരേഷ് നമ്പൂതിരി, സുമേഷ് ശാന്തി, ശ്രീകുമാർ ശാന്തി. ഖജാൻജി - കെ.വി. ശങ്കരൻകുട്ടി.

# മാഹി മേഖലാ സമ്മേളനം

**മാഹി:** രാജ്യത്ത് അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന 50 കോടിയോളം വരുന്ന തൊഴിലാളികൾക്ക് ലിവിങ് വേതനം നടപ്പിലാക്കണമെന്നും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി. ചന്ദ്രശേഖരൻ പറഞ്ഞു.

ബി.എം.എസ്. മാഹി മേഖല സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാഹി സർവ്വീസ് സഹകരണ ബേങ്ക് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ മാഹിയിലെ മുതിർന്ന ഓട്ടോറിക്ഷ തൊഴിലാളികളെ ആദരിക്കുകയും ഓട്ടോറിക്ഷാ തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

സത്യൻ ചാലക്കര അധ്യക്ഷത വഹിച്ചു. ബി.എം.എസ്. കണ്ണൂർ ജില്ലാ പ്രസിഡന്റ് സി.വി. തമ്പാൻ, ജില്ലാ സെക്രട്ടറി എം. വേണുഗോപാൽ, ജില്ലാ ജോ. സെക്രട്ടറിമാരായ എം. പ്രസന്നൻ, രാജൻ കോവൂർ, കെ. പ്രമോദ്, കെ.ടി. സത്യൻ തുടങ്ങിയവർ പ്രസംഗിച്ചു.



**ബി.എം.എസ് മാഹി മേഖലാ ഓഫീസ് ഉദ്ഘാടനം സംസ്ഥാന വൈസ് പ്രസിഡണ്ട് എം.പി. ചന്ദ്രശേഖരൻ നിർവ്വഹിക്കുന്നു.**

# ആഭരണ നിർമ്മാണ തൊഴിലാളികൾ മാർച്ചും ധർണ്ണയും നടത്തി

**എറണാകുളം:** കേരള ആഭരണ നിർമ്മാണ ക്ഷേമനിധിയിൽ ജുവല്ലറി ഉടമകൾ അടയ്ക്കേണ്ടതായ 0.1% സെസ് ഉടൻ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള ആഭരണ നിർമ്മാണ തൊഴിലാളി സംഘം എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ എം.ജി. റോഡിലുള്ള ജോസ്കോ ജുവല്ലറിക്കുമുന്നിൽ പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. കേരള ആഭരണ നിർമ്മാണ തൊഴിലാളി സംഘം സംസ്ഥാന പ്രസിഡന്റ് ദേവു ഉണ്ണി ഉദ്ഘാടനം ചെയ്തു. സെസ് അടയ്ക്കാൻ തയ്യാറാവാത്ത ജുവല്ലറികൾക്കു മുന്നിൽ വരുന്ന അക്ഷയതൃതീയ ദിനത്തിൽ ബി.എം.എസ്. സംസ്ഥാന വ്യാപകമായി പ്രതിഷേധ ധർണ്ണകൾ സംഘടിപ്പിക്കുമെന്ന് യൂണിയൻ സംസ്ഥാന പ്രസിഡന്റ് ദേവു ഉണ്ണി പറഞ്ഞു.

യൂണിയൻ ജില്ലാ പ്രസിഡന്റ് പി.എസ്. ബെന്നി അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട്, ജില്ലാ ജോ. സെക്രട്ടറിമാരായ വി.കെ. അനിൽകുമാർ, പി.വി. റെജിമോൻ, യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറി സജിത്ത് ബോൾഗാട്ടി, കെ.സി. ശബരിഗിരീഷ് തുടങ്ങിയവർ സംസാരിച്ചു.

# കശുവണ്ടി ഫാക്ടറികൾ തുറക്കാൻ നടപടി സ്വീകരിക്കണം

**കൊല്ലം:** പരമ്പരാഗത വ്യവസായങ്ങളുടെ തിരുശേഷിപ്പായി അവശേഷിക്കുന്നതും കൊല്ലം ജില്ലയുടെ ജനസംഖ്യയിൽ 10% തൊഴിലാളികൾ ജോലിചെയ്തുവന്നിരുന്നതുമായ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ആവശ്യപ്പെട്ടു. ബി.എം.എസ്. കൊല്ലം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ സ്ഥാപനമായ ക്യാഷ്യു കോർപ്പറേഷനിലും അഴിമതി കൊടികുത്തിവാഴുകയാണ്. വർഷങ്ങളായി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതു മൂലം ഭൂരിപക്ഷം വരുന്ന സ്ത്രീതൊഴിലാളികളുടെ കുടുംബം പട്ടിണിയിലാണ്. തൊഴിലാളി സർക്കാർ എന്ന് മേനി നടിക്കുന്നതല്ലാതെ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നും അദ്ദേഹം ആരോപിച്ചു.

ജില്ലാ വൈസ്പ്രസിഡന്റ് ബി. ശശിധരൻ പരിമണം അദ്ധ്യക്ഷത വഹിച്ചു. ആർ.എസ്.എസ്. വിഭാഗ് സഹകാര്യവാഹ് ആർ. ജയപ്രകാശ് ആശംസ അർപ്പിച്ചു. ആധുനിക കാലഘട്ടത്തിൽ രാജ്യപുരോഗതിക്കനുസരിച്ച് തൊഴിലാളികൾ തൊഴിൽ ദാതാക്കളായി മാറണമെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാസെക്രട്ടറി ആർ. അജയൻ സംഘടനാ റിപ്പോർട്ടും ഖജാൻജി പി.കെ. സജിലകുമാരി സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. വ്യവസായ നയം പ്രഖ്യാപിച്ച് നടപ്പിലാക്കുക, അസംഘടിത തൊഴിലാളികളെ സംരക്ഷിക്കുക, അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കാൻ നടപടി സ്വീകരിക്കുക തുടങ്ങിയ പ്രമേയങ്ങൾ പാസ്സാക്കി.

സംസ്ഥാന ജന.സെക്രട്ടറി ജി.കെ. അജിത്ത്, സംഘടനാസെക്രട്ടറി കെ, മഹേഷ്, ഡെപ്യൂട്ടി ജന.സെക്രട്ടറി ബി. ശിവജി സുദർശൻ, സംസ്ഥാന സെക്രട്ടറി സി.ജി. ഗോപകുമാർ, ഫെറ്റോ ജന.സെക്രട്ടറി പി.എസ്. ഗോപകുമാർ, ജ്യോതിഷ വിചാരസംഘം സംസ്ഥാന പ്രസിഡന്റ് എൻ. കൃഷ്ണൻ നമ്പൂതിരി, ജില്ലാഭാരവാഹികളായ ഏരൂർ മോഹനൻ, പി. ജയപ്രകാശ്, കെ. ശിവരാജൻ, ആർ.കെ. സുധീഷ് കുമാർ, എസ്. രാജീവ്, ഡി.എസ്. ഉണ്ണി, ബി.എസ്. സന്തോഷ്കുമാർ, ആർ. സനിൽകുമാർ, വി.കെ. റെജി നായർ എന്നിവർ പ്രസംഗിച്ചു.



ബി.എം.എസ്. കൊല്ലം ജില്ലാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു

# ശമ്പളപരിഷ്കരണം മരവിപ്പിച്ച നടപടി പിൻവലിക്കണം

**അങ്ങാടിപ്പുറം:** മലബാർ ദേവസ്വം ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണം മരവിപ്പിച്ച നടപടി പിൻവലിക്കണമെന്ന് ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ആവശ്യപ്പെട്ടു. മലബാർ ദേവസ്വം എംപ്ലോയീസ് സംഘ് സംസ്ഥാന പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

താത്ക്കാലിക ക്ഷേത്രജീവനക്കാരെ സ്ഥിരപ്പെടുത്തുക, ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം നല്കുക തുടങ്ങിയ ആവശ്യങ്ങളും സമ്മേളനം ഉന്നയിച്ചു. മലബാർ ദേവസ്വം എംപ്ലോയീസ് സംസ്ഥാന പ്രസിഡന്റ് പാട്ടം കൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു.

സ്വാഗതസംഘം ചെയർമാൻ എൽ.എം. കദംബൻ നമ്പൂതിരിപ്പാട്, ജനറൽ കൺവീനർ ഗിരി അങ്ങാടിപ്പുറം, ബി.എം.എസ്. സംസ്ഥാനസെക്രട്ടറി അഡ്വ. പി. മുരളീധരൻ, യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുധാകരൻ, യൂണിയൻ സംസ്ഥാന വർക്കിങ് പ്രസിഡന്റ് വി. തങ്കമോഹനൻ, ബി.എം.എസ്. മലപ്പുറം ജില്ലാസെക്രട്ടറി സതീഷ്കുമാർ, ഹിന്ദു ഐക്യവേദി സംസ്ഥാനസെക്രട്ടറി മുരളീധരൻ എന്നിവർ സംസാരിച്ചു.

പ്രസിഡന്റായി പാട്ടം കൃഷ്ണൻ നമ്പൂതിരിയെയും ജനറൽസെക്രട്ടറിയായി കെ. സുധാകരനെയും തിരഞ്ഞെടുത്തു. തങ്കമോഹനനാണ് വർക്കിങ് പ്രസിഡന്റ്.

മറ്റു ഭാരവാഹികൾ: രാധാകൃഷ്ണൻ ഉണ്ണിക്കുളം, എം.ഇ. ഉണ്ണികൃഷ്ണൻ നമ്പൂതിരി, എം.കെ. കേശവൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി, ഉണ്ണികൃഷ്ണൻ (വൈസ്പ്രസിഡന്റ്മാർ), രാഹുൽ, സുബ്രഹ്മണ്യൻ തളി, ശ്രീകുമാർ ഹരിക്കാട്, പി. ഗിരി അങ്ങാടിപ്പുറം, ബി. ശശി കുമാർ പാലക്കാട് (ജോ.സെക്രട്ടറിമാർ), ജഗത് (ഖജാൻജി).




**മലബാർ ദേവസ്വം എംപ്ലോയീസ് സംഘ് സംസ്ഥാന സമ്മേളനം ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.**

# കോമൺ സർവീസ് സെന്റർ സംരംഭകർക്ക് ഇ.എസ്.ഐ. പരിരക്ഷ നല്കണം

**കോട്ടയം:** ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് രണ്ടാം സംസ്ഥാന സമ്മേളനം കോട്ടയം ആർ. വേണുഗോപാൽ സ്മാരക ഓഡിറ്റോറിയത്തിൽ ബി.എം.എസ്. സംസ്ഥാന ഉപാധ്യക്ഷൻ എം.പി. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു.

യൂണിയൻ പ്രസിഡന്റ് കെ. സുധാകരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ജോബുലാൽ വാർഷിക റിപ്പോർട്ടും ട്രഷറർ കെ.പി. പ്രദീപ്കുമാർ വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. സംസ്ഥാന സർക്കാർ സംരംഭകരോടും തൊഴിലാളികളോടും കാണിക്കുന്ന വിവേചനത്തിന് എതിരെയും കോമൺ സർവ്വീസ് സെന്ററുകൾ നേരിടുന്ന അവഗണനക്കെതിരെയും ഭാരതത്തിൽ ആറ് ലക്ഷത്തോളം വരുന്ന സി.എസ്.സി. സംരംഭകരെ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്താനും, സമ്മേളനം പ്രമേയം മൂലം സർക്കാറിനോട് ആവശ്യപ്പെട്ടു. കെ. അനിൽകുമാർ, ഹരികൃഷ്ണൻ, ശ്യാംമോഹൻ എന്നിവർ സംസാരിച്ചു. ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സിബി വർഗീസ് സമാരോപ് പ്രഭാഷണം നടത്തുകയും പുതിയ ഭാരവാഹികളെ പ്രഖ്യാപിക്കുകയും ചെയ്തു. കെ. സുധാകരൻ (പ്രസിഡന്റ്), വി.കെ. അനിൽകുമാർ (വർക്കിംഗ് പ്രസിഡന്റ്) ജോബുലാൽ ടി.ജെ. (ജനറൽസെക്രട്ടറി), പ്രദീപ്കുമാർ കെ.പി. (ട്രഷറർ) എന്നിവർ ഭാരവാഹികളായി 32 അംഗ പ്രവർത്തകസമിതിയും തിരഞ്ഞെടുക്കപ്പെട്ടു.



**ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് രണ്ടാം സംസ്ഥാന സമ്മേളനം ബി.എം.എസ് സംസ്ഥാന ഉപാധ്യക്ഷൻ എം.പി.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.**

# പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണം

**അഹമ്മദാബാദ്:** സർക്കാർ ജീവനക്കാരുടെ മേൽ അടിച്ചേല്പിക്കപ്പെട്ട പങ്കാളിത്ത പെൻഷൻപദ്ധതി പിൻവലിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് സംസ്ഥാനസർക്കാർ ജീവനക്കാരുടെ അഖിലേന്ത്യാ സംഘടനയായ രാഷ്ട്രീയ രാജ്യകർമചാരി മഹാസംഘ് (ആർ.ആർ.കെ.എം.എസ്.) ദേശീയ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽ അഖിലേന്ത്യാ പ്രസിഡന്റ് വിപിൻകുമാർ ധോഗ്ര അദ്ധ്യക്ഷത വഹിച്ചു. ഗുജറാത്ത് മുൻ ആഭ്യന്തര വകുപ്പ് മന്ത്രി ഗോവർദ്ധൻ ജടോപിയ ഉദ്ഘാടനം ചെയ്തു. ഗാന്ധിനഗർ മേയർ ഹിതേഷ് മക്ക്വാന വിശിഷ്ടാതിഥിയായി പങ്കെടുത്തു. അഖിലേന്ത്യാ ജനറൽസെക്രട്ടറി വിഷ്ണു പ്രസാദ് വർമ്മ റിപ്പോർട്ടും ട്രഷറർ അമോദ് ശ്രീവാസ്തവ വരവ്-ചെലവ് കണക്കുകളും അവതരിപ്പിച്ചു.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നതിൽ കേരള, ബംഗാൾ സർക്കാരുകൾ കടുത്ത വിവേചനമാണ് കാണിക്കുന്നതെന്ന് യോഗം കുറ്റപ്പെടുത്തി. കേരളത്തിൽ ഇടതുപക്ഷ സർക്കാർ ഭരിച്ചിട്ടും കഴിഞ്ഞ രണ്ടര വർഷമായി ഡി.എ. അനുവദിക്കാത്തതും ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികകൾ പോലും തടഞ്ഞുവെച്ചത് കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ വഞ്ചനയാണ് കാണിക്കുന്നതെന്നും യോഗം അഭിപ്രായപ്പെട്ടു. പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്ന കാര്യത്തിൽ കേരളസർക്കാർ തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

കേരളത്തിലെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഫെറ്റോ സംഘടനകൾക്ക് ദേശീയതലത്തിൽ അംഗീകാരം നല്കുന്നതിന്റെ ഭാഗമായി ആർ.ആർ.കെ.എം.എസിൽ ഫെറ്റോയ്ക്ക് അംഗത്വം നല്കി. ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ, അഖിലേന്ത്യാ ജനറൽസെക്രട്ടറി വിഷ്ണു പ്രസാദ് വർമ്മയിൽനിന്ന് അംഗത്വം ഏറ്റുവാങ്ങി. കേരളത്തിൽനിന്ന് ആർ.ആർ.കെ.എം.എസ്. അഖിലേന്ത്യാ ഉപാദ്ധ്യക്ഷൻ പി. സുനിൽകുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ. രമേശ്, ജനറൽസെക്രട്ടറി എ. പ്രകാശ് എന്നിവർ ദേശീയ സമിതിയിൽ പങ്കെടുത്തു.

# കൊച്ചിൻപോർട്ട്: തൊഴിലാളിപ്രതിനിധിയെ രഹസ്യബാലറ്റിലൂടെ തെരഞ്ഞെടുക്കണം

**കൊച്ചി:** കൊച്ചി തുറമുഖത്തെ തൊഴിലാളി പ്രതിനിധിയെ രഹസ്യബാലറ്റിലൂടെ തിരഞ്ഞെടുക്കണമെന്ന് കൊച്ചിൻപോർട്ട് എംപ്ലോയീസ് സംഘ് വാർഷികസമ്മേളനം ആവശ്യപ്പെട്ടു. ബി.എം.എസ്. ജില്ലാസെക്രട്ടറി ധനീഷ് നീറിക്കോട് സമ്മേളനം ഉദ്ഘാടനം ചെയ്തു. വേജ് റിവിഷൻ ഉടൻ നടപ്പിലാക്കണമെന്നും ബോണസ് പരിധി ഉയർത്തണമെന്നും നിലവിൽ ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. യൂണിയൻ വർക്കിംഗ് പ്രസിഡന്റ് കെ. വിനോദ്കുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി പി.വി. റെജിമോൻ, യൂണിയൻ ജനറൽസെക്രട്ടറി കെ.കെ. വിജയൻ, ബി.എം.എസ്. കൊച്ചി മേഖലാസെക്രട്ടറി സജിത്ത് ബോൾഗാട്ടി, ശ്യാംസുന്ദർ സി.ഡി. തങ്കച്ചൻ, എൻ.എം. സലീം, ഫ്രാൻസിസ്, രാജേഷ്, അജിത്ത്കുമാർ എന്നിവർ സംസാരിച്ചു.



# സ്വകാര്യ ബസ്സ്, ലോറി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണം

**ആലപ്പുഴ:** ആലപ്പുഴ ജില്ലാ പ്രൈവറ്റ് ബസ്സ് & ഹെവി വെഹിക്കിൾസ് മസ്ദൂർസംഘ് (ബി.എം.എസ്.) ജില്ലാവാർഷിക സമ്മേളനം ബി.എം.എസ്. ജില്ലാ കാര്യാലയ സഭാഗൃഹത്തിൽവച്ച് നടക്കുകയുണ്ടായി. യൂണിയൻ പ്രസിഡന്റ് പി.ബി. പുരുഷോത്തമൻ അധ്യക്ഷത വഹിച്ചു. ഫെഡറേഷൻ ജനറൽസെക്രട്ടറി വി.എൻ. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രൈവറ്റ് ബസ്സ് മേഖലയിലും ലോറികളിലും രാപ്പകൽ വ്യത്യാസം ഇല്ലാതെ കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തുച്ഛമായ വരുമാനമാണ് കിട്ടിക്കൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

യൂണിയൻ ജില്ലാ ഖജാൻജി രതീഷ് വരവ്-ചെലവ് കണക്കും ബി.എം.എസ്. ജില്ലാപ്രസിഡന്റ് ബി. രാജശേഖരൻ സമാരോപ് പ്രഭാഷണവും നടത്തി. യൂണിയൻ സെക്രട്ടറി സന്തോഷ് സ്വാഗതവും രതീഷ്കുമാർ നന്ദിയും പറഞ്ഞു.

പുതിയ പ്രസിഡന്റായി കെ.വി. ശശികുമാർ മാവേലിക്കര, ജനറൽസെക്രട്ടറിയായി ആർ. സന്തോഷ്, ഖജാൻജിയായി രതീഷ് എന്നിവരെ തിരഞ്ഞെടുത്തു.

# സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണം

**കൊച്ചി:** സതേൺ നേവൽ കമാൻഡ് സിവിലിയൻ എംപ്ലോയീസ് ഓർഗനൈസേഷൻ (ബി.എം.എസ്.) കൊച്ചി നാവിക ആസ്ഥാനത്തിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ്ണ ബി.എം.എസ്. ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്തു. കേന്ദ്ര സർക്കാർ ജീവനക്കാരായി 2004 ജനുവരി 1-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ ദുരിതകയത്തിലേക്ക് തള്ളിവിടുന്ന പുതിയ പെൻഷൻപദ്ധതി അടിയന്തിരമായി പിൻവലിക്കണമെന്നും കേന്ദ്ര സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻപദ്ധതി അടിയന്തിരമായി പുനഃസ്ഥാപിക്കുവാൻ സർക്കാർ തയ്യാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. യൂണിയൻ ജില്ലാ പ്രസിഡന്റ് കെ. വിനോദ്കുമാർ അദ്ധ്യക്ഷത വഹിച്ചു. ഭാരതീയ പ്രതിരക്ഷാ മസ്ദൂർസംഘ് ദേശീയ ജോയിന്റ് സെക്രട്ടറി സജികുമാർ എസ്., ബി.എം.എസ്. കൊച്ചി മേഖല സെക്രട്ടറി സജിത്ത് ബോൾഗാട്ടി, ധനീഷ് ഇടക്കൊച്ചി എസ്. രാജേഷ്, പി. സന്തോഷ് എന്നിവർ സംസാരിച്ചു.

# പുലിയൂർ പഞ്ചായത്ത് സമ്മേളനം

**ആലപ്പുഴ** : ബി.എം.എസ്. പുലിയൂർ പഞ്ചായത്ത് സമ്മേളനം സംസ്ഥാനസമിതിയംഗം കെ. സദാശിവൻ പിള്ള ഉദ്ഘാടനം ചെയ്തു. 1955-ൽ രൂപംകൊണ്ട ബി.എം.എസ്. തൊഴിലാളികളുടെയും സാധാരണക്കാരുടെയും അവകാശങ്ങൾക്ക് വലിയ പ്രാധാന്യം നല്കിയതുകൊണ്ടാണ് രാജ്യത്തെ ഒന്നാമത്തെ തൊഴിലാളിസംഘടനയായി ബി.എം.എസിനു വളരാൻകഴിഞ്ഞത് എന്നും, വർത്തമാനകാല സമൂഹം നേരിടുന്ന വെല്ലുവിളികൾ ഒറ്റക്കെട്ടായി നേരിടുന്നതിന് സംഘടനാപ്രവർത്തനം ശക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

മേഖലാപ്രസിഡന്റ് പി.ആർ. രാകേഷ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാജോയിന്റ് സെക്രട്ടറി എൻ. ദേവദാസ് ആശംസ അറിയിച്ചു. സംഘടനാ തിരഞ്ഞെടുപ്പു മേഖലാസെക്രട്ടറി സി.എസ്. മനോജും സമാപനയോഗം കെ.എസ്.ടി.എസ്. ജില്ലാ സെക്രട്ടറി സിജു ജോണും നിർവ്വഹിച്ചു. കെ.ഹരിദാസ്, പി. വിജയൻ, വാർഡ് മെമ്പർമാരായ ലേഖ അജിത്, രാജേഷ് കല്ലംപറമ്പത്ത് തുടങ്ങിയവർ സംസാരിച്ചു. യോഗത്തിൽ ഉന്നതവിജയം നേടിയ എസ്.എസ്.എൽ.സി., പ്ലസ്ടു വിദ്യാർത്ഥികളെ അനുമോദിച്ചു. യോഗം പുതിയ ഭാരവാഹികൾ

പ്രസിഡന്റ്: മോഹനൻപിള്ള, വൈസ്പ്രസിഡന്റ്മാർ: മോഹനൻ, ശ്രീമതി സുജാത, സെക്രട്ടറി: എ.എൻ. ഹരിദാസ്, ജോയിന്റ് സെക്രട്ടറി: മധുകുമാർ, ട്രഷറർ: പൊടിയൻ എന്നിവരെ തെരഞ്ഞെടുത്തു.

# ക്ഷേമപെൻഷനുകൾ കാലതാമസം കൂടാതെ നൽകണം




**ബി.എം.എസ്. പത്തനംതിട്ട ജില്ലാ സമ്മേളനം ദേശീയ നിർവാഹക സമിതിയംഗം കെ.കെ.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

**പത്തനംതിട്ട:** ക്ഷേമനിധി പെൻഷനുകളും സാമൂഹ്യ ക്ഷേമ പെൻഷനുകളും സംസ്ഥാന സർക്കാർ കൃത്യ സമയത്ത് നൽകണമെന്ന് ബി എം എസ് നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ കെ വിജയകുമാർ ആവശ്യപ്പെട്ടു. ബി എം എസ് പത്തനംതിട്ട ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളം സാമ്പത്തിക കുഴപ്പത്തിൽ അകപ്പെട്ടു കിടക്കുമ്പോൾ മുഖ്യമന്ത്രി കുടുംബസമേതം വിദേശ വിനോദ യാത്രയ്ക്ക് പോകുന്നത് അത്യന്തം പ്രതിക്ഷേധാർഹമാണെന്ന് അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ എസ് ആർ ടി സി യെ സർക്കാരും സി പ് എം ഉം ചേർന്ന് തകർത്തുകൊണ്ടിരിക്കുകയാണെന്നും സർക്കാർ ഉദ്യോഗം മോഹിച്ച് മത്സര പരീക്ഷ എഴുതി ജോലിക്കു കയറിയ ജീവനക്കാർ ആശങ്കയിലാണെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. ബി എം എസ് പത്തനംതിട്ട ജില്ലാ പ്രസിഡന്റ് എം കെ അരവിന്ദൻ അദ്ധ്യക്ഷത വഹിച്ചു.

ബി എം എസ് സംസ്ഥാന ജനറൽ സെക്രട്ടറി ജി കെ അജിത് ,ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി ശിവജി സുദർശൻ, സംസ്ഥാന സെക്രട്ടറിമാരായ ജി സതീഷ്കുമാർ, കെ വി മധുകുമാർ, സംസ്ഥാന സംഘടനാ സെക്രട്ടറി കെ മഹേഷ്കുമാർ, ജില്ലാ സെക്രട്ടറി എ കെ ഗിരീഷ്, ജില്ലാ നേതാക്കളായ യമുനദേവി, സോണി സത്യൻ എന്നിവർ സംസാരിച്ചു കെ ജി അനിൽകുമാർ സ്വാഗതവും, ആർ അരുൺകുമാർ കൃതജ്ഞതയും രേഖപ്പെടുത്തി.

### ഭാരവാഹികൾ

ജില്ലാ പ്രസിഡന്റായി ഹരികുമാർ ചുട്ടിയിൽ,വൈസ് പ്രസിഡന്റുമാരായി കെ ജി അനിൽകുമാർ ,രാജൻ പള്ളിക്കൽ,കെ ജി സുരേന്ദ്രൻ സോണി സത്യൻ,യമുനാ ദേവി, സെക്രട്ടറിയായിഎ കെ ഗിരീഷ്, ജോ:സെക്രട്ടറിമാരായി വി.രാജൻ പിള്ള,കെ എൻ സതീഷ്കുമാർ,എം ബി ബിജുകുമാർ, കൃഷ്ണകുമാരി പി പിള്ള ,ട്രെഷറർ ആയി ആർ അരുൺ കുമാർ എന്നിവരെ തെരഞ്ഞെടുത്തു.

## മസ്ദൂർ ഭാരതി അറിയിപ്പ്

**സാങ്കേതികമായ കാരണങ്ങളാൽ കഴിഞ്ഞ ലക്കം മസ്ദൂർഭാരതി സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. മെയ് 25 വരെ മേൽവിലാസം ലഭ്യമായ എല്ലാ വരിക്കാർക്കും മെയ് ലക്കം ഇതിനകം അയച്ചിട്ടുണ്ട്. ജൂൺ ലക്കം ജൂലായ് 5ന് ഓൺലൈനായി മാത്രമേ പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളൂ.**

**ആയത് പരിഗണിച്ചുകൊണ്ട് 16 പേജ് വർദ്ധിപ്പിച്ച് ജൂൺ, ജൂലായ് ലക്കങ്ങൾ 68 പേജ് ആയിട്ടാണ് ഇത്തണ അച്ചടിച്ചിരിക്കുന്നത്. സാങ്കേതിക കാരണങ്ങൾ മൂലമുണ്ടായ ഈ പ്രതിസന്ധി തിരിച്ചറിഞ്ഞ് വായനക്കാർ സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.**

**മാനേജർ**